വിശുദ്ധ കുർബാനയെപ്പറ്റി



ഒ. അയ്യനേത്ത്

www.malankaralibrary.com



MALANKARA
LIBRARY

www.malankaralibrary.com

Personal Library
Fr. G. CHEDIATH

വിശുദ്ധ കുർബാനയെപ്പറ്റി

www.malankaralibrary.com

Malayalam
Visudha Kurbanayeppatti
by **Rev, Prof. O. AYYANETH**
Clergy Home,
Kesavadasapuram,
Pattom P. O.,
Thiruvananthapuram-695 004
First published September 1992
Rekha printers
Vadayakkadu, Thiruvananthapuram-695 037
Price Rs. 22/-
Copy right by the Author.

Pro Uus Privato

www.malankaralibrary.com

വി. കുർബാനയെപ്പറ്റി

ഒ. അപ്പനേത്ത്

തിരുവനന്തപുരം-4
സെപ്തംബർ 1992

www.malankaralibrary.com

ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1. ഭിക്ഷു (നാടകം)
2. ഞാനും വരുന്നു (,,)
3. പോർവിളി (മാർക്സിസം: അപഗ്രഥനം)
4. മാർക്സിസം റഷ്യയിൽ
5. കല കമ്മ്യൂണിസ്റ്റു റഷ്യയിൽ
6. മതവും കമ്മ്യൂണിസവും
7. ഗാനങ്ങളും അലയടിക്കുന്നു
8. ആന്ദ്രേജീദ് (ജീവചരിത്രം)
9. തുള്ളുന്നകൈരളി (കവിതാ സമാഹാരം)
10. അപാരേ കാവ്യസംസാരേ (സാഹിത്യനിരൂപണം)
11. മാർ ഇവാനിയോസ് (ബാലെ)
12. പഞ്ചരത്നബാലെ
13. പ്രവാചകൻ സംസാരിക്കുന്നു
14. ത്രിതദർശനം കുർബാനയിലൂടെ
15. ആദ്ധ്യാത്മികതയുടെ നേർവര

ഉടൻ പ്രസിദ്ധീകരിക്കുന്നു

1. പ്രവാചകന്മാർ

(ഗവേഷണപരമായ ബൃഹദ്ഗ്രന്ഥം)

2. ഹാശാ നമസ്കാരവും ശുശ്രൂഷകളും

www.malankaralibrary.com

ഉള്ളടക്കം

വി. കുർബാന പരിത്രാണമാദ്ധ്യമം
യഹോവയുടെ പദ്ധതികൾ
''ഒരിക്കൽമാത്രം''—ആവർത്തനം.
മെൽക്കീസദേക്കിന്റെ ക്രമം.
വി. കുർബാന അസ്സൽബലി:

സ്തോത്രം: (ആരാധന)
സമാധാനം: (പാപമോചനം)
അനുഗ്രഹം
ആത്മഭക്ഷണം
ആത്മപാനീയം.
അമൃതപ്രസാദം. (ദിവ്യകാരുണ്യം)

വി. കുർബാന സ്ഥാപനം: സുവിശേഷം.
ക്രിസ്തുസാന്നിദ്ധ്യം: പ്രതീകമോ!
വി. കുർബാനയുടെ സംവിധാനം.
ദൈവമാതാവിന്റെ—
പുണ്യവാന്മാരുടെ—മദ്ധ്യസ്ഥതാ ബന്ധം.
ഭക്ഷണം—ഉപകാരസ്മരണ.
സ്വീകാര്യബലികൾ—ഒരുക്കം,
സക്രാരീവാസം: ആരാധന: പ്രസക്തി.

www.malankaralibrary.com

ആമുഖം

ഒരു കൊല്ലം മുമ്പേ ഈ ലഘുഗ്രന്ഥം പണി തീർത്തുവച്ചിരുന്നതാണു്. പ്രസിദ്ധീകരണ സജ്ജമായതു് ഇപ്പോഴാ മാത്രം. ബഹുകാര്യപരതന്ത്രതതന്നെ പ്രധാന കാരണം.

വി. കുർബാനയെപ്പററി സാകല്യേനയുള്ള ഒരു പഠനമാണിതെന്നു് അവകാശപ്പെട്ടുന്നില്ല. സാധാരണ പരാമൃഷ്ടമാകാറില്ലാത്ത ചില ഉപക്കാര്യങ്ങളും പരഭാഗ കാര്യങ്ങളും ആണു് ഇതിലെ വിചിന്തന വിഷയം.

വി. കുർബാനയിലുള്ള ക്രിസ്തുസാന്നിദ്ധ്യം നിഷേധിക്കുന്ന ആളുകളും നേരത്തേതന്നെ രംഗപ്രവേശം ചെയ്തിട്ടുണ്ടു്. ഇന്നും അങ്ങനെയുള്ളവരെ കാണാം. ചില കത്തോലിക്കാ വൈദികരും, കഷ്ടമേ, ഇക്കൂട്ടത്തിൽ പ്പെടുന്നു! വിശ്വാസപരമായ ഉപക്കാഴ്ചയും ബോദ്ധ്യവും ഇല്ലാതെ വന്നതിനാലാകണം ഇങ്ങനെ സംഭവിച്ചതു്: എന്നിരിക്കെ, ഇത്തരം ഒരു ഗ്രന്ഥം അസ്ഥാനത്തായോ, അധികപ്പററാകയോ വരികയില്ല എന്നു വിശ്വസിക്കുന്നു.

ദൈവത്തെ സംബന്ധിച്ച നമ്മുടെ അറിവു് അനുക്ഷണ വികസ്വരമായിക്കൊണ്ടിരിക്കയാണു്. തിയോളജി തന്നെയും, അതിന്റെ വ്യാഖ്യാനത്തിലും പരിപ്രേക്ഷ്യത്തിലും പരിണാമപ്രവണമാണെന്നത്രേ എന്റെ കാഴ്ചപ്പാടു്. വ്യാഖ്യാനങ്ങളും അടിസ്ഥാനതത്ത്വങ്ങൾക്കനുരോധമായിരിക്കണമെന്നേയുള്ളൂ.

www.malankaralibrary.com

വി. കുർബാനയിലുള്ള ക്രിസ്തുസാന്നിദ്ധ്യത്തെപ്പറ്റി യുള്ളതാണു് ഈ ഗ്രന്ഥം എന്നുപറഞ്ഞല്ലൊ. ബൈബി ളിൽ ഊന്നിയാണു് ഇതിലെ വിചിന്തനം. ചില വ്യാഖ്യാനങ്ങളും അചുംബിതമാണെന്നു കരുതുന്നു. യഥാർത്ഥ ക്രിസ്തുസാന്നിദ്ധ്യം സമ്മതിച്ചുകൊടുക്കാത്ത വല്ല ക്രൈസ്തവരും ഉണ്ടെങ്കിൽ ദൈവം തന്റെ പരിശുദ്ധാ ത്മാവിനെ അയച്ചു അവർക്കു സത്യവിശ്വാസം വെളി പ്പെടുത്തിക്കൊടുക്കട്ടെ എന്നു പ്രാർത്ഥിക്കുകയേ ഇവിടെ കരണീയമായിട്ടുള്ളൂ.

ഈ ഗ്രന്ഥം നന്നായി അച്ചടിച്ചുതന്ന രേഖാ പ്രിന്റേഴ്സിനോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തി കൊള്ളട്ടെ.

ഗ്രന്ഥകർത്താവു്

ഒ. അയ്യനേത്തു്

തിരുവനന്തപുരം
September 1992

www.malankaralibrary.com

വി. കുർബാനയെപ്പറ്റി

പരിത്രാണ മാദ്ധ്യമം

വി. കുർബാന ദൈവപുത്രനായ ക്രിസ്തുവിന്റെ ജീവിതമാണു്; ക്രിസ്തു തന്നെയാണു്. അതു് കേവലം ആരാധനസ്സുവേണ്ടിയുള്ള ഒരു ആദ്ധ്യാത്മിക കർമ്മാനുഷ്ഠാനപദ്ധതിയല്ല. ആരാധനസ്സുപ്പുറം അതു് മറ്റു പല കാര്യങ്ങളും ഉൾക്കൊണ്ടിരിക്കുന്നു. അതു മനസ്സിലായെങ്കിൽ മാത്രമേ ആരാധനസ്സുതന്നെയും അതിന്റേതായ പൂർണ്ണത കൈവരികയുള്ളൂ.

ദൈവപുത്രന്റെ മനുഷ്യാവതാരം, തിരുവചന പ്രഘോഷണം, കുർബാനസ്ഥാപനം, കുരിശുമരണം, ഉത്ഥാനം, പരിശുദ്ധാത്മാവിനെ അയയ്ക്കൽ എന്നീ കാര്യങ്ങളെല്ലാം വിശുദ്ധ കുർബാനയിൽ നിറഞ്ഞു നിൽക്കുന്നു. അതു മറ്റു ലോക മതാചാര്യന്മാരുടെ ആദ്ധ്യാത്മിക കർമ്മപദ്ധതിയിൽ നിന്നു തുലോം വ്യത്യസ്തമാണു്. അതിനാൽ അതു വെറും സ്മരണാഘോഷമോ, ഓർമ്മപുതുക്കാൻവേണ്ടിയുള്ള ഒരു ആചാരാനുഷ്ഠാനമോ അല്ല.

പുത്രനായ ദൈവം മനുഷ്യാവതാരം ചെയ്തതിന്റെ ഉദ്ദേശ്യം പാപത്തിന്റെ അടിമത്തത്തിലായ മനുഷ്യവംശത്തെ സ്വതന്ത്രമാക്കി, മനുഷ്യർക്കു നിത്യജീവൻ

www.malankaralibrary.com

കൊടുക്കുക എന്നതായിരുന്നു. പാപം ആത്മാവിന്റെ മരണമാണു്. ദൈവം മനുഷ്യനെ പാപരഹിതനായിട്ടാണു് സൃഷ്ടിച്ചതെങ്കിലും, ദുസ്സ്വാതന്ത്ര്യദുഷ്പ്രയോഗം കൊണ്ടു് അവൻ പാപം ചെയ്തു. അങ്ങനെ മനുഷ്യൻ ആത്മാവിൽ മരിച്ചു. ഒരു മനുഷ്യന്റെ പാപം അവനെ തന്നെ മോചിക്കാൻ കഴികയില്ല; വേറൊരു മനുഷ്യനും മോചിക്കാൻ ശക്തനല്ല. അതിനു് ദൈവംതന്നെ വേണം (സങ്കീ. 48:7). അതാണു് ദൈവം തന്റെ ഏകജാതനെ ഈ ലോകത്തിലേയ്ക്കു് അയയ്ക്കാൻ കാരണം.

പാപപരിഹാരം ദൈവത്തെക്കൊണ്ടു മാത്രം സാധിക്കുന്ന ഒരു കാര്യമായതുകൊണ്ടാണു് ദൈവപുത്രനായ ക്രിസ്തുവിനെ ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള മദ്ധ്യസ്ഥൻ എന്നു പൗലോസു് പറഞ്ഞിട്ടുള്ളതു് (എബ്രാ. 7:25; ഫിലി. 2:10, തിമോ. 2:5). ക്രിസ്തു ദൈവത്തിന്റെ മുമ്പാകെ മനുഷ്യർക്കുവേണ്ടി മദ്ധ്യസ്ഥത പറയുന്നു; യാചിക്കുന്നു. വെറുതെ പറയുകയും യാചിക്കുകയും മാത്രമല്ല അവിടുന്നു ചെയ്യുന്നതു്. മനുഷ്യ പാപത്തിനു പരിഹാരവും പ്രായശ്ചിത്തവും ചെയ്തു് ദൈവനീതിയുടെ ത്രാസു് നേരെയാക്കുന്നു (റോമാ. 3:21, 26; 5:17, 19; 4:25). ഇതാകട്ടെ, തന്റെ രക്തം ചിന്തിയുള്ള പീഡാനുഭവം കുരിശുമരണവും വഴി ക്രിസ്തു സാധിക്കുന്നു. വീണ്ടെടുപ്പുവില (ransom) കൊടുത്തു് ഇതു സാധിക്കുന്നു എന്നു് പൗലോസിന്റെ ഭാഷയിൽ പറയാം (1 കോറി. 7:23). വീണ്ടെടുപ്പു വില കൊടുത്തു അടിമകളെ സ്വതന്ത്രരാക്കുന്ന സമ്പ്രദായം പഴയ നിയമ കാലത്തു നിലനിന്നിരുന്നു എന്നോർക്കുക (പുറ. 21: ലേവി. 25; ആവ. 15 അദ്ധ്യായങ്ങൾ).

ക്രിസ്തുവിന്റെ പീഡാനുഭവവും കുരിശുമരണവും വഴി, നേടിയെടുത്ത ആത്മജീവദായകമായ പുണ്യം,

www.malankaralibrary.com

അണകെട്ടി നിറുത്തിയിരിക്കുന്ന ഒരു ജലാശയം പോലെയാണു് എന്ന ഒരു ഉപമ ഇവിടെ പ്രയോഗിക്കാം. അണക്കെട്ടിൽ വെള്ളം നിറഞ്ഞുകിടക്കുന്നതുകൊണ്ടു് വരണ്ടു വിണ്ടു കിടക്കുന്ന ഊഷര ഭൂമിക്കെന്തു പ്രയോജനം? ഇത്തരം നിലങ്ങളിൽ ജീവൻ തുടിക്കുന്ന സസ്യങ്ങൾ വളരണമെങ്കിൽ ആ ജലം അവിടെ എത്തിക്കണം. അതിനുവേണ്ടി മനുഷ്യൻ കനാലുകൾ തീർക്കുന്നു. ഇത്തരം കനാലുകളാണു് ആദ്ധ്യാത്മിക ജീവിത രംഗത്തു് ക്ലാശകൾ. ക്ലാശ എന്ന പദത്തിന്റെ അർത്ഥം ശുദ്ധീകരിക്കുന്നതു് എന്നാണു്. ക്രിസ്തു പലതരം ക്ലാശകൾ സ്ഥാപിച്ചു് അവവഴി തന്റെ ജീവൻ, മനുഷ്യന്റെ ജനനം മുതൽ മരണം വരെ മനുഷ്യാത്മാക്കളിലേക്കു് പകർന്നു് അവയെ സ്വർഗ്ഗീയ ജീവിതത്തിനർഹമാക്കുന്നു. ക്ലാശകളെപ്പറ്റിയുള്ള ഒരു ദിങ്മാത്ര സൂചന പൗലോസു് നൽകുന്നതു് ഇവിടെ അനുസ്മരിക്കാവുന്നതാണു് എബ്രാ. 6: 1—3).

ക്ലാശകൾ പല്ലുണ്ടെങ്കിലും, അവയിൽ ഏറ്റവും പ്രധാനം വി. കുർബാനയാണു്. അതിനാൽ അതിനെ 'ക്ലാശകളുടെ ക്ലാശ' എന്ന പേരിൽ വേദശാസ്ത്രജ്ഞന്മാർ വ്യവഹരിക്കുന്നു. എല്ലാ ക്ലാശകൾവഴിയും ആത്മീയ ജീവൻ ക്രിസ്തുവിൽ നിന്നു് പ്രവഹിക്കുന്നു എന്നതു് ശരിതന്നെ. എന്നാൽ വി. കുർബാന ആത്മീയജീവന്റെ ഉറവിടമായ ക്രിസ്തുതന്നെയാണു്. ഇതാണു മറ്റുള്ള ക്ലാശകൾക്കുപരി വി. കുർബാനയെ അവരോധിച്ചിരിക്കുന്നതിന്റെ കാരണം. ഇതെപ്പറ്റി വിശദമായ അറിവും വിവരവും ക്രിസ്ത്യാനിക്കു് അനുപേക്ഷണീയമാണു്. ആദ്ധ്യാത്മിക ജീവിതം നൂറു ശതമാനവും ഫലസംപുഷ്ടമാകണമല്ലോ.

www.malankaralibrary.com

യഹോവയുടെ പദ്ധതികൾ

യഹോവ ചരിത്രത്തിൽ, മനുഷ്യ ജീവിതത്തിൽ ഇടപെടുന്നു. മനുഷ്യ ജീവിതത്തെ സംബന്ധിച്ചിടത്തോളം അവിടുത്തേക്കു് ത്നേറതായ പദ്ധതികളും ഉണ്ടു് (ആമോ: 3:7; യേശ: 30:1;25:1;46:16). മനുഷ്യപരിത്രാണാത്ഥം തന്റെ ഏക ജാതനെ ഈ ലോകത്തിലെക്കയയ്ക്കുക; അവനെ കാൽവരിയിൽ കുരിശുമരണത്തിനു് വിധേയനാക്കുക, എന്നിവ ഈ പദ്ധതികളിലെ പ്രധാനപ്പെട്ട ചില കാര്യങ്ങളാണു്. ദൈവപുത്രനായ ക്രിസ്തുവിന്റെ കുരിശുമരണം ഒരു ബലിയാകുന്നു. അതു് 'നിർദ്ദിഷ്ട സമയത്തു്', 'കാലത്തിന്റെ പൂർണ്ണതയിൽ' നടക്കുന്നതിനു യഹോവ കാലേക്കൂട്ടി നിശ്ചയിച്ചിരുന്നു (എബ്രാ:9:26). പൗലോസു് പറയുന്നതുപോലെ, അതു് 'ഒരിക്കൽ മാത്രമുള്ള' ഒരു സംഭവമാണു് (എബ്രാ: 7:27) ഈ ബലിയാണു് അസ്സൽ ബലി; യഥാർത്ഥമായ ബലി. ഇതിന്റെ നിഴലുകളോ, പ്രതിരൂപങ്ങളോ ആയിരുന്നു, പഴയ നിയമകാലത്തെ ബലികളും. പൗലോസു് അങ്ങനെ പറയുന്നതിനാൽ, അതിനു സത്യത്തിന്റെ സാധുതയും സമാദരണീയമായ വിശ്വാസ്യതയും കിട്ടുന്നു (എബ്രാ: 8:5;9:23). ക്രിസ്തുവിന്റെ ബലിയെന്നപോലെ, ഭൂമിയിൽ നടക്കുവാനിരുന്ന കാര്യങ്ങളെപ്പറ്റി പ്രവചനങ്ങളും ഉണ്ടായിട്ടുണ്ടു്. പ്രവചനങ്ങളും ഉണ്ടായതുകൊണ്ടു് അവ നടക്കുന്നു; നടന്നേമതിയാകൂ എന്നതല്ല, സംഭവിക്കാനിരിക്കുന്ന അസ്സൽ കാര്യങ്ങളും പ്രവാചകന്മാർ ഉദ്ദ്യേശം ചെയ്യുന്നു എന്നതാണു് ഇവിടെ മനസ്സിലാക്കാനുള്ളതു്. ക്രിസ്തുവിന്റെ ബലിനയപ്പറ്റിയും ഇതേ പറയാനുള്ളൂ. ഇനി, ഈ ബലി, കുർബാനയായി വരുമ്പോഴും എന്തെല്ലാം കാര്യങ്ങളാണു് അതിൽ അന്തർഭവിച്ചിരിക്കുന്നതു് എന്നു നോക്കാം.

www.malankaralibrary.com

I. വീ. കുർബാന ബലിയാകുന്നു

മുമ്പു് **സൂചി**പ്പിച്ചതുപോലെ, കാൽവരിയിൽവച്ചു് ദൈവപുത്രനായ ക്രിസ്തു, പിതാവായ ദൈവത്തിനു സ്വയം ബലിയർപ്പിക്കുന്നു. മെൽക്കീസദേക്കിനെപ്പോലെ, മഹാപുരോഹിതൻ എന്ന നിലയിലാണു് ക്രിസ്തു ഇതു് നടത്തുന്നതു്. എന്നാൽ ഇവിടെ ബലികർമ്മിയും ബലിവസ്തുവും ക്രിസ്തുതന്നെ. 'ലോകത്തിന്റെ പാപം പേറാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടു്' എന്നാണല്ലൊ സ്നാപകൻ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു്. 'കൊല സ്തുള്ള കുഞ്ഞാടുപോലെ അവൻ പീലാത്തോസിന്റെ മുമ്പിൽ മൗനിയായി നിന്നു എന്ന ആ ലിഖിതം ഇതിനു് ഉപരിസാക്ഷ്യം നൽകുന്നു. പഴയ നിയമത്തിൽ 'ദാസൻ പാട്ടി'ലൂടെ യേശുവും ഇക്കാര്യം ഉദ്ഘോഷിക്കുന്നതു് ഇവിടെ ഓർക്കുന്നതു നന്നു്: ''അയാളെ മർദ്ദിക്കപ്പെട്ടു; അയാളെ പീഡിപ്പിക്കപ്പെട്ടു. എന്നിട്ടും അയാൾ വായ് തുറന്നില്ല. കൊല്ലാൻ കൊണ്ടുപോകുന്ന ആട്ടിൻ കുട്ടിയെപ്പോലെ .....അയാൾ വായ് തുറക്കാതെ നിന്നു. മർദ്ദനത്താലും ശിക്ഷാ വിധിയാലും അയാളെ എടുക്കപ്പെട്ടു. അയാളെ എന്റെ ജനത്തിന്റെ അതിക്രമങ്ങളെ നിമിത്തം പീഡിപ്പിക്കപ്പെട്ടു, ജീവികളുടെ ദേശത്തുനിന്നു വിച്ഛേദിക്കപ്പെട്ടു എന്നു് അയാളുടെ തലമുറയിൽ ആരെങ്കിലും വിചാരിച്ചുവോ; അയാളെ ഒരക്രമവും പ്രവർത്തിച്ചില്ലെങ്കിലും, അയാളുടെ നാവിൽ ഒരു വഞ്ചനയും ഇല്ലാതിരുന്നെങ്കിലും, അയാളെയു് ദുഷ്ടന്മാരോടുകൂടി ശവക്കുഴി അവർ നൽകി; ദുർവൃത്തരുടെ ശവകുടീരവും'' (യേശ:53:7-10 Also വെളി:5:6;12;7:14). ബലിവസ്തു എല്ലാ വിധത്തിലും അനുനമായിരിക്കണം (1 പത്രോ: 1:19). എന്ന നിഷ്ടയുള്ളതു കാണിക്കാൻകൂടിയാണു്, കൊലയ്ക്കുള്ള ആടിന്റെ സവിശേഷഗുണങ്ങളും ഉൾക്കൊ

www.malankaralibrary.com

ള്ളന്ന വാചകങ്ങളും ഉദ്ധരിച്ചതു്. 'പാപമില്ലാത്തവനായ താൻ പാപികളായ നമുക്കുവേണ്ടി' എന്നു് കൂടാശവചനത്തിനാമുഖമായി കാണിക്കുന്ന പ്രയോഗം, ക്രിസ്തു എന്ന ദൈവത്തിന്റെ കുഞ്ഞാടു് ന്യൂനതയില്ലാത്ത ബലി വസ്തുവാണെന്നും തെളിയിക്കുന്നു (എബ്രാ: 7:27).

പുരോഹിതൻ സ്വന്തം പാപങ്ങൾക്കു പരിഹാരം ചെയ്യാൻകൂടിയാണു് ബലി അർപ്പിക്കുന്നതു് (എബ്രാ: 7:27). ക്രിസ്തു, ദൈവമായതുകൊണ്ടു് അങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നില്ല. ക്രിസ്തു ബലി അർപ്പിക്കുന്നതു് മനുഷ്യരുടെ പാപം പരിഹരിക്കാൻ വേണ്ടിമാത്രമാണു് എന്നു സാരം. ബലി അർപ്പിക്കുന്നതു് പുരോഹിതനായിരിക്കണമെന്നുള്ളതാണു് പഴയ കല്പനകൾക്കുശേഷമുള്ള നിയമം. ക്രിസ്തു മഹാപുരോഹിതനാണു്; നിത്യപുരോഹിതനാണു്. എന്നാൽ, പൗലോസു് ചൂണ്ടിക്കാണിക്കുന്നതുപോലെ, ക്രിസ്തു സ്വയം പുരോഹിതനായതല്ല. പിതാവായ ദൈവമാണു് അവനെ പുരോഹിതസ്ഥാനത്തേക്കുയർത്തിയതു്. 'ക്രിസ്തു സ്വയം പുരോഹിതനായി ഉയർത്തുകയല്ല ചെയ്തതു്. നീ എന്റെ പുത്രനാകുന്നു, ഇന്നു് ഞാൻ നിനക്കു ജന്മമേകി എന്നു് അരുളിചെയ്തവനാണു് അവനെ നിയമിച്ചതു്' (എബ്രാ: 5:6).

ഇങ്ങനെയൊക്കെ സംഭവിക്കാൻ കാരണം, ദൈവപുത്രൻ മനുഷ്യനായിത്തീർന്നതാണു്. മനുഷ്യാവതാരം എന്ന മഹാസംഭവം നടക്കില്ലായിരുന്നെങ്കിൽ പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആൾ ഒരിക്കലും പുരോഹിതനാകേണ്ടി വരുമായിരുന്നില്ല. ഇക്കാര്യം മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. മനുഷ്യനായിത്തീർന്നതുമൂലം 'ആ രക്ഷയുടെ നായകനെ

www.malankaralibrary.com

സഹനത്തിലൂടെ സമ്പൂർണ്ണനാക്കുക' എന്ന കാര്യവും ഇതോടുകൂടി ചേർന്നു പോകുന്നു (എബ്രാ. 2:10).

'ഒരിക്കൽ മാത്രം': ആവർത്തനം

മനുഷ്യരുടെ പാപപരിഹാരാർത്ഥം ക്രിസ്തു കാൽവരിയിൽ സ്വയം ബലിയായി എന്ന സത്യം എല്ലാ ക്രൈസ്തവരും അംഗീകരിക്കുന്നു. പൗലോസ് ഇതു സംബന്ധിച്ച് ഇങ്ങനെ പറയുന്നു: ''തന്നെത്തന്നെ അർപ്പിച്ചപ്പോൾ, അവൻ ഒരിക്കൽ എന്നേക്കുമായി ബലി അർപ്പിച്ചു'' (എബ്രാ:7:27;9;6:10;10). ഇങ്ങനെ 'ഒരിക്കൽ മാത്രമായി' ക്രിസ്തു ബലി അർപ്പിച്ചതിനാൽ (എബ്രാ:8:12) ഇന്നുള്ള വി. കുർബാന എന്ന ബലിയർപ്പണത്തിന്റെ ആവശ്യമില്ല; അഥവാ, അങ്ങനെ ഒരു 'ചടങ്ങ്'നടത്തിയാൽത്തന്നെയും, അതു വെറും 'ഓർമ്മ' മാത്രമാണ്; അവിടെ അപ്പവീഞ്ഞുകളുടെ മറവിൽ ദൈവപുത്രന്റെ സാന്നിദ്ധ്യം ഉണ്ടാകുന്നില്ല; വി. കുർബാന കാൽവരിയിലെ ബലിയുടെ ഒരു പ്രതീകം മാത്രമാണ് എന്നത്രേ ചിലരുടെ വാദം!

ഈ വാദത്തിൽ കഴമ്പില്ല എന്നതിനു ഒന്നാമത്തെ തെളിവ് ഇതാണ്: ക്രിസ്തുവിന്റെ ബലിയെപ്പറ്റി പറയുന്നിടത്തെല്ലാം പൗലോസു ഉന്നയിക്കുന്ന ഒന്നു രണ്ടു കാര്യങ്ങളും ശ്രദ്ധേയമാണ്. ക്രിസ്തു നിത്യപുരോഹിതനാണ് (എബ്രാ.7:24); അവിടുന്നു മെൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യപുരോഹിതനാണ് എന്നതാണ് ഇവയിൽ ഒന്ന്. മെൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ എന്ന പ്രയോഗം ക്രിസ്തുവിന്റെ ബലി കർമ്മത്തോടു ചേർത്തു പലതവണ പൗലോസു ഉപയോഗിക്കുന്നു (എബ്രാ. 6: 20; 7:8, 15).

www.malankaralibrary.com

വി. കുർബാനവഴി ക്രിസ്തുവിന്റെ ബലി ആവർത്തിക്കപ്പെടുന്നില്ലെങ്കിൽ, കാൽവരിക്കാര്യം മാത്രം പറഞ്ഞാൽ മതിയായിരുന്നു; മെൽക്കീസദേക്കിന്റെ യാഗകാര്യമോ, പുരോഹിത്യരീതിയോ, ഒന്നും പറയേണ്ടിയിരുന്നില്ല. മെൽക്കീസദേക്കിന്റെ യാഗാപ്പണം ക്രിസ്തുവിന്റെ ബലിയുടെ ഒരു നിഴലായിരുന്നു എന്നും (എബ്രാ. 8:5), പ്രതിരൂപം (എബ്രാ. 9:24) ആയിരുന്നു എന്നും പൗലോസ് പറയുന്നതു് കുർബാനയെന്ന അസ്സലിന്റെ അത്ഥ്രഗഹണത്തിനു വേണ്ടിയാണു്. വരാതിരിക്കുന്ന അസ്സലിന്റെയെല്ലാം പ്രതിരൂപവും നിഴലും, പഴയനിയമകാലത്തുണ്ടായിരിക്കും എന്ന കാര്യം വീണ്ടും ഇവിടെ ഓർക്കേണ്ടിയിരിക്കുന്നു. മനുഷ്യനായതിനാൽ ക്രിസ്തു പുരോഹിതനാകേണ്ടിവന്നു; പുരോഹിതനായി ഉയർത്തപ്പെടേണ്ടിവന്നു. പുരോഹിതനായതിനാൽ അവിടുന്നു ബലി അർപ്പിച്ചുകൊണ്ടിരിക്കേണ്ടതും സ്വാഭാവികമാണു്. 'ഒരിക്കൽമാത്രം' എന്ന പ്രയോഗം ക്ലൂതലായും ദൈവസംബന്ധിയാണു്; വി. കുർബാനയാകട്ടെ, മനുഷ്യസംബന്ധിയുംകൂടിയാണു്. മനുഷ്യനുംകൂടിയായ ക്രിസ്തു, പുരോഹിതനായ ക്രിസ്തു എന്നീ അർത്ഥവ്യാപ്തി 'ഒരിക്കൽമാത്രം' എന്ന സത്യത്തെ, 'ഓർമ്മയ്ക്കായി ഇതു അനുഷ്ഠിക്കുവിൻ' എന്ന ആവർത്തനസത്യത്തിൽ വിലയിപ്പിച്ചിരിക്കുന്നു.

വി. കുർബാനയ്ക്കു്, കാൽവരിയിലെ ബലിയുടെ അസ്സൽ എന്ന നിലയിൽ, ആവർത്തന സ്വഭാവം ഇല്ലായിരുന്നെങ്കിൽ, ക്രിസ്തു എന്ന പുരോഹിതനെപ്പറ്റിയോ, മെൽക്കീസദേക്കിന്റെ ക്രമപ്രകാരത്തെപറ്റിയോ ഒന്നും പറയേണ്ടിയിരുന്നില്ല. വ്യർത്ഥാജല്പനം നടത്തുന്ന ഒരാളല്ല

www.malankaralibrary.com

പൗലോസ് എന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്? പൗരോഹിത്യവും ബലിയും നിലനിൽക്കുന്നു എന്നതിന്റെ തെളിവാണു്, യേശു ലേവിഗോത്രത്തിൽപ്പെട്ട ആളല്ല എന്നു് പൗലോസ് എടുത്തുപറയുന്നതു്. ക്രിസ്തുവിനോടു കൂടി അവിടത്തെ പിൻതുടർച്ചക്കാരായി ഏതു ഗോത്രത്തിൽനിന്നും, ഏതു മനുഷ്യവർഗ്ഗത്തിൽ നിന്നും പുരോഹിതന്മാർ ഉണ്ടായിരിക്കും എന്ന സത്യമാണു് പൗലോസു് ഇവിടെ അഭിവ്യഞ്ജിപ്പിക്കുന്നതു്. യേശയ്യാ ഇക്കാര്യം ദൈവ വെളിപാടാൽ നേരത്തേ കണ്ടിരുന്നു: ''എല്ലാ ജനതകളെയും ഭാഷക്കാരെയും ഒന്നിച്ചു കൂട്ടുവാൻ ഞാൻ വരുന്നു. അവർ വന്നു് എന്റെ മഹിമ ദർശിയ്ക്കും. ഞാൻ അവരുടെ ഇടയിൽ ഒരടയാളം* സ്ഥാപിയ്ക്കും. അവരിൽ ശേഷിക്കുന്ന ചിലരെ ജനതകളുടെ അടുക്കലേയ്ക്കു് ..... ഒരിക്കലും എന്നെ ക്കുറിച്ചു് കേട്ടറിക്കുകയോ, എന്റെ മഹിമ ദർശിക്കുകയോ ചെയ്തിട്ടില്ലാത്ത വിദൂര തീര' ദേശങ്ങളിലേയ്ക്കു്--ഞാൻ അയയ്ക്കും. അവർ എന്റെ മഹത്വം ജനതകളുടെ ഇടയിൽ ഉദ്ഘോഷിക്കും. ഇസ്രായേൽക്കാർ കർത്താവിന്റെ ആലയത്തിലേക്കു വെടിപ്പുള്ള പാത്രത്തിൽ ധാന്യ വഴിപാടു* കൊണ്ടുവരുന്നതുപോലെ, അവർ കർത്താവിനുള്ള വഴിപാടായി സർവ്വജനതകളുടെയും ഇടയിൽ നിന്നു നിങ്ങളുടെ സർവ്വസഹോദരരെയും ..... എന്റെ വിശുദ്ധ

---

* മോശ സ്വർഗ്ഗത്തിൽ നിന്നു മന്നാ ഇറക്കി എന്നതു് ഒരടയാളമായി യേശുവിന്റെമുമ്പാകെ യഹൂദന്മാർ ഉയർത്തിക്കാണിച്ചല്ലൊ. യേശു ആകട്ടെ, മനുഷ്യാത്മാവിനു നിത്യജീവൻ കൊടുക്കുന്നതിന്റെ ശരീരം എന്ന ആത്മഭക്ഷണമാണു് അവരുടെ മുമ്പാകെ അടയാളമായി സ്ഥാപിച്ചതു്.

* കർബാന അപ്പം ധാന്യംകൊണ്ടാണു് എന്നും ഓർക്കുക.

www.malankaralibrary.com

പർവതമായ യെരുശലേമിലേക്കു കൊണ്ടുവരും. കർത്താവാണു് ഇതു് അരുളിച്ചെയ്യുന്നതു്: അവരിൽ ചിലരെ ഞാൻ പുരോഹിതരും ലേവ്യരുമാക്കും..... ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പിൽ നിലനിൽക്കുന്നതുപോലെ നിങ്ങളുടെ പിൻമുറക്കാരും നിങ്ങളുടെ നാമവും നിലനിൽക്കും..... അമാവാസിതോറും ശബ്ബത്തുതോറും, സർവജഡവും എന്നെ ആരാധിക്കാൻ എന്റെ സന്നിധിയിൽ വരും" (യേശ. 66:18—24).

ഇതിലെ പൂർവഭാഗം വിജാതീയരുടെ ഇടയിൽ, പുതിയനിയമകാലത്തു നടക്കുവാൻ പോകുന്ന സുവിശേഷ വേലയെപ്പറ്റിപറയുന്നു എന്നു് വ്യാഖ്യാനിക്കാം. അതു് എങ്ങനെയുമാകട്ടെ, ഉത്തരഭാഗമാണു് ഇവിടെ പ്രസക്തം. സർവജനതകളുടെയും ഇടയിൽ നിന്നു ചിലരെ തിരഞ്ഞെടുത്തു പുരോഹിതന്മാരും ലേവ്യരുമാക്കും എന്നു യഹോവ പറയുന്നതിന്റെ പൊരുളാണു് ശ്രദ്ധേയം. പുതിയനിയമകാലത്തെ 'പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും' പരിതോവസ്ഥയിൽ പുരോഹിതന്മാരെ ഉണ്ടാക്കും എന്നു യഹോവ പറയുന്നതു്, വി. കുർബാന എന്ന ബലിയുടെ ആവർത്തനകാര്യത്തിലേയ്ക്കു വിരൽ ചൂണ്ടുന്നു. പുരോഹിതന്മാരുണ്ടെങ്കിൽ, ബലി നിശ്ചയം. ക്രിസ്തു പുരോഹിതൻ എന്ന നിലയിലാണു ബലി അർപ്പിക്കുന്നതെന്നു പൗലോസു് പറഞ്ഞിട്ടുള്ളതു് ഇവിടെ ഓർക്കുക. വെറും വഴിപാടുകളും, നേർച്ചകളും എന്നിവ അർപ്പിക്കുന്നതിനു് പുരോഹിതന്മാരെ തിരഞ്ഞെടുത്തുകൊണ്ടുവരേണ്ട ആവശ്യമില്ല. എന്നു തന്നെയല്ല, ക്രിസ്തു സ്ഥാപിച്ച ദൈവരാജ്യത്തിൽ ബലി അർപ്പിക്കുന്നതു പല ജാതികളിൽ നിന്നും യഹോവ വിളിച്ചിറക്കുന

www.malankaralibrary.com

പുരോഹിതന്മാരാണു്. പഴയ നിയമകാലത്തു്, ലേവി ഗോത്രത്തിപ്പെട്ടവർക്കേ ഇതിനു് അധികാരവും അവകാശവും ഉണ്ടായിരുന്നുള്ള. അപ്പോഴും യേശയ്യാവഴിയഹോവ പ്രവചനരൂപേണ അരുളിച്ചെയ്യുന്ന സത്യം, ഭാവിയിൽ സംസ്ഥാപിതമാകാൻ പോകുന്ന വി. കുർബാനയെപ്പറ്റിയും, അതിന്റെ ആവർത്തനത്തെപ്പറ്റിയുമാണു് എന്നതിൽ സംശയം വേണ്ട. ആവർത്തനത്തെപ്പറ്റിയുള്ള സൂചനകളാണു് "അമാവാസി തോറും, ശാബത്തു തോറും സർവജനവും എന്നെ ആരാധിക്കാൻ വരും" എന്ന വാചകത്തിൽ കാണുന്നതു്.

ഇനി, രണ്ടാമതായി ചൂണ്ടിക്കാണിക്കേണ്ട പ്രധാനകാര്യം: വി. കുർബാന ആത്മാവിന്റെ ഭക്ഷണമാണു്, നിത്യ ജീവന്റെ അപ്പമാണു്; ക്രിസ്തുവിന്റെ തിരു ശരീര രക്തങ്ങളാണു്. കുർബാന ആത്മഭക്ഷണമാണെന്നു സമ്മതിക്കാത്തവർക്കു്, കാൽവരിയിലെ ബലികൊണ്ടു് മാത്രം തൃപ്തിപ്പെടാം; അതു വാസ്തവത്തിൽ 'ഒരിക്കൽ മാത്ര'മുള്ള ഒരു കർമ്മമാണല്ലൊ! എന്നാൽ കുർബാന ആത്മഭക്ഷണമാണെങ്കിൽ, അതിനെ കാൽവരിയിലെ ബലിയിൽ നിന്നു് മാറ്റി നിറുത്താൻ പറ്റില്ല. ക്രിസ്തു ആത്മഭക്ഷണമായി കുർബാന കൊടുത്തതു്, 'പാപമോചനത്തിനും നിത്യ ജീവനും വേണ്ടി'യായിരുന്നല്ലൊ. അതുപോലെ അവഗണിക്കാൻ പാടില്ലാത്ത മറെറാരു കാര്യം ഇതാണു്: അത്താഴം കഴിച്ചതിനുശേഷമാണു് ക്രിസ്തു വി. കുർബാന സ്ഥാപിച്ചതു്. അപ്പ വീഞ്ഞുകളും തന്റെ തിരു ശരീര രക്തങ്ങളായി മാറുന്നില്ലെങ്കിൽ, അതും വെറും ഒരു അത്താഴബാക്കിയാണെങ്കിൽ, ക്രിസ്തു ചെയ്തതു വെറും ഒരു മിനക്കേടുപണിയാണു്; നിരർത്ഥക വ്യാപാരമാണു്. വിശേഷപ്പെട്ട ഒരു അത്താഴമായിരുന്നെങ്കിൽ, പഴയ നിയമ കാലത്തിലെന്നപോലെ

www.malankaralibrary.com

ഒരു കാഴ്ചയർപ്പണമോ, സ്തോത്രഭക്ഷണമോ ആയി കാണിച്ചാൽ മതിയായിരുന്നു. 'എന്റെ ശരീരമാകുന്നു, പാപമോചനത്തിനും നിത്യജീവനുമായി തരുന്നു' എന്നൊക്കെ ക്രിസ്തു പറയേണ്ടിയിരുന്നില്ല. ഒരത്താഴത്തിനു തൊട്ടുപുറകെ വേറൊരത്താഴമോ?

ക്രിസ്തു 'ഒരിക്കൽ മാത്രം' ബലി അർപ്പിച്ച് മനുഷ്യന്റെ പാപത്തിനു പരിഹാരം നേടി; സർവവും ഭദ്രം! എന്നു വച്ചാൽ പിന്നെ പരിശുദ്ധാത്മാവിനെ അയയ്ക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല എന്നു് കുർബാന വിരുദ്ധർ പറയുമോ ആവോ! അഥവാ, പരിശുദ്ധാത്മാവിനു ക്രിസ്തുവിന്റെ പുതിയ ശരീരമായ സഭയുടെ സ്ഥാപനകർമ്മത്തിൽ കാര്യമൊന്നുമില്ലായിരുന്നു; ആത്മ ശുദ്ധീകരണക്ഷമതയില്ലായിരുന്നു; പെന്തക്കോസ്തി ദിവസത്തിലെ പരിശുദ്ധാത്മാഭിഷേക വ്യാപാരം പ്രതീകം മാത്രമായിരുന്നു എന്നൊക്കെ പറയുമോ ആവോ! വി. കുർബാനയെപ്പറ്റി നിസ്സാരമായി പറയുന്നതിനേക്കാൾ എളുപ്പം, പരിശുദ്ധാത്മാവു് വെറും 'കാറ്റു്' ആയിരുന്നു എന്നു പറയുകയാണു്! യേശു ദൈവപുത്രന്റെ പ്രതീകം മാത്രമായിരുന്നു എന്നും ഇക്കൂട്ടർ തട്ടിവിട്ടേക്കാം!

യേശയ്യാ വേറൊരിടത്തു പറഞ്ഞിരിക്കുന്നതിന്റെ ധ്വനിയും മനസ്സിലാക്കേണ്ടതാണു്: 'ദാഹാർത്തരേ', നിങ്ങളെല്ലാം വെള്ളത്തിന്നടുത്തേക്കു വരൂ! പണമില്ലാത്തവനേ, വരൂ! വാങ്ങി ഭക്ഷിക്കൂ! പണമോ വിലയോ കൊടുക്കാതെ വന്നു വീഞ്ഞും പാലും വാങ്ങൂ. അപ്പമല്ലാത്തതിനുവേണ്ടി നിങ്ങൾ എന്തിനു പണം ചെലവഴിക്കുന്നു; തൃപ്തി നൽകാത്തതിനുവേണ്ടി നിങ്ങൾ എന്തിനു

www.malankaralibrary.com

അദ്ധ്വാനിക്കുന്നു? * ഞാൻ പറയുന്നതു ശ്രദ്ധയോടെ കേൾക്കുക. നല്ലതു ഭക്ഷിക്കുക; പുഷ്ടഭോജനം ആസ്വദിക്കുക: നിങ്ങളുടെ ആത്മാവു ജീവിക്കേണ്ടതിനു കേൾക്കുക: ഞാൻ നിങ്ങളുമായി ഒരു നിത്യ ഉടമ്പടി ഉണ്ടാക്കും' (യേശ: 55:1—4).

ഇതു പ്രവചനമാണു്. സാധാരണ ഭക്ഷണത്തെപ്പറ്റി യേശയ്യാ ഇങ്ങനെ പറയേണ്ടകാര്യമില്ല. ഒരിക്കലും വിശക്കാത്തമട്ടിലുള്ള ഭക്ഷണമായ, തൃപ്തിതരുന്ന ഭക്ഷണമായ വി. കുർബാനയെപ്പറ്റിയാണു് യേശയ്യ പ്രവചിക്കുന്നതു്.

ദാഹാർത്തരുടെ കാര്യം പറയുമ്പോൾ യെരമ്യായെ ഓർത്തുപോകും. ദാഹം എന്നേക്കുമായി കെടുത്തുന്ന ജീവജലത്തെപ്പറ്റി ശമ്മരിയാക്കാരി സ്ത്രീയോടു യേശു സൂചിപ്പിച്ച കാര്യവും ഓർത്തുപോകും. 'എന്റെ ജനം രണ്ടു തിന്മ ചെയ്തു: ജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു; തങ്ങൾക്കുവേണ്ടി അവർ കിണർ കുഴിക്കുകയും ചെയ്തു; വെള്ളം കെട്ടി നിറുത്താൻ വയ്യാത്ത പൊട്ടക്കിണറുകൾ!' (യെരമ്യാ: 2:13). നിത്യജീവനിലേയ്ക്കു നിർഗ്ഗളിക്കുന്ന ജീവജലത്തിന്റെ ഉറവയെന്നു ക്രിസ്തു അഭിവ്യഞ്ജിപ്പിക്കുന്ന സ്വന്തം രക്തത്തെപ്പറ്റിയാണു് ഈ പ്രവചനം എന്നു തീർച്ചയാക്കാം. അതാകട്ടെ, വി. കുർബാന വഴി മനുഷ്യനു് ആത്മപാനീയമായി ലഭിക്കുന്നു.

---

* നശിച്ചു പോകുന്ന ആഹാരത്തിനുവേണ്ടിയല്ല, നിത്യ ജീവന്റെ അപ്പത്തിനു വേണ്ടിയാണു് നിങ്ങൾ അദ്ധ്വാനിക്കേണ്ടതു്. (യോഹ. 6:27)

www.malankaralibrary.com

മെൽക്കീസദേക്കും ക്രമവും

മെൽക്കീസദേക്ക് എന്നു പറഞ്ഞാൽ ധാർമ്മികതയുടെ രാജാവ് (The King of righteousness) എന്നർത്ഥം. സത്യം, നീതി, സ്നേഹം എന്നിവയുടെ ആകത്തുകയാണല്ലൊ ധർമ്മം. അദ്ദേഹം ശാലേമിലെ രാജാവും പുരോഹിതനുമായിരുന്നു (ഉല്പ: 14:18,22). ശാലേം എന്നവച്ചാൽ സമാധാനം. ശാലേമിന്റെ സ്ഥാനത്താണ്, പിൽക്കാലത്തു യെരുശലേം നഗരം ദാവീദ് പടുത്തുയർത്തിയതെന്ന വിശ്വാസമാണ് യഹൂദന്മാർക്കുണ്ടായിരുന്നത്. സെഹിയോനും ഇതേ സ്ഥാനത്തുതന്നെ, സങ്കീർത്തകൻ ഇങ്ങനെ പറയുന്നു: 'യഹൂദിയായിൽ ദൈവം പ്രസിദ്ധനാണ്. ഇസ്രായേലിൽ അവന്റെ നാമം മഹിമയുള്ളതാണ്. അവന്റെ തിരുനാമം ശാലേമിലും അവന്റെ പാർപ്പിടം സെഹിയോനിലും സ്ഥാപിച്ചിരിക്കുന്നു' (സങ്കീ: 76:1,2). ശാലേമിലെ രാജാവായിരിക്കകൊണ്ട്, മെൽക്കീസദേക്കിനെപ്പറ്റി സമാധാനത്തിന്റെയും ധാർമ്മികതയുടെയും രാജാവ് എന്നു പൗലോസ് അഭിപ്രായപ്പെട്ടതു യുക്തം തന്നെ (എബ്രാ: 7:1,2). ഏലാം രാജാവായ കേദോർലാവോമറിനെ പരാജയപ്പെടുത്തിയശേഷം, അബ്രഹാം ശാവേ താഴ്വരയിലേക്ക് ഇറങ്ങിച്ചെന്നു. അപ്പോഴും അദ്ദേഹത്തിന്റെ അടുക്കലേക്കു മെൽക്കീസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുചെന്നു. അദ്ദേഹം അബ്രഹാമിനെ അനുഗ്രഹിച്ചു് ഇങ്ങനെ പറഞ്ഞു: 'ആകാശവും ഭൂമിയും സൃഷ്ടിച്ച അത്യുന്നതനായ ദൈവം അബ്രഹാമിനെ അനുഗ്രഹിക്കട്ടെ! നിന്റെ ശത്രുക്കളെ നിന്റെ കൈയിൽ ഏല്പിച്ചുതന്ന അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടട്ടെ!' അബ്രഹാമാകട്ടെ, പരാജിതരായ രാജാക്കന്മാരിൽനിന്നു പിടിച്ചെടുത്ത സ്വത്തിന്റെ ദശാംശം രാജകീയപുരോഹിതനായ മെൽക്കീസദേക്കിനു കൊടുക്കുകയുംചെയ്തു (ഉൽപ: 14:17—20; എബ്രാ: 7:4).

www.malankaralibrary.com

മെൽക്കീസദേക്കിനെ സംബന്ധിച്ച പ്രത്യേകതകൾ ആലോചനാമൃതമാണ്. 'അപ്പവും വീഞ്ഞും കൊണ്ടു വന്നു; അബ്രഹാമിനെ അനുഗ്രഹിച്ചു' എന്നേ ബൈബിളിൽ കാണുന്നുള്ളൂ. എങ്കിലും, അദ്ദേഹം അപ്പവും വീഞ്ഞും യാഗവസ്തുക്കളായി കൈകാര്യംചെയ്തു എന്നു ഇവിടെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അത്യുന്നതനായ ദൈവത്തെ അദ്ദേഹം അനുസ്മരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതുകൂടാതെ, യാഗവസ്തുക്കൾ കൈകാര്യം ചെയ്തുകൊണ്ട് അബ്രഹാമിനെ അനുഗ്രഹിക്കുകയും ചെയ്തു എന്നു പറയുന്നതിനാൽ അവിടെ ഒരു യാഗവും നടന്നു എന്നു ന്യായമായി അനുമാനിക്കാം. യാഗം ദൈവസ്തോത്രപരവും ദൈവാനുഗ്രഹദായകവും ആണല്ലൊ. പഴയ നിയമകാലത്തു് അപ്പവും വീഞ്ഞും യാഗവസ്തുക്കളായി ആരും ഉപയോഗിച്ചിട്ടില്ല; പ്രത്യേകിച്ചും അവ ഒന്നിച്ചു്. മെൽക്കീസദേക്കിനുശേഷം ക്രിസ്തു മാത്രമേ അപ്പ വീഞ്ഞുകളെ യാഗവസ്തുക്കളായി ഉപയോഗിച്ചിട്ടുള്ളൂ.

ക്രിസ്തു പുരോഹിതഗോത്രം (ലെവി)ത്തിൽപ്പെട്ട ആളായിരുന്നില്ല; അതുപോലെതന്നെ മെൽക്കീസദേക്കും. ക്രിസ്തുവിനെ എന്നപോലെ മെൽക്കീസദേക്കിനെയും, യഹോവ പുരോഹിതനായി ഉയർത്തുകയായിരുന്നു. അദ്ദേഹത്തിനു് ഒരു പിതാവോ, മാതാവോ, വംശാവലിയോ ഉള്ളതായും പഴയ നിയമ വിവരണത്തിൽ കാണുന്നില്ല. ഇക്കാര്യം പൗലോസ് എടുത്തുപറയുന്നുണ്ടു് (എബ്രാ:7:1-7). അബ്രഹാമിനെ 'അനുഗ്രഹിച്ചു' എന്നുപറഞ്ഞിരിക്കെ, അദ്ദേഹം അബ്രഹാമിനേക്കാൾ വലിയവനായിരുന്നു എന്നു ഗ്രഹിക്കണം. പുരോഹിതനായി യഹോവയാൽ ഉയർത്തപ്പെട്ടതാണു് ഇതിനു കാരണം. 'ദാവീദിന്റെ മകൻ' എന്നു വ്യവഹരിക്ക

www.malankaralibrary.com

പ്പെട്ട ക്രിസ്തു, ദാവീദിന്റെയും കർത്താവായിരുന്നു; ദാവീദിനേക്കാൾ വലിയവനായിരുന്നു എന്ന ഒരു സമാന സത്യം ഇവിടെ സ്മർത്തവ്യമാണ്. ഇക്കാര്യങ്ങളെല്ലാം എബ്രായാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ചർച്ച ചെയ്യുന്നുണ്ട്. അതിൽ ഒരു വാചകം ഇവിടെ പ്രസക്തവും ശ്രദ്ധേയവുമായിരിക്കുന്നു. 'ദൈവപുത്രനു സദൃശ്യനായ അദ്ദേഹം എന്നെന്നും പുരോഹിതനാണ്'' (എബ്രാ. 7:3). ഇവിടത്തെ സാദൃശ്യം, അസ്സലും ഛായയും പോലുള്ളതാണ്; മറിച്ചല്ല എന്നതു ശ്രദ്ധേയമായിരിക്കുന്നു. യഥാർത്ഥ നിത്യപുരോഹിതനായിരിക്കുന്ന ക്രിസ്തു അസ്സൽ. അവിടുന്നു അപ്പവീഞ്ഞുകളിലൂടെ അർപ്പിക്കുന്ന വി. കുർബാന എന്ന യാഗവും അസ്സൽ. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ പിന്നീടു അപ്പവീഞ്ഞുകളുടെ രൂപം എടുക്കുന്നു എന്നുവരുമ്പോൾ അതു വി. കുർബാനയായി, അപ്പവീഞ്ഞുകളിലൂടെ ക്രിസ്തു അവതരിക്കുന്നു എന്നു പറയാമെങ്കിൽ, കാര്യം സുതരാം വ്യക്തം. സാധാരണക്കാർക്കുള്ള ഈ പ്രയോഗം എളുപ്പം മനസ്സിലാക്കാൻ കഴിഞ്ഞേക്കും.

വി. കുർബാന : അസ്സൽ ബലി

ക്രിസ്തു കാൽവരിയിൽ സ്വന്തം ശരീരരക്തങ്ങൾ കൊണ്ടു അനുഷ്ഠിച്ച അതേ ബലിതന്നെയാണ്, വി. കുർബാനയിൽ അപ്പവീഞ്ഞുരൂപംവഴി അവിടുന്നു നടത്തിയതെന്നു ഉപരിവിചിന്തനംകൊണ്ടു വ്യക്തമാകുന്നതാണ്.

'ക്രിസ്തു അപ്പവും വീഞ്ഞും എടുത്തു തന്റെ ശരീരരക്തങ്ങളാക്കി ശിഷ്യന്മാർക്കു കൊടുത്തതു', മെൽക്കീസദേക്കിനെ അനുകരിക്കാൻ വേണ്ടിമാത്രം

www.malankaralibrary.com

മാണോ? വാസ്തവത്തിൽ മെൽക്കീസദേക്കു് മുൻകൂറായി ക്രിസ്തുവിനെ അനുകരിക്കുകയാണു് ചെയ്തതു്; അറിഞ്ഞോ അറിയാതെയോ മെൽക്കീസദേക്കീനെ അനുകരിക്കേണ്ട ആവശ്യം ക്രിസ്തുവിന്നില്ലല്ലൊ. യഹൂദന്മാർ ക്രിസ്തുവിൻെറ കാലത്തും പെസഹാ ആഘോഷിച്ചതു്, മൃകജന്തുക്കളെ കൊന്നുകൊണ്ടാണു്. അവിടെ രക്തം ചിന്തലുണ്ടു് എന്ന കാര്യം അനുക്തസിദ്ധം. ക്രിസ്തു പെസഹാ ആഘോഷിച്ചതു് അങ്ങനെ അല്ല. എന്നു തന്നെയല്ല, അവിടുന്നു യഹൂദന്മാരുടെ പെസഹായ്ക്കു് ഒരു ദിവസമെങ്കിലും മുമ്പേയാണു് തൻേറതായ പുതിയ രീതിയിലുള്ള, പുതിയ ഉടമ്പടിയിലുള്ള കുർബാന എന്ന പെസഹാ സ്ഥാപിച്ചതും ആഘോഷിച്ചതും. ലോകത്തിൻെറ പാപം പേറാൻ വന്ന ദൈവത്തിൻെറ കുഞ്ഞാടായ ക്രിസ്തുവിനു് അസ്സൽ പെസഹാ ദിവസം, അസ്സൽ ബലി സ്വയം അർപ്പിക്കേണ്ടിയിരുന്നു എന്നതാണിതിനു കാരണം. മാത്രമല്ല, യഹൂദന്മാരുടെ പെസഹാഭക്ഷണംമൂലം 'പാപമോചനവും നിത്യജീവനും' കിട്ടുന്നില്ല. വി. കുർബാനയിലെന്നപോലെ ബലിവസ്തുക്കളുമായുള്ള ഐക്യം സംഭവിക്കുന്നുമില്ല. കുർബാനവഴി കാൽവരിയിലെ ബലിക്കു് ഒരു പുതിയ മാനവും അർത്ഥവും കൈവരുന്നു. ഈ മാനം അല്പം നേരത്തെ ക്രിസ്തുവിനു സ്വീകരിക്കേണ്ടിവന്നു എന്നേയുള്ളു. നിത്യജീവൻ പ്രദാനം ചെയ്യാൻവേണ്ടി മനുഷ്യാത്മാവിൻെറ ഭക്ഷണമായി തീരണമായിരുന്നല്ലൊ.

വി. കുർബാനയ്ക്കു് അതിനേറതായ അർത്ഥം ക്രിസ്തു കൊടുത്തിരുന്നില്ലെങ്കിൽ, മെൽക്കീസദേക്കു് ചെയ്ത രീതിയിൽ ഒരു വഴിപാടായി അപ്പവും വീഞ്ഞും ദൈവത്തിനു് അർപ്പിച്ചാൽ മതിയായിരുന്നു; അപ്പവും

www.malankaralibrary.com

വീഞ്ഞും എടുത്തു സ്തോത്രം ചെയ്തു, സംഗതി അവിടെ അവസാനിപ്പിച്ചാൽ മതിയായിരുന്നു. ക്രിസ്തു എന്തുകൊണ്ടു് അവ തന്റെ ശരീരരക്തങ്ങളാണെന്നും പാപമോചനത്തിനും നിത്യജീവനുമായി അവ നൽകപ്പെടുന്നു എന്നും പറഞ്ഞു?

2. 'ദൈവത്തെ ഭക്ഷിക്കുക' എന്ന പ്രയോഗം പൗലോസു് ഒരിടത്തും നടത്തിയിട്ടില്ല. അതു് വിജാതീയരുടെ പ്രയോഗസമ്പ്രദായമാണു്. എങ്കിൽത്തന്നെയും, ഒരു മനുഷ്യൻ എന്ന നിലയിൽ ജീവൻതന്നെയായ ദൈവപുത്രനെ പച്ചയ്ക്കു് ഭക്ഷണമാക്കാൻ പറയുന്നതല്ല എന്ന അർത്ഥത്തിലാണു്, യഹൂദന്മാരും ഏതാനും ശിഷ്യന്മാരും ക്രിസ്തുവിൽ ഇടറിയതു്. എന്തായാലും മനുഷ്യനായ ദൈവപുത്രന്റെ ശരീരം മനുഷ്യാത്മാവിന്റെ ഭക്ഷണമായി കൊടുത്തേ മതിയാവൂ. അതിനു് അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കിമാറുക എന്നല്ലാതെ എന്തു കരണീയം?

പ്രകൃതിയിലെ ജീവിത നിയമം മനസിലാക്കേണ്ടതാണു്. ഓരോ തട്ടിലും തലത്തിലുമുള്ള ജീവികളും മറ്റു വസ്തുക്കളെയും ജീവികളെയും ഭക്ഷിച്ചു ജീവിക്കുന്നു. ഇതു ശരീരകാര്യം: പ്രാണമയമായ ജീവന്റെ കാര്യം. ആത്മമയമായ ജീവൻ നിലനിറുത്താനും വളരാനും ആത്മഭക്ഷണം ഇതുപോലെ വേണം; അതാണു് കുർബാന.

3. വി. കുർബാന വെറും ഓർമ്മയ്ക്കായുള്ള ഒരു കർമ്മാനുഷ്ഠാനമായിരുന്നെങ്കിൽ, അപ്പവും വീഞ്ഞും എന്തിനു് ഉപയോഗിച്ചു? അതല്ലല്ലൊ പതിവു്. പഴയ രീതിയിൽ പെസഹാ ആഘോഷിച്ചാൽ മതിയായിരുന്നു. ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും

www.malankaralibrary.com

ഓർമ്മകൊണ്ടോടണമെങ്കിൽ, അതിനു ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയും മതിയല്ലൊ! അതാണെങ്കിൽ അക്രൈസ്തവർക്കും മനസ്സിലാകും. വി. കുർബാന ഒരു വിസ്മൃതിമായേ അവർക്കു തോന്നുകയുള്ളൂ. അതോ, അമ്പലത്തിൽ നിന്നു ലഭിക്കുന്ന പ്രസാദത്തിന്റെ സ്ഥാനമേ, വി. കുർബാനയ്ക്കുള്ളോ?

4. വി. കുർബാനസ്ഥാപനത്തെ സംബന്ധിച്ച് പൗലോസ് ആമുഖമായി പറയുന്ന ഒരു വാചകം വിചിന്തനവിഷയമാക്കാതെ വിടാൻ പാടില്ല. 'കർത്താവിൽ നിന്നു ലഭിച്ചതു ഞാൻ നിങ്ങൾക്കു ഏല്പിച്ചു തന്നു' (1 കോറി: 11:23). കേവലമായ ഒരേർപ്പാടാണു കുർബാനാർപ്പണമെങ്കിൽ 'ഏല്പിച്ചു തന്നതു്' എന്ന പദപ്രയോഗം പൗലോസ് നടത്താനിടയില്ല. എന്തെങ്കിലും ഭരമേല്പിക്കുന്നതു്, ഗൗരവമുള്ളതായിരിക്കും. വെറും ഒരോർമ്മ ഒകൊണ്ടോടാൻ, ഭരമേല്പിക്കാനെന്തിരിക്കുന്നു? ഒന്നും പ്രത്യേകിച്ചു് ഏല്പിച്ചു കൊടുക്കുന്നില്ലെങ്കിലും, അനുയായികൾ ഒരു നേതാവിന്റെയോ മതാചാര്യന്റെയോ 'ജയന്തിയും സമാധിയു'മൊക്കെ ആഘോഷിക്കാറുണ്ടല്ലൊ. എന്നു തന്നെയല്ല, പ്രത്യേകിച്ചു ഗൗരവമായ ഒരർത്ഥമില്ലെങ്കിൽ, ഏതെങ്കിലും മതനേതാവു് തന്റെ ഓർമ്മ കൊണ്ടോടാൻ ഒരു കല്പന കൊടുക്കാറില്ല. അങ്ങനെ ഒരു കാര്യം ലോക ചരിത്രത്തിൽ ഇല്ല. വ്യക്തിപരമായ ഒരു നേട്ടത്തിനോ മഹത്വത്തിനോവേണ്ടി, മരിക്കുന്നതിനുമുമ്പു് ഇത്തരം ഒരു നിർദ്ദേശം ഒരു ആചാര്യൻ കൊടുത്താൽ അയാളെപ്പറ്റി മറ്റുള്ളവർക്കു് മതിപ്പു തോന്നുകയില്ല!

മുകളിൽപ്പറഞ്ഞതു കൂടാതെ, പൗലോസ് വേറൊരിടത്തും ഇക്കാര്യം പറയുന്നുണ്ടു്, 'എനിക്കു് ലഭിച്ചതു്

www.malankaralibrary.com

പരമപ്രധാനമായി ഞാൻ നിങ്ങൾക്കു് ഏല്പിച്ചതന്നു' (1 കോറി: 15:3). നേരത്തെ അറിയിച്ച സുവിശേഷത്തിൽ ഉറച്ചു നിൽക്കണമെന്ന കാര്യം ഓർമ്മിപ്പിച്ചിട്ടാണു് പൗലോസു് ഇങ്ങനെ എഴുതിയിരിക്കുന്നതു്. എന്നിട്ടു്, ഈ പരമപ്രധാനമായ കാര്യം, ക്രിസ്തുവിന്റെ മരണം, ഉയർത്തെഴുന്നേല്പു് എന്നിവയുമായി അദ്ദേഹം ബന്ധപ്പെടുത്തുന്നു. കർബാന എന്ന ബലികർമ്മമാണു് ഈ 'പരമപ്രധാനമായ കാര്യം' എന്നു ഇപ്പറഞ്ഞതിൽ നിന്നു വ്യക്തം.

'എന്നിരിക്കെ, എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' എന്നു ക്രിസ്തു കല്പിച്ചതിനു വേറൊരു അർത്ഥവ്യാപ്തിയും വരുന്നുണ്ടു്. എന്നെ ഓർത്തുകൊണ്ടു് എന്നു പറഞ്ഞാൽ, മനുഷ്യനെ ഓർത്തുകൊണ്ടു്, മനുഷ്യന്റെ രക്ഷ ഓർത്തുകൊണ്ടു് ഇങ്ങനെ ചെയ്യണമെന്നാണു് ധ്വനി. ഈ അർത്ഥം ഇതിനില്ലെങ്കിൽ ക്രിസ്തുവിന്റെ നിർദ്ദേശം തരംതാണതായിരിക്കും. തന്റെ ശരീരവും രക്തവും മനുഷ്യനു കിട്ടുന്നില്ലെങ്കിൽ, അവൻ നിത്യജീവൻ പ്രാപിക്കാതെ മരണത്തിന്റെ നിഴലിൽ കഴിയേണ്ടിവരും എന്ന സത്യം ക്രിസ്തു ഇവിടെ ധ്വനിപ്പിക്കുന്നു.

5. തുടർന്നു പൗലോസു് പറയുന്നതിൽ നിന്നു്, ഏല്പിച്ചു കൊടുത്തതു് 'ഗൗരവമുള്ള കാര്യമാണെന്നു വ്യക്തമാകും. ശരിയായ ആത്മപരിശോധന നടത്തിവേണം വി. കുർബാന ഭക്ഷിക്കേണ്ടതു്; അല്ലെങ്കിൽ ഒരുവൻ ന്യായവിധിക്കു വിധേയനാകും എന്നു് അദ്ദേഹം താക്കീതു നൽകുന്നു. ന്യായവിധി ചെറിയ കാര്യമൊന്നുമല്ലല്ലോ! അതുതന്നെ ശിക്ഷാവിധി* കൂടാതെ പാപാ

* 'ജീവനുള്ള ദൈവത്തിന്റെ കൈയിൽ അകപ്പെടുന്നതു് ഭയങ്കരമാണു്' (ഏബ്രാ: 10:31)

www.malankaralibrary.com

വസ്ഥയിൽ ആരെങ്കിലും വി. കുർബാന ഭക്ഷിച്ചാൽ, അയാളുടെ പാപം എന്ന മാരകമായ ആത്മരോഗം ശതഗ്രണീഭവിക്കുന്നു എന്ന അപകടസൂചനയാണു പൗലോസ് നൽകുന്നതു്. വളരെ ഗൗരവമുള്ള വാക്കുകൾ!

ഇതിന്റെ ധ്വനി, വി. കുർബാനയിൽ ദൈവപുത്രന്റെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടു്; അതു് വെറുമൊരു സാധാരണ (പൈസഹാ) ഭക്ഷണമല്ല എന്നാണു്. സാധാരണ ഭക്ഷണം കഴിക്കണമെങ്കിൽ അതു വീട്ടിലിരുന്നു ചെയ്തുകൊള്ളട്ടെ എന്നു പൗലോസ് എടുത്തുപറയുന്നുണ്ടു്. വി. കുർബാനയും അതിന്റെ ഉംക്കൊള്ളലും, സ്നേഹഭോജന (Agape) ത്തിലും ഉപരിയായ ഒന്നാണു് എന്നും ഇവിടെ മനസ്സിലാക്കേണ്ടിയിരിക്കുന്നു (1 കോറി. 11:27—32).

6. വി. കുർബാന എന്ന അസ്സൂലിന്റെ നിഴൽ യേശയ്യായുടെ ദർശനത്തിൽ കാണാം. അതു പറഞ്ഞുവന്ന സനാതന സത്യത്തിനു കൂടുതൽ വെളിച്ചവും തെളിച്ചവും തരുന്നുണ്ടു്. യഹോവയെ മുഖാഭിമുഖം ദർശിച്ചതിൽ ഭയസംത്രാസഭരിതനായ യേശയ്യാ ഇങ്ങനെ ഉദീരണം ചെയ്യുന്നു: 'എനിക്കു ദുരിതം! ഞാൻ മരിക്കും. നിശ്ചയം! കാരണം, ഞാൻ അശുദ്ധമായ അധരങ്ങളുള്ള മനുഷ്യനാണു്; അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനാണു ഞാൻ. എന്റെ കണ്ണുകൾ സൈന്യങ്ങളുടെ കർത്താവായ രാജാവിനെ കണ്ടല്ലോ'. * അപ്പോൾ ഒരു മാലാഖ ബലിപീഠത്തിലേക്കു പറന്നുചെന്നു ചവണ

---

* ആഗ്നേയ പ്രഭാവമുള്ള ദൈവത്തെ മുഖാഭിമുഖം കാണാൻ പാടില്ല; അതിനു തക്ക യോഗ്യത മനുഷ്യനില്ല; ദഹിച്ചുപോകും എന്നായിരുന്ന യഹൂദന്മാരുടെ വിശ്വാസം. മേഘത്തിന്റെ മറവിലാണു യഹോവയോടു മോശ സംസാരിച്ചതെന്നും ഓർക്കുക.

www.malankaralibrary.com

കൊണ്ടു് ഒരു തീക്കട്ട എടുത്തുകൊണ്ടുവന്നു യേശയ്യായുടെ ചുണ്ടിൽ തൊടുവിച്ചിട്ടു പറഞ്ഞു: 'ഇതാ, നിന്റെ ചുണ്ടുകളെ ഇതു സ്പർശിച്ചിരിക്കുന്നു; നിന്റെ അപരാധം നീക്കിക്കളഞ്ഞിരിക്കുന്നു; നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു' (യേശ:6;1—8).

ബലിപീഠത്തിൽ നിന്നെടുത്ത ഈ 'തീക്കട്ട' വി. കുർബാന എന്ന അസ്സലിന്റെ പഴയ നിയമ കാലത്തെ നിഴലാണു്. വി. കുർബാനയിൽ സന്നിഹിതനായിരിക്കുന്നതു് ആഗ്നേയപ്രഭാവമുള്ള ദൈവമാണു്. പരിശുദ്ധി അഗ്നിയായിരിക്കുന്നവൻ. ഇവിടെ ദൈവപുത്രൻ. മനുഷ്യനായിത്തീർന്നതുകൊണ്ടു്, വി. കുർബാനയിലായിരിക്കകൊണ്ടു് മനുഷ്യനു് അടുത്തു ചെല്ലാം എന്നതു വേറൊരു കാര്യം (എബ്രാ: 12:18—21). കുർബാനയുടെ നിഴലാണെങ്കിലും, യേശയ്യാ കണ്ട ഈ 'തീക്കട്ട,' അവശ്യം ഭാവിയായ ഒരു മഹാസത്യത്തിന്റെ, അടയാളത്തിന്റെ അനുക്ഷണവികസ്വരമായ അർത്ഥം കാലേകൂട്ടി പ്രസ്ഫുരിപ്പിക്കുന്നു. കുർബാന അഗ്നി പരിശുദ്ധി കാണിക്കെ, അതനുഭവിക്കുമ്പോൾ സൂക്ഷിക്കണം എന്നു പൗലോസു പറയുന്നതു് വെറുതെയല്ല.

7. 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു; നിന്റെ അപരാധങ്ങൾ നീക്കപ്പെട്ടിരിക്കുന്നു' എന്നു് ദൈവനിയുക്തനായ മാലാഖ പറയുമ്പോൾ, ഈ 'തീക്കട്ട'മൂലം പാപമോചനവും സാധിക്കുന്നു എന്നവരുന്നു. അപ്പവീഞ്ഞുകൾ തന്റെ ശരീരരക്തങ്ങളാക്കി മാറ്റി, ക്രിസ്തു തന്റെ ശിഷ്യന്മാർക്കു കൊടുത്തപ്പോൾ പറഞ്ഞ വാക്കുകൾ ഇങ്ങനെയാണു്: 'ഇതു പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുന്നു'. നിത്യജീവനുടമയാകുന്നതിനുമുമ്പു് പാപമോചനം സാധിച്ചിരിക്കണം.

www.malankaralibrary.com

കുമ്പസാരത്തിനുപരി, പാപമോചനം അതിന്റെ പൂർണ്ണ രൂപത്തിൽ കുർബാനാനുഭവം വഴി ഉണ്ടാകുന്നു; അഥവാ, ലഘുവായ പാപങ്ങൾ കുമ്പസാരം കൂടാതെതന്നെ, കുർബാനാനുഭവംവഴി മാഞ്ഞുപോകുന്നു എന്നു വരുന്നു. എന്നുതന്നെയല്ല, പാപം ചെയ്യുന്നതിനു പ്രേരകമായ ദുർവാസനതന്നെയും മനുഷ്യസ്വഭാവത്തിൽ ഇല്ലാതാകുന്നു എന്ന കാര്യവും ഇവിടെ ധ്വനിക്കുന്നുണ്ട്. ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം വി. കുർബാനയിലില്ലെങ്കിൽ, പാപമോചനത്തിനും നിത്യജീവനുമായി ഇതു നൽകപ്പെടുന്നു എന്ന ദൈവപുത്രപ്രസ്താവം നിരർത്ഥകമായിത്തീരുന്നു!

8. മനുഷ്യാവതാരം ദൈവപുത്രനു മനുഷ്യവംശവുമായി രക്തബന്ധം ഉണ്ടാക്കുന്നു. കുരിശുമരണത്തിനും ഉയർപ്പിനുംശേഷം, പ്രസ്തുത രക്തബന്ധം അറുപോകാൻ പാടില്ല. ഈ രക്തബന്ധം നിലനിൽക്കുന്നതു്, വി. കുർബാനാനുഭവം വഴിയാണു്. വി. കുർബാന യേശുവിന്റെ തിരുശരീര രക്തങ്ങളല്ലെങ്കിൽ ഇതു പ്രാവർത്തികമാകയില്ല. പൗലോസു് പറയുന്നു: 'നാം സ്തോത്രം ചെയ്യുന്ന പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള പങ്കുചേരലല്ലേ? കാരണം, ഒരപ്പമേയുള്ളു. നാം പലരെങ്കിലും, എല്ലാവരും ആ അപ്പത്തിൽ പങ്കുചേരുന്നതുകൊണ്ടു് ഏക ശരീരമാണു്' (1 കോറി: 10,16,17).

ക്രിസ്തു ശിരസ്സും, വിശ്വാസികളുടെ ജൈവസംഘാതമായ സഭ അവിടുത്തെ ശരീരവുമാകുന്നു (1 കോറി:12:22). 'ശിരസ്സായ ക്രിസ്തുവുമായുള്ള ബന്ധം ..... സന്ധിബന്ധങ്ങളും കൊണ്ടും, നാഡി ഞരമ്പുകളുംകൊണ്ടും ഒരുമിച്ചു ചേർക്കപ്പെട്ട ശരീരം, ശിരസ്സുമായി ചേർന്നുനിൽക്കുമ്പോ

www.malankaralibrary.com

ഴാണല്ലോ, പോഷകാംശം സ്വീകരിച്ചുവളരുക. ദൈവത്തിൽനിന്നാണു് ഇതിന്റെ വളർച്ച' (കൊളേ:2:19). ക്രിസ്തുവുമായി ഒന്നുചേന്നുള്ള സഭാശരീരത്തിന്റെ വളർച്ച വി. കുർബാന എന്ന പോഷകാഹാരം സ്വീകരിച്ചാലേ സാധിതമാകൂ. 'ദൈവത്തിൽനിന്നാണു് ഇതിന്റെ വളർച്ച' എന്നു പൗലോസു് പറയുമ്പോഴും, സാധാരണ ജഡമാത്രമായ ശരീരത്തിന്റെ കാര്യമല്ല എന്നു സ്പഷ്ടം.

അതങ്ങനെയിരിക്കട്ടെ; പറഞ്ഞുവന്ന കാര്യം തുടരാം. ക്രിസ്തുവും സഭയും ഒന്നാകുന്നു: വിശ്വാസികളെ പീഡിപ്പിച്ചുകൊണ്ടിരുന്ന ശൗലി (പൗലോസി) നോടു് യേശു ചോദിക്കുന്നതു് ഇങ്ങനെയാണു്: 'ശൗലേ, ശൗലേ, നീ എന്നെ പീഡിപ്പിക്കുന്നതെന്തിനു്?' (അപ്പോ: 9:4). ശൗൽ, ക്രിസ്തുവിനെ പീഡിപ്പിച്ചില്ല; കണ്ടിട്ടുപോലു മുണ്ടായിരുന്നില്ലെന്നോർക്കുക സഭ ക്രിസ്തുവിന്റെ ശരീരമാണെന്നു പറഞ്ഞതുപോലെ മണവാട്ടിയുമാകുന്നു (വെളി: 19:7;21;2,3,9,14). മണവാളനും മണവാട്ടിയും ഒരു ശരീരമായിത്തീരുന്നു എന്ന മറെറാരു ബൈബിൾ ലിഖിതവും ഇതോടൊന്നിച്ചോർക്കാം. ഇക്കാര്യത്തിന്റെ നിഴൽ പഴയനിയമത്തിൽ കാണാം. ഇസ്രായേലിനെ യഹോവ, തന്റെ പരിഗ്രഹം ആക്കിയിരുന്നു (യേശ:62;4-6;42:8; യെരമ്യാ:31:32; എസ:16). എങ്കിലും പഴയ നിയമകാലത്തെ ദൈവമനുഷ്യബന്ധം കേവലം ആത്മീയമായിരുന്നു. യഹോവ ഒരിടത്തു്: ഇസ്രായേൽ മറെറാരിടത്തു്. ഇവിടെ പുതിയ നിയമകാലത്തു്, പ്രസ്തുത ബന്ധം ശാരീരികമായിത്തീർന്നിരിക്കുന്നു, മനുഷ്യാവതാരത്താൽത്തന്നെ. ഇത്തരം ബന്ധം കുരിശുമരണത്തിനും ഉയർപ്പിനുശേഷം നിലനിൽക്കുന്നതു്, നിലനിറുത്തേണ്ടതു് വി. കുർബാന എന്ന ഭക്ഷണം വഴിയാണു്.

www.malankaralibrary.com

9. വി. കുർബാനവഴി ദൈവമായ ക്രിസ്തുവുമായി ശാരീരികബന്ധം സ്ഥാപിക്കാനൊക്കുന്നില്ലെങ്കിൽ, പഴയനിയമകാലത്തെന്നപോലെ, ദൈവവചനംവഴിയുള്ള ബന്ധമേ മനുഷ്യനു കൈവരികയുള്ളൂ. മുമ്പുപറഞ്ഞതുപോലെ അതൊരുതരം ആത്മീയബന്ധംമാത്രമാണ്. ക്രിസ്തുവുമായി ഇത്തരം ഒരു ആദ്ധ്യാത്മികബന്ധം മാത്രം പോരാ; ശരീരബന്ധംകൂടിവേണം. കാരണം, അവിടുന്നു മനുഷ്യനും കൂടിയാണ്. ഒരർത്ഥത്തിൽ, പഴയനിയമത്തിന്റെ പൂർത്തീകരണമാണു പുതിയ നിയമം. അതുകൊണ്ടുകൂടിയാണ് ന്യായപ്രമാണം പൂർത്തീകരിക്കാൻ താൻ വന്നിരിക്കുന്നു എന്നു ക്രിസ്തു അരുളിചെയ്തതു്. മറ്റു കുദാശകൾവഴിയെന്നതിനേക്കാൾ അർത്ഥവത്തായി ന്യായപ്രമാണപൂർത്തീകരണം വി. കുർബാനവഴി നടക്കുന്നു. കുർബാനയിൽ ദൈവാരാധനയും ദൈവസ്തോത്രവും പാപപ്പൊറുതിയും അനുഗ്രഹവും കൂട്ടായ്മയും എല്ലാം സാധിതമാകുന്നു. കുർബാനയിലെ കൂട്ടായ്മയിൽ സഹോദരസ്നേഹം സംബന്ധിച്ച ന്യായപ്രമാണത്തിന്റെ പൂർത്തീകരണവും യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ശരീരാംഗങ്ങളാകുന്ന വിശ്വാസികൾ, പൗലോസ് പറയുന്നതുപോലെ, 'ഒരേ മേശയിൽനിന്ന് ഒരേ അപ്പം ഭക്ഷിക്കുന്നു'.

10. ക്രിസ്തുവിനോടുകൂടെ പീഡയനുഭവിക്കുകയും മരിക്കുകയും കബറടക്കപ്പെടുകയും ചെയ്യുന്നവർക്കേ ക്രിസ്തുവിനോടുകൂടി ഉയർപ്പുള്ളൂ എന്നു പൗലോസ് പറയുന്നു (റോമ 6:1-11). ഞാൻ ദിവസവും മരിക്കുന്നു (1 കൊരി. 15:32; റോമാ. 8:36); ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ കുറവുള്ളതു് ഞാൻ പൂർത്തിയാക്കുന്നു' (കൊളോ. 1:24); എന്നൊക്കെ പൗലോസ് പറയുന്നതിനു് അർത്ഥം കിട്ടണമെങ്കിൽ, ക്രിസ്തുവുമായി ശാരീരികമായിത്തന്നെ

www.malankaralibrary.com

ബന്ധപ്പെട്ടിരിക്കണം. അതിനു വി. കുർബാനയല്ലാതെ വേറെ മാർഗ്ഗമില്ല. ഒന്നു വിശദീകരിച്ചാലോ: കള്ളം പറഞ്ഞാൽ, മോഷ്ടിച്ചാൽ, അക്രമം പ്രവർത്തിച്ചാൽ, ജീവിതത്തിലെ ഇല്ലായ്മയിലും വല്ലായ്മയിലുംനിന്നു് ഒരളവുവരെ (താല്ക്കാലികമായി) രക്ഷപ്പെടാം. എന്തു ദുരിതങ്ങളും അനുഭവിക്കേണ്ടിവന്നാലും സത്യധർമ്മാദികളും കൈവിട്ടു ജീവിക്കയില്ല എന്ന നിഷ്ഠയുള്ളവർ, ദിവസവും പീഡയനുഭവിക്കുന്നവരും മരിക്കുന്നവരുമാണു്. അവർ ജീവിതത്തിന്റെ ഗോൽഗോഥായിൽ സത്യത്തിനുവേണ്ടി സഹനബലിയായിത്തീരുന്നു. വിശ്വാസികളെ സംബന്ധിച്ചിടത്തോളമുള്ള ഈ പീഡാനുഭവജീവിതം, അവരെ ക്രിസ്തുവുമായി അനുരൂപ്യമുള്ളവരാക്കുന്നു. മനുഷ്യനും കൂടിയാകകൊണ്ടു്, ക്രിസ്തുവിനെ പിതാവായ ദൈവം സമ്പൂർണ്ണനാക്കുന്നതു് സഹനത്തിലൂടെയാണെന്നു പൗലോസു് പറയുന്നുണ്ടല്ലൊ (എബ്രാ. 2:10). ഇതു് മനുഷ്യരെ സംബന്ധിച്ചും പ്രായോഗികമാകുന്നതു് പറഞ്ഞുവന്ന സത്യത്തിനു പരിവേഷം ചാർത്തുന്നു. അപ്പോഴും മാത്രമേ, ഞാനല്ല ജീവിക്കുന്നതു്, ക്രിസ്തു എന്നിൽ ജീവിക്കുന്നു (ഗലാ:2:20) എന്നു പൗലോസിനെപ്പോലെ ഓരോ ക്രിസ്ത്യാനിക്കും പറയാൻ പറ്റൂ. ഈ അനുരൂപ്യജീവിതം ആത്മീയമായതുമാത്രമാണെന്നു ശഠിക്കുന്നതിൽ അർത്ഥമില്ല.

11. യേശു എന്നാണു പേരിട്ടതെങ്കിലും, പെന്തക്കോസ്തിക്കുശേഷം ക്രിസ്തു എന്ന സ്ഥാനപ്പേരിനാണു് പ്രയോഗപ്രചാരംവന്നതു്. സുവിശേഷങ്ങളും* അപ്പോസ്തോലപ്രവൃത്തികളുടെ ആദ്യഭാഗവും ഒഴിച്ചുള്ള പുതിയനിയമത്തിൽനിന്നു് ഇതു വ്യക്തമാണു്. യേശു എന്നു പറഞ്ഞാൽ

* മത്തായിയുടെ സുവിശേഷത്തിന്റെ തുടക്കത്തിൽ യേശുക്രിസ്തു എന്ന പ്രയോഗം കാണുന്നതു് ഇവിടെ വിസ്മരിക്കുന്നില്ല.

www.malankaralibrary.com

'രക്ഷകൻ' എന്നാണർത്ഥം. ക്രിസ്തു (Christos) എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം അഭിഷിക്തൻ എന്നുമാണു്. ഇതിനുപകരം ഹിബ്രൂവിലും സുറിയാനിയിലുമുള്ള പദം മശിഹാ എന്നാണു്.

പൗലോസു്, യേശു എന്ന മാതൃമായി മനുഷ്യനായിത്തീർന്ന ദൈവപുത്രനെ, അപൂർവ്വമായേ വ്യവഹരിച്ചു കാണുന്നുള്ളു. യേശുക്രിസ്തു, ക്രിസ്തുയേശു, കർത്താവായ യേശു എന്ന പ്രയോഗങ്ങളാണു് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ കാണാം. എന്നാൽ ക്രിസ്തു എന്ന പ്രയോഗമാണു് അവയിൽ കൂടുതലായും. ഒരു വാചകൻ ഭ്രഷ്ടവ്യമാവുക.

യേശുവിന്റെ മുപ്പതാം വയസ്സിലാണു് അവിടുന്നു് അഭിഷിക്തനായതു് ക്രിസ്തു എന്ന സ്ഥാനപ്പേരിനു പ്രസക്തിയുണ്ടായതു് അന്നുമുതൽക്കാണു്. യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതു് ക്രിസ്തുവിനെയാണു്; പലരും ഉപയോഗിച്ചിട്ടുള്ള യേശു എന്ന ഒരു പേരുകാരനെയല്ല. 'മശിഹാ വരും' എന്നു ശമരിയാക്കാരി സ്ത്രീ പറഞ്ഞപ്പോൾ, 'നിന്നോടു സംസാരിക്കുന്ന ഈ ഞാൻ തന്നെ അവൻ' എന്നു യേശു പറഞ്ഞതു് ഇവിടെ സു്മർത്തവ്യമാണു്. യോർദാനിൽ സ്നാനപ്പെട്ടതും, പരിശുദ്ധാത്മാവു് പ്രാവിന്റെ രൂപത്തിൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി യേശുവിന്റെ മേൽ വന്നിരുന്നതും, പിതാവിനാൽ സാക്ഷീകരിക്കപ്പെട്ടതും യേശുവിന്റെ അഭിഷേകകർമ്മത്തിനു തെളിവുകളാണു്. രാജാക്കന്മാരായ ശൗൽ, ദാവീദു് എന്നിവരുടെ കാര്യത്തിലെന്നപോലെ, അഭിഷേകകർമ്മത്തിനു തൈലസേചനം അനുപേക്ഷണീയമല്ല. മോശയുടെ കാര്യംതന്നെ ഒരുദാഹരണം. അപ്പോസ്തോലന്മാരും അഭിഷിക്തരായി എന്നല്ലാതെ, അവിടെയും തൈലസേചനം ഉണ്ടായിരുന്നില്ല.

www.malankaralibrary.com

യഹോവ ഒരാളെ അഭിഷേകംചെയ്യുമ്പോൾ, ഒരു പ്രത്യേക ദൗത്യം അതിൽ അന്തർഭവിച്ചിരിക്കും. മുൾപടർപ്പിലെ അഗ്നിസാന്നിദ്ധ്യത്തിൽ അഭിഷിക്തനായ മോശ എന്ന പുരോഹിതപ്രവാചകൻ, ഇസ്രായേൽക്കാരുടെ വിമോചനം എന്ന ദൗത്യം നിറവേറ്റി. ക്രിസ്തുവായി അഭിഷിക്തനായതിനുശേഷം യേശുവും മനുഷ്യ പാപ വിമോചനം എന്ന തന്റെ ജീവിതദൗത്യം നിറവേറ്റി. ഇക്കാരണത്താൽ ക്രിസ്തുയേശു എന്നതിനു്, യേശുക്രിസ്തു എന്ന പ്രയോഗത്തേക്കാൾ അത്ഥപ്രസക്തിയേറുന്നു. അഭിഷിക്തന്റെ ദൗത്യ കാര്യംതന്നെ പ്രധാനം എന്ന സൂചനയാണു് ഇതു നൽകുന്നതു്. ഇത്തരം ഒരു സൂചന സുവിശേഷത്തിൽ ആദ്യമായി കാണുന്നതു് യേശുവിന്റെ ജനനസംഭവം മാലാഖ, ആട്ടിടയന്മാരെ വിളിച്ചറിയിച്ചപ്പോഴാണു്, 'നിങ്ങൾക്കു ഒരു രക്ഷകൻ ഇതാ, പിറന്നിരിക്കുന്നു, അവൻ കർത്താവായ ക്രിസ്തു ആകുന്നു' (ലൂക്കൊ. 2:11) ക്രിസ്തു ആകുന്നതാണു് എന്നു ധ്വനി. കാരണം, മംഗലവാർത്താവേളയിൽ, പിറക്കാൻപോകുന്ന ശിശുവിനു (ക്രിസ്തു എന്നല്ല) യേശു എന്നു പേർ വിളിക്കണം എന്നായിരുന്നല്ലോ ഗബ്രിയേൽ മാലാഖ കന്യകാ മറിയാമിനോടു് ആവശ്യപ്പെട്ടതു്.

ക്രിസ്തുവിന്റെ ദൗത്യം സാക്ഷാത്ക്കരിക്കപ്പെടുന്നതു് കാൽവരിയിലെ ബലിമൂലമാണു്. പുരോഹിതനാകാതെയും ബലി നടത്താം. അബ്രഹാംതന്നെ ഉദാഹരണം. ബലിനടത്തിയില്ലെങ്കിലും, അബ്രഹാം അതിനു തയ്യാറായി. പ്രത്യേകിച്ചു പുരോഹിതസ്ഥാനത്തു് അവരോധിതനായില്ലെങ്കിലും, ദൈവപുത്രനായിരുന്നതിനാൽ യേശു ബലിയനുഷ്ഠിച്ചാൽ അതു് ദൈവത്തിനു സ്വീകാര്യമായിരുന്നേനെ. പിന്നെന്തിനാണു്, യേശുവിനെ ദൈവം 'പുരോഹിതസ്ഥാനത്തേക്കുയർത്തിയതു്'?

www.malankaralibrary.com

എന്തുകൊണ്ടാണു് ക്രിസ്തു മഹാപുരോഹിതനാണു്, നിത്യ പുരോഹിതനാണു് എന്നു പൗലോസു് പറയുന്നതു്? ഇക്കാര്യം ചിന്തനീയമല്ലെന്നു പറയുന്നതെങ്ങനെ?

കൂടാതെ, മെൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനാണു ക്രിസ്തു എന്നു പൗലോസു് പറയുന്നുണ്ടല്ലൊ. മെൽക്കീസദേക്കിന്റെ ക്രമപ്രകാരം എന്നു പറഞ്ഞാൽ അർത്ഥം, യാഗവസ്തുവായി ആടിനെയും മറ്റും തഴഞ്ഞിട്ടു് അപ്പവീഞ്ഞുകളെ ഉപയോഗിക്കുക എന്നതാണു്. കാൽവരിയിലെ ക്രിസ്തുവിന്റെ ബലിയും അപ്പവീഞ്ഞുകളുടെ ബലിയും തമ്മിൽ സാധാരണ അർത്ഥത്തിൽ യാതൊരു സാദൃശ്യവും ഇല്ല. എന്നിരിക്കെ, കാൽവരിയിലെ ബലിയെപ്പറ്റി ഒരു ചർച്ച നടത്തി പ്രശ്നം അവസാനിപ്പിക്കാതെ, അപ്പവും വീഞ്ഞും ഉപയോഗിക്കുന്ന മെൽക്കീസദേക്കിന്റെ ക്രമകാര്യത്തെപ്പറ്റി പൗലോസു് എന്തിനു പ്രതിപാദിക്കുന്നു? ആവശ്യമില്ലാത്ത കാര്യങ്ങളെപ്പറ്റി വൃഥാജല്പനം നടത്തുന്ന ഒരു അവിമൃശ്യകാരിയോ വാവദൂകനോ ആണോ പൗലോസു്? അദ്ദേഹം എഴുതിവച്ചിരിക്കുന്ന കാര്യങ്ങളും പരിശുദ്ധാത്മപ്രേരിതമല്ലെന്നു പറയാമോ? അപ്പോഴും, ക്രിസ്തുവായി യേശു അഭിഷിക്തനായതു്, അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിലുള്ള വി. കുർബാന എന്ന ബലി അർപ്പിക്കാൻകൂടിയാണു്. അതു് കാൽവരിയിലെ ബലിയായിട്ടാണു് അവിടുന്നു വ്യവസ്ഥാപനം ചെയ്തിരിക്കുന്നതു്.

ഇനിയും: നിത്യപുരോഹിതനാണു് ക്രിസ്തു എന്നു പൗലോസു് പറയുന്നു. നിത്യപുരോഹിതൻ എന്നു വച്ചാൽ എന്താണർത്ഥം? എന്നേക്കുമായി പുരോഹിതൻ എന്നുതന്നെ. ഉയർത്തെഴുന്നേറ്റു് പിതാവായ ദൈവ

www.malankaralibrary.com

ത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന ക്രിസ്തു, എന്നന്നേക്കും പുരോഹിതനായിരിക്കുന്നതിൽ എന്തു പ്രസക്തി? സ്വർഗ്ഗത്തിൽ പുരോഹിതനായിരിക്കുന്നതുകൊണ്ട് മനുഷ്യർക്ക് എന്തു ഗുണം; എന്തു നേട്ടം? നിത്യപുരോഹിതനായിരിക്കുന്നതു് നിത്യവും ഭൂമിയിൽ എന്നേക്കും വി. കുർബാന എന്ന ബലി അർപ്പിക്കാനാണു്. അതു് താൻ അധികാരം കൊടുത്ത മനുഷ്യപുരോഹിതൻ എന്ന മീഡിയം വഴി അവിടുന്നു സാധിക്കുന്നു. മനുഷ്യപുരോഹിതൻ ക്രിസ്തുവിന്റെ സ്ഥാനത്തു് നിൽക്കുന്നുവെന്നേയുള്ളൂ. 'ഇതു് എന്റെ ശരീരമാകുന്നു' എന്ന കൂദാശവാണി ഉച്ചരിക്കുമ്പോൾ മനുഷ്യപുരോഹിതന്റെ അല്ല, ക്രിസ്തുവിന്റെ ശരീരമാവുകയാണു് അപ്പം. ഇതുതന്നെ പറഞ്ഞുവന്നതിനു തെളിവു്.

അപ്പോൾ ക്രിസ്തു (അഭിഷിക്തൻ) ആയി പിതാവായ ദൈവത്താൽ യേശു ഉയർത്തപ്പെട്ടതു്, കാൽവരിയിലെ ബലികൊണ്ടു് അവസാനിപ്പിക്കാനല്ല, പ്രത്യുത, മെൽക്കീസദേക്കിന്റെ ക്രമപ്രകാരം അപ്പവും വീഞ്ഞും ഉപയോഗിച്ചു് അതു തുടരാനാണു്.

'ബലികൾ' എന്ന ബഹുവചന പ്രയോഗം പൗലോസു് നടത്തിയിട്ടുണ്ടു് (എബ്രാ: 9:23). പഴയ ബലികൾ, അന്നു ആവശ്യമായിരുന്ന അവ സ്വർഗ്ഗീയമായ ബലികളുടെ പ്രതിരൂപങ്ങൾ ആയിരുന്നു എന്നു പറഞ്ഞതിനുശേഷം അദ്ദേഹം ഇങ്ങനെ തുടരുന്നു. 'സ്വർഗ്ഗീയമായ വസ്തു് ഇവയേക്കാൾ മികച്ച ബലികൾ ആവശ്യമാണു്.' വി. കുർബാന ഇന്നു് എന്നും അർപ്പിക്കുന്നു. അതിനെ പ്പററി അഭിവ്യഞ്ജിപ്പിക്കാനല്ലെങ്കിൽ മികച്ച ബലികൾ എന്ന ബഹുവചനപ്രയോഗത്തിനു അർത്ഥമില്ലെന്നുവരുന്നു.

www.malankaralibrary.com

കൂടാതെ: പഴയനിയമത്തിൽ ഇങ്ങനെ കാണുന്നു: എക്കാലവും തലമുറകളിലൂടെ ഈ ഹോമബലി കർത്താവിനു് അർപ്പിക്കണം. 'ഞാൻ ഇസ്രായേൽ ജനത്തിനു പ്രത്യക്ഷപ്പെടും' (പുറ:29:42). ഇതേ അദ്ധ്യായത്തിൽ ഇങ്ങനെയും: 'പാപപരിഹാരത്തിനായി ദിവസേന ഒരോ കാളയെ അർപ്പിക്കണം' (29:36) എന്നും കാണുന്നു.

'എക്കാലവും', 'ദിവസേന' എന്നീ പ്രയോഗങ്ങളും പഴയനിയമകാലത്തേക്കു മാത്രമായി ഒതുക്കാവുന്നതല്ല. പഴയനിയമ കാര്യങ്ങളും പുതിയനിയമ സത്യങ്ങളുടെ പ്രതിരൂപങ്ങളാണെന്നോർക്കുക.

II. കുർബാന സ്തോത്രയാഗമാകുന്നു

വി. കുർബാന സ്തോത്രം ആകുന്നു; എന്നുവച്ചാൽ സ്തോത്രയാഗമാകുന്നു: ദൈവത്തിനു നൽകുന്ന സ്തോത്രം. ബലിയിൽ രക്തം ചിന്തലും മരണവും ഉണ്ടു്. സ്തോത്രയാഗത്തിൽ ഇവരണ്ടും കാണില്ല. ഈ അർത്ഥത്തിൽ വി. കുർബാനയും രക്തം ചിന്താതെയുള്ള ബലിയാകയാൽ ബാഹ്യരൂപത്തിൽ സ്തോത്രയാഗമാണെന്നു പറയാം. യജിക്കപ്പെടുക, അഥവാ സ്തുതിക്കപ്പെടുക എന്നതാണു് യാഗപദത്തിന്റെ നിരുക്തം. ഹിന്ദുമതത്തിൽ ദേവന്മാർ സ്തുതിക്കപ്പെടുന്നതിനാണു് യാഗം നടത്തുന്നതു്. യഹൂദമതത്തിലാകട്ടെ, സത്യൈക ദൈവം സ്തുതിക്കപ്പെടുന്നതിനായിരുന്നു യാഗം. ഇതിനു് കാഴ്ചയർപ്പണം, നൈവേദ്യം, വഴിപാടു് എന്നൊക്കെപ്പേരുമുണ്ടു്. മൃഗജന്തുക്കളും, കാർഷികോൽപന്നങ്ങളും എന്നിവ പഴയ നിയമകാലത്തു് ദൈവത്തിനു സ്തോത്രയാഗമായി അർപ്പിച്ചിരുന്നു. ഹാബേലിന്റെയും കായേന്റെയും സ്തോത്ര കാഴ്ചകളും

www.malankaralibrary.com

തന്നെ പറഞ്ഞുവന്നതിനുദാഹരണം. വേറൊന്നു്, മെൽക്കീസദേക്കിന്റെ അപ്പവീഞ്ഞുകളുടെ സ്തോത്രയാഗമാണു്.

എന്നാൽ അധികമാരും ശ്രദ്ധിക്കാത്തതെങ്കിലും. അത്ഥവത്തായ ഒന്നു രണ്ടു സ്തോത്രയാഗത്തെപ്പറ്റി പൗലോസു് പറയുന്നതു് ആലോചനാമൃതമെന്നേ പറയാവൂ. യേശുവിന്റെ രക്തംചിന്തിയുള്ള ബലിയെപ്പറ്റി പറഞ്ഞതിനുശേഷം പൗലോസു് ഇങ്ങനെ തുടരുന്നു; 'അവനിലൂടെ നമുക്കു ദൈവത്തിനു സ്തോത്രയാഗം, അതായതു് അവന്റെ നാമം ഏറ്റുപറയുന്ന അധരങ്ങളുടെ ഫലം നിരന്തരം അർപ്പിക്കാം' (എബ്രാ. 13;15).

ക്രിസ്തു പഠിപ്പിച്ച പ്രാത്ഥനയുടെ ആദ്യവാചകം ഇപ്പറഞ്ഞതിനെ സാക്ഷിക്കുന്നു: 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ' ദൈവ തിരുനാമം അധരങ്ങൾകൊണ്ടു് ഉരുവിടുന്നതു ദൈവത്തിനു പ്രീതികരമായ ഒരു സ്തോത്രയാഗമാണു്. പ്രാത്ഥനകളിലെല്ലാം, പ്രത്യേകിച്ചു വി. കുർബാനയിൽ ഇതിനുവേണ്ട സംവിധാനമുണ്ടു്. 'നാരായണായ നമഃ, നാരായണായ നമഃ' എന്നു ഹിന്ദുക്കൾ അവരുടെ ദൈവത്തെ നാമോച്ചാരണംകൊണ്ടു സ്തോത്രംചെയ്യുന്നതു് ഇപ്പറഞ്ഞുവന്നതിനു വേറൊരുവിധത്തിലുള്ള സാദൃശ്യാത്മകമായ ഉദാഹരണമാണു്.

പ്രത്യേകിച്ചു വിശദീകരണമൊന്നും ആവശ്യമില്ലാത്ത വേറൊരുതരം സ്തോത്രയാഗത്തെപ്പറ്റി, മുമ്പു പറഞ്ഞതിന്റെ തുടർച്ചയായി പൗലോസു് പരാമർശിക്കുന്നുണ്ടു്. നാം വച്ചുപുലർത്തുന്ന യാഗസങ്കല്പത്തിൽ, ചിലർക്കു് അതു വിചിത്രമായി തോന്നിയേക്കാം. പക്ഷേ, വിശിഷ്ട

www.malankaralibrary.com

മായ ഒരു യാഗമായതിനാലാണു് പൗലോസു് ഇതെപ്പറ്റി പറയുന്നതു്. ഇങ്ങനെ: 'നന്മചെയ്യാനും, നിങ്ങൾക്കുള്ളവ പങ്കുവയ്ക്കാനും മറക്കരുതു്. അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണു്' (എബ്രാ:13:16) എന്തായാലും ബലിസങ്കല്പത്തിൽ പൗലോസു് നൽകുന്ന അർത്ഥവ്യാപ്തി നമ്മൾ കാണുന്നതിനപ്പുറം വികസ്വരമായി പരിശോഭിക്കുന്നു എന്നു സമ്മതിക്കണം.

കാഴ്ചവസ്തുക്കൾപോലെ, ഒരു വ്യക്തി സ്വയം വഴിപാടായി ദൈവത്തിനു സമർപ്പിക്കുന്ന സ്തോത്രയാഗമാണു് ഇപ്പറഞ്ഞുവന്നതിലും ആദ്ധ്യാത്മികസുന്ദരമായിരിക്കുന്നതു്. 'യഥാർത്ഥത്തിലുള്ള ബലികൾ താഴ്മയുള്ള ആത്മാവാകുന്നു' എന്നു ദാവീദു് പ്രസ്താവിക്കുന്നതു് ഈ സത്യത്തിന്റെ ബഹിർസ്പുരണമാണു്, പൗലോസു് ഒരിടത്തു് പറയുന്നുണ്ടു്, താൻ സുവിശേഷം വഴി ദൈവത്തിനു് നേടിക്കൊടുത്ത വിജാതീയർ ഒരു വഴിപാടാണെന്നു്, നോക്കുക: 'ദൈവത്തിന്റെ സുവിശേഷത്തിനു പൗരോഹിത്യ വേല ചെയ്തു് വിജാതീയർക്കിടയിൽ ക്രിസ്തുയേശുവിന്റെ സുവിശേഷകനാകാനും, തന്മൂലം വിജാതീയർ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെട്ട സ്വീകാര്യമായ ഒരു വഴിപാടായി സമർപ്പിക്കപ്പെടാനും ദൈവം എനിക്കു കൃപ തന്നിട്ടുണ്ടല്ലൊ'. (റോമാ. 15:16)

എന്നാൽ ദൈവത്തിന്റെമുമ്പിൽ നിസ്തുലവും നിരതിശായിയുമായ സ്തോത്രയാഗം ക്രിസ്തുവിന്റെതാണു്; ക്രിസ്തുതന്നെയാണു്. ക്രിസ്തുവിനെ ലോകത്തിന്റെ പാപം പേറാൻ വന്ന കുഞ്ഞാടായിട്ടാണു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നതു് എന്ന കാര്യം ഒന്നുകൂടി ഓർക്കുക. കുഞ്ഞാടിനു കളങ്കമില്ല; ശാലീനപ്രകൃതിയാണുള്ളതു്. പത്രോസു്

www.malankaralibrary.com

പറയുന്നതു നോക്കുക; 'വീണ്ടെടുക്കപ്പെട്ടവരാണു നിങ്ങൾ എന്നു് അറിഞ്ഞാലും. വെള്ളിയും സ്വർണ്ണവും പോലുള്ള നശ്വരവസ്തുക്കൾ കൊണ്ടല്ല, മറിച്ചു്, കറയും കളങ്കവുമില്ലാത്ത ഒരു കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ വിലയേറിയ രക്തംകൊണ്ടാണു വീണ്ടെടുക്കപ്പെട്ടതു്' (1 പത്രോ: 1:18,19). ഇവിടെ മുഖ്യമായി എഴുന്നു നിൽക്കുന്ന ആശയം, കളങ്കമില്ലാത്ത വസ്തുവേ, ദൈവത്തിനു പ്രീതികരമായിരിക്കയുള്ളൂ എന്നതാണു്. ഹാബേൽ ന്യൂനതയില്ലാത്ത കുഞ്ഞാടിനെ ദൈവത്തിനു കാഴ്ചയർപ്പിച്ചതു് ഈ വസ്തുത ഉള്ളിൽ വച്ചുകൊണ്ടായിരിക്കണം. ഇതു് ആദ്യത്തെ സ്തോത്രയാഗമായിരുന്നു. ദൈവപുത്രനായ ക്രിസ്തുവിന്റെ സ്തോത്രയാഗപ്രതീകമായിരുന്നു ഇതു് എന്നു് ഇതേപ്പറ്റി പൗലോസിന്റെ വാക്കുകളും ആധാരമാക്കി പറയാം (എബ്രാ: 8:5; 9:23,24).

സ്തോത്രയാഗത്തിനു് Eucharist എന്നാണു ഗ്രീക്കിൽ പറയുക. ക്രിസ്തു ഗോൽഗോഥായിൽ, ബലി എന്നതുപോലെ സ്തോത്രയാഗവുമായിത്തീർന്നു. വി. കുർബാനയും ഇതൊക്കെത്തന്നെ. ഈ തിരുമുല്ക്കാഴ്ച, ദൈവം മനുഷ്യനു നൽകുന്ന നാനാവിധമായ അനുഗ്രഹങ്ങൾക്കുള്ള നന്ദിപ്രകടനമാണെന്നും പറയാം. ഏറ്റവും വലിയ അനുഗ്രഹം ക്രിസ്തുതന്നെയാണല്ലൊ. കൂടാതെ മനുഷ്യനു ജീവിക്കാൻവേണ്ടി ദൈവം പ്രകൃതിയെ വേണ്ടവിധത്തിൽ ഒരുക്കിത്തന്നു. ദാവീദ് പറയുന്നതുപോലെ, മഴയും മഞ്ഞും, വിത്തും വിളയും ദൈവം മനുഷ്യർക്കു നൽകുകയും ചെയ്യുന്നു' (സങ്കീ. 65). മനുഷ്യനെ സൃഷ്ടിക്കുകയും, വേണ്ടതൊക്കെ നൽകുകയും, സർവോപരി പരിപാലിച്ചുകൊണ്ടുപോവുകയും ചെയ്യുന്ന ദൈവത്തിനു സ്തുതിയും സ്തോത്രവും നന്ദിയും നൽകുന്നതു വെറും ന്യായം.

www.malankaralibrary.com

മാത്രമാണ്. വി. കുർബാനയിൽ ഇതിനു തക്ക പ്രാത്ഥന കളും ഒരുക്കിച്ചേർത്തിരിക്കുന്നു. ലോകോത്തര സുന്ദരവും ഉത്തിഷ്ടമാനമാംവിധം മഹിമയുമുള്ള കുർബാന എന്ന ഈ സ്തോത്രയാഗം, പഴയനിയമകാലത്തെ പലതരം കാഴ്ചയർപ്പണങ്ങളിൽനിന്നു വ്യത്യസ്തമാണ്. ക്രിസ്തു തന്നെ യജമാനനും (യാഗകൃത്ത്) യാഗവസ്തുവുമായിരിക്കുന്നു എന്നതാണ് ഇതിനു കാരണം. വി. കുർബാന എന്ന ഈ യജ്ഞത്തിൽ പൗലോസ് പറയുന്നതുപോലെ ഓരോ വിശ്വാസിക്കും സ്വയം വഴിപാടായി ദൈവത്തിനു സമർപ്പിക്കാം (റോമാ: 15:16 Also cfr യേശ: 66:18). വഴിപാടാകുന്ന ഈ ഓരോ വിശ്വാസിയും യാഗകൃത്തായ പുരോഹിതനായി ഉയർത്തപ്പെടുകയും ചെയ്യുന്നു. ഈ അർത്ഥത്തിലാണ പത്രോസിന്റെ വാക്കുകളും നാം മനസ്സിലാക്കേണ്ടത്: 'നിങ്ങളോ തിരഞ്ഞെടുക്കപ്പെട്ട വർഗ്ഗവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാകുന്നു' (1 പത്രോ: 2:9).

III. കുർബാന സമാധാനമാകുന്നു

വി. കുർബാന സമാധാനമാകുന്നു; സമാധാനബലി യാകുന്നു. സമാധാനം എന്ന പദം പഴയനിയമത്തിൽ പലേടത്തും ഉപയോഗിച്ചിട്ടുണ്ട്. അവിടെയെല്ലാം അതിന്റെ ഭാവാർത്ഥം പാപപരിഹാരം എന്നാണ്. പഴയ നിയമകാലത്തു നടത്തിയിരുന്ന പലതരം ബലികളിലൊന്നാണ സമാധാനബലി. ക്രിസ്തുവിന്റെ ഗോഗ്രൽഥായിലെ ബലി, മനുഷ്യന്റെ പാപത്തിനു പരിഹാരം നേടിക്കൊടുക്കാനുള്ളതായിരുന്നു. അതിനു ക്രിസ്തു വീണ്ടെടുപ്പുവില കൊടുക്കേണ്ടിവന്നു.*

---

* മത്താ: 20: 28, 1 കോറി: 6: 20; 7: 23; എബ്രാ: 9: 23; പുറ: 21:23—25; ആവ: 19:21.

www.malankaralibrary.com

പൗലോസ് പറയുന്നതുപോലെ ദൈവത്തിന്റെ നീതിയുടെ ത്രാസിനു സന്തുലിതാവസ്ഥ കൈവരുത്തണമായിരുന്നു (റോമ. 5:12—19;7:14:20). ദൈവത്തിനെതിരായ തെറ്റിനു, ദൈവത്തെപ്പോലെ പരിശുദ്ധനായ ഒരാൾ പരിഹാരം ചെയ്താലേ സാധുവാകൂ. ദൈവം പരിശുദ്ധിയിൽ, ദഹിപ്പിക്കുന്ന അഗ്നിയാണല്ലോ (എബ്രാ: 12:21). മനുഷ്യനെക്കൊണ്ടു് ഇതു പറ്റില്ല എന്നു സാരം. നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു മനുഷ്യനു സ്വന്തം പാപമോ, അന്യരുടെ പാപമോ മോചിക്കാനുള്ള അവകാശമോ, അധികാരമോ, അർഹതയോ ഇല്ല. സ്വയം വീണ്ടെടുക്കാൻ ആർക്കും കഴികയില്ല എന്നു ദാവീദും പറയുന്നു (സങ്കീ. 48:7). അതുകൊണ്ടു് ദൈവപുത്രൻ ഈ ലോകത്തിലേക്കു വന്നു, മനുഷ്യരെ പാപത്തിന്റെ അടിമത്തത്തിൽ നിന്നു സ്വതന്ത്രരാക്കി.

ഈ പാപോപശാന്തി ഓരോ മനുഷ്യനെ സംബന്ധിച്ചിടത്തോളവും പ്രാവർത്തികമാകുന്നതു്, ഓരോരുത്തനും ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ പങ്കുകൊണ്ടു് ആ പീഡാനുഭവജീവിതം തന്നിൽ സാർത്ഥകമാക്കുമ്പോഴാണു. ഇത്തരം ഒരു ആദ്ധ്യാത്മിക ജീവിതം, ഒരുവനിൽ പാപപരിഹാരത്തിനു് അനുപേക്ഷണീയമായ അനുതാപം ഉണ്ടാക്കും. വി. കുർബാനയിൽ അനുതാപജനകമായ പ്രാർത്ഥനകൾക്കു യാതൊരു പഞ്ഞവും ഇല്ല.

IV. കുർബാന അനുഗ്രഹമാകുന്നു

മനുഷ്യവംശത്തിനു കിട്ടിയിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹം, പിതാവായ ദൈവം മനുഷ്യപരിത്രാണാർത്ഥം ലോകത്തിലേക്കയച്ച ഏകജാതൻ തന്നെ. 'തന്റെ ഏകജാതനെ ലോകത്തിലേയ്ക്കയയ്ക്കാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'

www.malankaralibrary.com

എന്നാണല്ലൊ യോഹന്നാൻ എഴുതിയിരിക്കുന്നതു്. ദൈവപുത്രനായ ക്രിസ്തുവിനെ ലഭിച്ചതോടുകൂടി നമുക്കു് എല്ലാമായി; എല്ലാ അനുഗ്രങ്ങളുമായി! ക്രിസ്തു നമ്മോടുകൂടിയുണ്ടെങ്കിൽ, നാം ക്രിസ്തുവിനോടു കൂടിയാണെങ്കിൽ, നമ്മെ അനുഗ്രഹങ്ങളും കൊണ്ടു നിറഞ്ഞു എന്നു പറയാം. ക്രിസ്തു വി. കുർബാനയിൽ എഴുന്നെള്ളിവരുമ്പോഴും, നമ്മെ വി. കുർബാനയിൽ സർവഥാ ഭാഗഭാക്കുകളാകുമ്പോഴും അനുഗ്രഹസമ്പാദനത്തിനുള്ള എല്ലാ വഴികളുമായി.

ദൈവാനുഗ്രഹംകൂടാതെ ആത്മരക്ഷ സാധിക്കുകയില്ല. മാത്രമല്ല, ലോകത്തിൽ പിടിച്ചുനിൽക്കാനും നമുക്കു കഴിയുകില്ല. അനുഗ്രഹത്തിന്റെ ഉറവിടവും നിറകുടവുമായ ദൈവത്തിൽ നിന്നു് ഓരോ ദിവസവും, ഓരോ വിനാഴികയും നമ്മെ അനുഗ്രഹങ്ങളും നന്മകളും പ്രാപിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി അപേക്ഷിക്കാൻ തക്ക പ്രാർത്ഥനകളും വി. കുർബാനയിൽ ഉണ്ടു്. അനുഗ്രഹദാതാവുതന്നെയാണല്ലൊ വി. കുർബാനയിൽ എഴുന്നെള്ളി വരുന്നതു്.

V. കുർബാന ആത്മഭോജ്യമാകുന്നു

വി. കുർബാന ആത്മഭോജനമാകുന്നു. പ്രകൃതിയിൽ ഒന്നിനെ ഭക്ഷിച്ചു മറെറാന്നു ജീവിക്കുന്നു; വളരുന്നു എന്നു പറഞ്ഞല്ലൊ. ശരീരത്തിനെന്നപോലെ ആത്മാവിനും ഭക്ഷണം അനുപേക്ഷണീയമാണു്. അതാണു ദൈവപുത്രനായ ക്രിസ്തുവിന്റെ ശരീരം. ഇക്കാര്യം ഗ്രഹിച്ചുകൊണ്ടു പൗലോസു് ഉപപാദിക്കുന്ന ദൈവവിജ്ഞാനീയകാര്യങ്ങളും ആലോചനാവിഷയമാക്കേണ്ടിയിരിക്കുന്നു. ആത്മീയ ശരീരങ്ങളും ഉണ്ടു്, സ്വർഗ്ഗീയ ശരീരങ്ങളും ഉണ്ടു് എന്നും മറും അദ്ദേഹം പറയുന്ന വാച

www.malankaralibrary.com

കങ്ങളാണ്. ഇവസ്സാധാരം (1 കോറി. 15:35-50). സ്വർഗ്ഗത്തിലുള്ള ആർക്കും ശരീരം ഇല്ല. എന്നാൽ സ്വർഗ്ഗീയ ശരീരങ്ങളും ഉണ്ട് എന്നു പൗലോസ് പറയുന്നതു്, ശരീരങ്ങളോടുകൂടി ഉയർക്കുന്ന, ഉയർക്കാനിരിക്കുന്ന മനുഷ്യരെ ഉദ്ദേശിച്ചാണു്. ഭൗതികമായ ജീവൻ സംബന്ധിച്ചുള്ളതാണു ഭൗതിക (ശരീര) ഭക്ഷണം. അതു പ്രാണമയമായ (biological) ജീവൻ മാത്രമേ നിലനിറുത്തുകയുള്ളൂ. ആത്മമയമായ ജീവൻ നിലനിറുത്തുന്നതിനു സ്വർഗ്ഗീയ ഭക്ഷണം കഴിക്കണം. ഉയർപ്പിൽ ശരീരം ഒഴിവാക്കാതിരിക്കുന്നതുകൊണ്ടു്, സ്വർഗ്ഗത്തിൽ ശരീരത്തോടുകൂടി ജീവിക്കാനുള്ളതുകൊണ്ടു്, ആത്മമയമായ ജീവനോടുകൂടിയ സ്വർഗ്ഗീയശരീരത്തിനു സ്വർഗ്ഗീയഭക്ഷണം തന്നെ വേണം; സ്വർഗ്ഗത്തിൽനിന്നുള്ള അപ്പംവേണം. അതു താനാണു് എന്നു യേശു പ്രഖ്യപിക്കുന്നു. ഈ അപ്പം തന്റെ ശരീരമാണു്; ഇതു ഭക്ഷിക്കുന്നവനു് ഒരിക്കലും വിശക്കുകയില്ല; അവൻ ഒരിക്കലും മരിക്കയില്ല; അവൻ നിത്യമായി ജീവിക്കും; ഇതു നിത്യജീവന്റെ അപ്പമാണു് എന്നിങ്ങനെ അവിടുന്നു തീർത്തുപറയുന്നു. 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു' എന്നു് അവിടുന്നു പ്രഖ്യാപിക്കുമ്പോഴും ഇക്കാര്യത്തിൽ അസന്നിഗ്ദ്ധമായ ഊന്നൽ (emphasis) കൊടുക്കുന്നു എന്നു ധരിക്കണം. യേശു വെറുതെ ഒന്നും പറയാറില്ല, ചപലമായോ ചഞ്ചലചിത്തനായോ ഒന്നും സംസാരിക്കാറില്ല. അവിടുന്നു ദൈവമാണു്. അവിടുത്തെ ഓരോ വാക്കും സനാതനമൂല്യമുള്ളതാണു്.

വി. കുർബാനയെ സംബന്ധിച്ച ഈ ആത്മഭക്ഷണ വിശ്വാസസത്യം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കാൻ യേശു നേരത്തേ തന്നെ തയ്യാറെടുപ്പു നടത്തുന്നു. ആദ്യം ഭക്ഷണത്തെപ്പറ്റി; പുറകെ പാനീയത്തെപ്പറ്റി.

www.malankaralibrary.com

ആത്മരക്ഷണ കഥനം

വി. കുർബാന എന്ന അസ്സലിന്റെ നിഴലായിരുന്ന പഴയനിയമത്തിലെ മന്ന. അതുപോലെ സർവ്വ മനുഷ്യർക്കും വേണ്ട ആത്മഭക്ഷണത്തിന്റെ സൂചനയായിരുന്ന, ആയിരങ്ങൾക്ക വിജനസ്ഥലിയിൽവച്ച് അപ്പം വർദ്ധിപ്പിച്ചുകൊടുത്ത അത്ഭുതം. അപ്പം വയറുനിറച്ചു തിന്നതുകൊണ്ട്, ജനങ്ങൾ പിറേറന്ന യേശുവിനെ തിരക്കി ഇറങ്ങുന്ന. അദ്ധ്വാനിക്കാതെ, അപ്പംതിന്ന കൊണ്ട സുഖമായി കഴിയാമെന്ന ലാക്കോടുകൂടിയാണ ജനങ്ങൾ യേശുവിനെ അന്വേഷിച്ചിറങ്ങിയത്! യേശു ഇത മനസ്സിലാക്കിയിരുന്ന. അവിടുന്ന് അവരോട് ഇങ്ങനെ പറഞ്ഞു: 'സത്യം സത്യമായി ഞാൻ നിങ്ങളോട പറയുന്ന: നിങ്ങൾ അടയാളങ്ങൾ കണ്ടതുകൊണ്ടല്ല; വയറുനിറയെ അപ്പം ഭക്ഷിച്ചതുകൊണ്ടാണ് എന്നെ അന്വേഷിക്കുന്നത്. നശ്വരമായ ഭക്ഷണത്തിനുവേണ്ടിയല്ല, നിത്യജീവനുതകുന്ന ഭക്ഷണത്തിനുവേണ്ടിയാണ പ്രയത്നിക്കേണ്ടത്. അത മനുഷ്യപുത്രൻ നിങ്ങൾക്ക തരും', അപ്പോൾ അവർ അവനോട ചോദിച്ചു: 'ദൈവത്തിന്നനുസൃതമായ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്തുചെയ്യണം?' 'അതിന നിങ്ങൾ അവൻ അയച്ചവനിൽ വിശ്വസിക്കണം' എന്ന യേശു പ്രത്യുത്തരിച്ചു. ഇതിന ജനങ്ങൾ: 'ഞങ്ങൾ കണ്ട നിന്നെ വിശ്വസിക്കുവാൻ നീ എന്ത് അടയാളങ്ങളാണ് പ്രവർത്തിക്കുന്നത്?'

അടയാളങ്ങൾ വല്ലതും കാണിച്ചാൽ യേശുവിൽ വിശ്വസിക്കാം എന്നായിരുന്ന ജനങ്ങളുടെ വാദഗതി. അവരുടെ പിതാക്കന്മാർ പണ്ട് മോശയിൽ വിശ്വസിച്ചതും, അവന്റെ പിന്നാലെ നടന്നതും, അവൻ അടയാളം

www.malankaralibrary.com

കാണിച്ചതുകൊണ്ടാണു്. എന്നുവച്ചാൽ, മോശയെ ദൈവം അയച്ചതുകൊണ്ടാണു്. മോശ പ്രവർത്തിച്ച അത്ഭുതമോ? ജനങ്ങളും ഇങ്ങനെ യേശുവിനോടു് ന്യായവാദം നടത്തുന്നു: 'അവൻ അവർക്കു ഭക്ഷിക്കുവാൻ സ്വർഗ്ഗത്തിൽനിന്നു് അപ്പം ഇറക്കിക്കൊടുത്തു, എന്നു എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു'.

ജനങ്ങളും പറഞ്ഞതു ശരിയാണു്. മോശ മരുഭൂമിയിൽവച്ചു് ഇസ്രായേൽക്കാർക്കു ഭക്ഷിക്കാൻ സ്വർഗ്ഗത്തിൽനിന്നു മന്നാ ഇറക്കിക്കൊടുത്തു. മോശ അങ്ങനെ ചെയ്യാതിരുന്നുവെങ്കിൽ ഇസ്രായേൽക്കാരൊന്നടങ്കം മരുഭൂമിയിൽ വിറകുകൊള്ളികളും പോലെ വീണടിയുമായിരുന്നു. മന്നാ ഇറക്കിക്കൊടുത്തതു് അത്ഭുതകരമായ ഒരു മഹാ സംഭവമായിരുന്നു. അത്തരം വല്ല അത്ഭുതപ്രവർത്തനശക്തിയും യേശുവിനുണ്ടോ എന്നാണു ജനങ്ങൾക്കറിയേണ്ടതു്. യേശു അഞ്ചപ്പംകൊണ്ടു് അയ്യായിരം പേരെ തീറ്റി. വേറൊരിക്കൽ നാലപ്പംകൊണ്ടു് ഏഴായിരം പേരെയും. അതു ജനങ്ങളും സമ്മതിച്ചുകൊടുക്കുന്നു. പക്ഷേ, അതു് ഒന്നോ രണ്ടോ തവണമാത്രം. മോശ ആകട്ടെ, നാല്പതു കൊല്ലക്കാലമാണു് ഇസ്രായേൽക്കാരെ തീറ്റിയതു്. അയ്യായിരമോ, ഏഴായിരമോ ആൾക്കാരെ അല്ല; ലക്ഷക്കണക്കിനാളുകളെ; അതും ഭൂമിയിൽനിന്നു ഒരപ്പവും കൈയിലെടുക്കാതെ! ജനങ്ങളുടെ മുമ്പിൽ യേശു മോശയ്ക്കൊപ്പമെത്തുന്നില്ല എന്നാണു് ധ്വനി!

യേശു ആകട്ടെ, ഇതിനു് ഇങ്ങനെ മറുപടി പറഞ്ഞു: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. സ്വർഗ്ഗത്തിൽനിന്നു് അപ്പം നിങ്ങൾക്കു തന്നതു മോശയല്ല; എന്റെ പിതാവാണു് സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം

www.malankaralibrary.com

നിങ്ങൾക്കു തരുന്നതു്. 'നിങ്ങൾക്കു തരുന്നതു്' എന്നതു കൊണ്ടു്, തന്നതും, തരാനിരിക്കുന്നതും എന്ന ആശയമാണു് ഇവിടെ അന്തർഹിതമായിരിക്കുന്നതു്' ഇനി മേലിൽ കൊടുക്കാനിരിക്കുന്നതാകട്ടെ, സാക്ഷാൽ അപ്പമാകുന്നു; സത്യമായ അപ്പം! കാരണം യേശു പറയുന്നുണ്ടു്: മോശവഴി കിട്ടിയ അപ്പം ഭക്ഷിച്ചവർ മരിച്ചുപോയി. എന്നാൽ താൻ കൊടുക്കുന്ന അപ്പം ഭക്ഷിക്കുന്നവർ ഒരുനാളും മരിക്കയില്ല. അവർ എന്നേക്കും ജീവിക്കും. എന്തെന്നാൽ അതു നിത്യ ജീവന്റെ അപ്പമാകുന്നു. എന്നിട്ടു യേശു ഇങ്ങനെ തുടർന്നു പറഞ്ഞു: 'ഞാനാകുന്ന സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന ഈ അപ്പം.'

ഇന്നു കുർബാനയുടെ കാര്യം നോക്കിയാലോ? കൈയിലെടുത്താൽ അപ്പം; രുചിച്ചുനോക്കിയാൽ അപ്പം! ഇതുപോലെ ആയിരുന്നു അന്നു യേശുവിന്റെ കാര്യത്തിലും. യേശുവിനെപ്പറ്റി യഹൂദന്മാർ ഇങ്ങനെ പിറുപിറുത്തു. ഇവൻ യേശു അല്ലേ? യൗസേപ്പിന്റെ പുത്രൻ! ഇവന്റെ അപ്പനെയും അമ്മയെയും നമുക്കു് അറിഞ്ഞുകൂടെ? പിന്നെ എങ്ങനെയാണു്: 'ഞാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിയവനാണു് എന്നു് ഇവൻ ഇപ്പോഴം പറയുന്നതു്?' യഹൂദന്മാരുടെ സംശയം ശരിയാണു്. യേശുവിന്റെ അടുത്തു ചെന്നു കണ്ണുതുറന്നുനോക്കിയാൽ, തൊട്ടാൽ, ഇടപെട്ടാൽ—എല്ലാം പച്ചയായ മനുഷ്യൻ! നസറായനായ യേശു എന്നു പറയുന്ന 'ഈ മനുഷ്യൻ,' താൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നവനാണു്; ജീവന്റെ അപ്പമാണു്; തന്റെ ശരീരം സാക്ഷാൽ ഭോജ്യമാണു്; തന്റെ ശരീരം ഭക്ഷിക്കുന്നവനു് ഒരിക്കലും വിശക്കുകയില്ല; അവൻ ഒരുനാളും മരിക്കയില്ല; അവൻ എന്നേക്കും ജീവിക്കും', എന്നൊക്കെ പറഞ്ഞാൽ യഹൂദന്മാർക്കു് ഉതപ്പുണ്ടാകാതിരുന്നെങ്കിലേ അത്ഭുതത്തി

www.malankaralibrary.com

ന്നവകാശമുള്ള. ശിഷ്യന്മാരിൽ ചിലക്കും യേശു പറഞ്ഞതു ഇക്കാര്യങ്ങളും ദഹിച്ചില്ല, അവരും പിറുപിറുത്തു. 'ഇതു വിഷമംപിടിച്ച പ്രബോധനമാണു്, ആർക്കു് ഇതു് ഉൾക്കൊള്ളാൻ കഴിയും?' (യോഹ. 6-ാം അദ്ധ്യായം)

ദയനീയമായ ഇടർച്ചയുണ്ടാക്കിയ ഈ സത്യം, ശരിക്കും പൗലോസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അദ്ദേഹം ഇങ്ങനെ എഴുതുന്നു: 'യഹൂദന്മാർ അടയാളം ആവശ്യപ്പെട്ടിരുന്നു. ഗ്രീക്കുകാർ വിജ്ഞാനം തേടുന്നു. ഞങ്ങളോ, ക്രൂശിതനായ ക്രിസ്തുവിനെ പ്രഘോഷിക്കുന്നു. അതു യഹൂദന്മാർക്കു് ഇടർച്ചയും വിജാതീയർക്കു ഭോഷത്വവുമാണു്. എന്നാൽ വിളിക്കപ്പെട്ടവർക്കു്, അവർ യഹൂദന്മാരാകട്ടെ, ഗ്രീക്കുകാരാകട്ടെ, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാകുന്നു. ദൈവത്തിന്റെ ഭോഷത്വം 'മനുഷ്യരുടെ ജ്ഞാനത്തേക്കാൾ വലിയ ജ്ഞാനവും, ദൈവത്തിന്റെ ദൗർബല്യം മനുഷ്യരുടെ ശക്തിയേക്കാൾ വലിയ ശക്തിയുമാകുന്നു' (1 കോറി. 1:22-25).

യഹൂദന്മാർക്കു് ഇടർച്ചയുണ്ടാകാൻ കാരണം, അവർക്കു യേശുവിൽ വിശ്വാസം ഉണ്ടായില്ല എന്നതാണു്. വിശ്വാസരാഹിത്യത്തിന്റെ കാരണം, യേശു വ്യക്തമാക്കുന്നുണ്ടു താനും: 'എന്നെ അയച്ച പിതാവു് ആകർഷിക്കുന്നില്ലെങ്കിൽ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല' പരിശുദ്ധ ത്രിത്വം, മനുഷ്യാവതാരം, വി. കുർബാന എന്നിത്യാദി കാര്യങ്ങളും വിശ്വാസത്തെയും ബന്ധിച്ചുള്ളതാണു്. 'മനുഷ്യൻ ഹൃദയം കൊണ്ടാണല്ലൊ വിശ്വസിക്കുന്നതു്' (റോമാ: 10:10). തത്വചിന്തയും പൊള്ളയായ വഞ്ചനയും ഇരയായവർക്കു് (കൊളോ: 2:8) വിശ്വാസം കിട്ടില്ല. വിശ്വാസം വിശേഷണയുള്ള ഒരു ശ്വാസം ആണു്!

www.malankaralibrary.com

ആത്മപാനീയം

ക്രിസ്തുവിന്റെ ശരീരം എന്ന ആത്മഭോജനത്തെപ്പറ്റി യാണു മുകളിൽ പ്രതിപാദിച്ചതു്. ഇനി പറയാനുള്ളതു്, ക്രിസ്തുവിന്റെ രക്തം എന്ന ആത്മപാനീയത്തെപ്പറ്റിയാണു്. വി. കുർബാനസ്ഥാപിക്കുന്നതിനു വളരെ മുമ്പേതന്നെ ഇതെപ്പറ്റി ക്രിസ്തു പ്രബോധിപ്പിച്ചിട്ടുണ്ടു്. അതു് എങ്ങനെ എന്നു് പരിശോധിക്കാം:

യേശു ഒരിക്കൽ ശമ്മരിയായിൽക്കൂടി കടന്നുപോകെ, സുഖാർ എന്ന നഗരത്തിലെ കിണറിൻകരയിൽ വിശ്രമിക്കാനായി ഇരുന്നു. ഗോത്രപിതാവായ യാക്കോബു് കുഴിച്ചതായിരുന്നു ഈ കിണർ. ആ സ്ഥലത്തു് ഈ ഒരു കിണർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെയുള്ളവരെല്ലാം ഈ കിണറിൽനിന്നാണു് വെള്ളം കോരിയിരുന്നതു്. കിണർ കുത്തിയാൽ വെള്ളംകിട്ടാത്ത ഒരു സ്ഥലമായിരുന്നു സുഖാർ എന്നു ബൈബിൾ വിവരണത്തിൽ നിന്നു് അനുമാനിക്കാം.

സമയം 'ആറാംമണി'; അതായതു് നട്ടുച്ചനേരം. യാത്രകൊണ്ടു് വിശന്നും ദാഹിച്ചുമാണു യേശു അവിടെ ഇരുന്നതു്. ശിഷ്യന്മാർ ഭക്ഷണം കൊള്ളുന്നതിനു നഗരത്തിലേക്കു പോയിരുന്നു, അങ്ങനിരിക്കെ, ഒരു സ്ത്രീ വെള്ളം കോരുവാൻവന്നു. യേശു അവളോടു പറഞ്ഞു: 'എനിക്കു് കുടിക്കുവാൻ തരിക.' അവൾ അവനോടു ചോദിച്ചു: 'ഒരു യഹൂദനായ നീ ശമരിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെങ്ങനെ?' അവൾ ഇങ്ങനെ ചോദിച്ചതിൽ അർത്ഥമുണ്ടു്. യഹൂദന്മാരും ശമ്മരിയാക്കാരുമായി സാമൂഹിക സമ്പർക്കമില്ലായിരുന്നു. യഹൂദന്മാരുടെ മുമ്പിൽ ശമ്മരിയാക്കാർ വിജാതീയ (അസീറിയാ) ബന്ധംമൂലം പതിതരായിത്തീർന്നി

www.malankaralibrary.com

രുന്നു. ഒരു കാലത്തു് തനി യഹൂദന്മാരായിരുന്ന ശമ്മരിയാക്കാരെ ഇതിനുശേഷം അധഃകൃതരായിട്ടാണു് യഹൂദന്മാർ കരുതിയിരുന്നതു്. ഇവർ തമ്മിൽ ജാതി ദോഷമായ തീണ്ടൽ-തൊടീൽ നിലവിലുണ്ടു് എന്ന വസ്തുത യേശുവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണു് ആ സ്ത്രീ ചെയ്തതു്. എന്നാൽ യേശു ഇങ്ങനെ പറഞ്ഞു: 'ദൈവദാന*ത്തെയും, എനിക്കു് കുടിക്കുവാൻതരിക എന്നു നിന്നോടു ചോദിക്കുന്നവനെയും അറിഞ്ഞിരുന്നെങ്കിൽ നീ അവനോടു ചോദിക്കുകയും, അവൻ നിനക്കു് ജീവജലം തരികയും ചെയ്യുമായിരുന്നു.' ആ സ്ത്രീക്കു് ഒന്നും മനസ്സിലായില്ല. 'അവനേ പറഞ്ഞു; വെള്ളം കോരുവാൻ നിന്റെ കൈയിൽ പാത്രം ഇല്ലല്ലൊ. കിണറിനു നല്ല ആഴവുമുണ്ടു്. അപ്പോൾ എവിടെ നിന്നാണു നിനക്കു് ആ ജീവജലം കിട്ടുന്നതു്? ഈ കിണർ ഞങ്ങൾക്കു തന്നു ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ വലിയവനാണോ നീ? അയാളും മക്കളും കന്നുകാലികളും ഇതിൽ നിന്നാണു വെള്ളം കുടിച്ചിരുന്നതു്'.

'യാക്കോബിനേക്കാൾ വലിയവനാണോ നീ' എന്ന ചോദ്യം വളരെക്കാര്യങ്ങൾ അഭിവ്യഞ്ജിപ്പിക്കുന്നുണ്ടു്. ഗോത്രപിതാവായ യാക്കോബു്, ഒരിക്കൽ യഹൂദന്മാരായിരുന്ന ശമ്മരിയാക്കാരുടെ മുമ്പിൽ ഒരു മഹാപുരുഷനാണു്. മോശയെപ്പോലെ എന്നു്, ഇവിടെ എടുത്തു പറയണം. മോശ സ്വർഗ്ഗത്തിൽ നിന്നു മന്നായിറക്കി ഇസ്രായേൽക്കാർക്കു കൊടുത്തതുപോലെ ഒരു മഹാത്ഭുതമാണു്, അഥവാ, ശക്തിപ്രകടനദ്യോതകമായ ഒരടയാളമാണു യാക്കോബു കാണിച്ചതു്. വെള്ളം

* ഭൂവിയിൽ കൊടുക്കുവാനിരിക്കുന്ന വി. കുർബ്ബാന എന്ന മഹാദൈവദാനമാണിവിടെ ഉദ്ദിഷ്ടം.

www.malankalibrary.com

കിട്ടാത്ത ആ സ്ഥലത്തു്, അദ്ദേഹം ഒരു കിണർ കുഴിച്ചു കൊടുത്തു. യാക്കോബു് ഇങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ അദ്ദേഹവും മക്കളും ആടുമാടുകളും, പിൽക്കാലത്തെ തലമുറകളും, അവരുടെയൊക്കെ ആടുമാടുകളും ദാഹിച്ചു വരണ്ടു് നശിച്ചു പോകുമായിരുന്നു. ഇസ്രായേൽക്കാക്കു ജീവൻ കൊടുത്ത അപ്പമായിരുന്നു മന്ന. അതുപോലെ ശമ്മരിയാക്കാർക്കു ജീവൻ കൊടുക്കുന്നതിനുതകിയിരുന്നു, യാക്കോബിന്റെ കിണറിലെ വെള്ളം. ഇതിനപ്പുറം, ഇതിനേക്കാളും വിശേഷപ്പെട്ട ഒരു തരം 'ജീവജലം' പഥികനായ ഈ യഹൂദനു് എവിടെ നിന്നുകിട്ടും; അഥവാ, ഇങ്ങനെ ഒരു തരം ജീവജലം കൈയിലുള്ള പ്പോഴും തന്നോടെന്തിനു കുടിക്കുവാൻ ചോദിക്കുന്നു? ഈ യഹൂദൻ വിവരക്കേടു് സംസാരിക്കുന്നു എന്നേ ആ സ്ത്രീസ്ത്രീ തോന്നിയുള്ളൂ!

യേശു അവളോടു പറഞ്ഞു: 'ഈ വെള്ളം കുടിക്കുന്ന വനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനു് ഒരുനാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം, അയാളിൽ നിത്യജീവനി ലേക്കു നിർഗ്ഗളിക്കുന്ന നീരുറവയായിരിക്കും.' യേശു വിൽ എന്തോ പ്രത്യേകത കണ്ട ആ സ്ത്രീ പറഞ്ഞു: 'പ്രഭോ, എനിക്കു് ആ വെള്ളം തന്നാലും'! പ്രവാചക പാരമ്പര്യത്തിന്റെ അനുഭവമുള്ള ഒരു വർഗ്ഗത്തിൽ പിറന്നിരിക്കെ, അവൾ ഇങ്ങനെ സ്വരംമാറി യാചനാ രൂപേണ സംസാരിക്കുന്നതിൽ വിസ്മയിക്കാനില്ല.

ഇങ്ങനെ പ്രസ്തുത ജീവജലം ആവശ്യപ്പെട്ടുവെങ്കിലും, ആ സ്ത്രീക്കു് യേശുവിൽ വിശ്വാസം വന്നിരുന്നില്ല. തുടർന്നുള്ള സംഭാഷണത്തിൽ, തന്റെ വഴി പിഴച്ച ജീവിതത്തിലെ രഹസ്യങ്ങൾ മനസ്സിലാ

www.malankaralibrary.com

ക്കാൻ കഴിവുള്ള ഒരാളാണ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരി ക്കുന്നതെന്ന കണ്ടപ്പോൾ അവർക്ക യേശു, ദൈവനിയു ക്തനായ ഒരു പ്രവാചകനോ, അഥവാ ചിരകാലമായി പ്രതീക്ഷിച്ചിരുന്ന ലോകരക്ഷകനായ മശിഹാതന്നെയോ എന്ന സംശയം ബലപ്പെട്ടു. ഒരുകാലം മശിഹാ വരും എന്ന പ്രതീക്ഷ അവർ എടുത്തുപറയുകയായി. അപ്പോൾ യേശു പറഞ്ഞു: 'നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ അവൻ'.

മനുഷ്യപരിത്രാണാർത്ഥം അവതീർണ്ണനായ മശിഹാ യാണ താൻ എന്നു് ഇത്ര വ്യക്തമായും തറപ്പിച്ചും യേശു വേറൊരിടത്തും പറഞ്ഞതായി ബൈബിളിൽ കാണുന്നില്ല. എന്തായാലും ആ സ്ത്രീ യേശുവിൽ വിശ്വസിച്ചു; അവർവഴി ആ നഗരവാസികളും. എങ്കിലും അവർ പിന്നീടു പറയുകയുണ്ടായി: 'നിന്റെ വാക്കുകൾ നിമിത്ത മല്ല, ഇനി ഞങ്ങൾ വിശ്വസിക്കുന്നതു്. കാരണം, ഞങ്ങൾ തന്നെ കേൾക്കുകയും, നിശ്ചയമായും ഇവൻ ലോകരക്ഷകനാണെന്നു മനസ്സിലാക്കുകയും ചെയ്തിരി ക്കുന്നു' (യോഹ. 4-ാം അദ്ധ്യായം.)

ഈ അവസാനം പറഞ്ഞ വാക്കുകൾ ലേഖിതാവായ യോഹന്നാനെ സംബന്ധിച്ചും സാർത്ഥകമാണു്. യേശു വിനെ സംബന്ധിച്ചു് പ്രത്യക്ഷാനുഭവമാണു് അദ്ദേഹത്തി നുണ്ടായിരുന്നതു്. അതുകൊണ്ടാണു്, വി. കുർബാനയെ സംബന്ധിച്ച വിവരണങ്ങളിലെ പോരായ്മകൾ, അതിന്റെ സ്ഥാപന പശ്ചാത്തലമായി അദ്ദേഹം രണ്ടി ടത്തായി ഉപപാദിക്കാൻ വിട്ടുപോകാതിരുന്നതു് അത വിടെ നില്ക്കട്ടെ.

അത്ഭുതങ്ങൾ കണ്ടിട്ടല്ല ശമ്മരിയാക്കാർ യേശുവിൽ വിശ്വസിച്ചതു്. വെള്ളം കോരാൻവന്ന സ്ത്രീയെപ്പോലെ

www.malankaralibrary.com

അവരിലും പാപികളും ഉണ്ടായിരുന്നിരിക്കാം. എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവിനാൽ ആകർഷിക്കപ്പെടത്തക്ക മണാഗ്രണം അവർക്കുണ്ടായിരുന്നു. അവർ കൗശലക്കാരും കാപടനാട്യക്കാരുമായിരുന്നില്ല. അതിനാൽ വിശ്വാസം എന്ന വിശേഷപ്പെട്ട ശ്വാസഗ്രണം അവക്കുകിട്ടി. അവർ യേശുവിൽ വിശ്വസിക്കുകയും അവനെ സ്വീകരിക്കുകയും ചെയ്തു. യേശു അവരോടൊത്തു് ഏതാനും നാളം താമസിച്ചു എന്നും കാണാം.

ജീവന്റെ അപ്പത്തെപ്പററി സംസാരിച്ചപ്പോളം ചില ശിഷ്യന്മാർ ഇടറി, യേശുവിനെ വിട്ടുപോയി. അപ്പോളം ക്രിസ്തു കൂടെയുള്ളവരോടു ചോദിച്ചു: 'നിങ്ങളും എന്നെ വിട്ടുപോകയാണോ?' പത്രോസു് ഇതിനു മറുപടി പറഞ്ഞതു് അദ്ദേഹത്തിന്റെ വിശ്വാസത്തിനൊരു തെളിവാണു്: 'കർത്താവേ, ഞങ്ങളം ആരുടെ അടുക്കൽ പോകും? നിത്യ ജീവന്റെ വചനങ്ങളം നിന്റെ അടുക്കലാണല്ലോ. നീ ദൈവത്തിന്റെ പരിശുദ്ധൻ ആണു് എന്നു ഞങ്ങളം വിശ്വസിക്കുന്നു.' 'ദൈവമല്ലാതെ വേറെ പരിശുദ്ധൻ ഇല്ല'. യേശു ദൈവമാണു് എന്നത്രേ ഇവിടത്തെ ധ്വനി. ശമ്മരിയാക്കാർ പത്രോസു് പ്രകടിപ്പിച്ച ഇത്തരം വിശ്വാസമുള്ളവരായിത്തീർന്നു.

അമൃതപ്രസാദം

വി. കുർബാന മനുഷ്യാത്മാവിന്റെ ഭോജനവും പാനീയവുമാകുന്നു എന്ന വചനവിജ്ഞാനീയം പകർന്നതിനുശേഷമാണു്, നിർദ്ദിഷ്ട സമയത്തു് യേശു അതു് സ്ഥാപിച്ചത്. വാസ്തവത്തിൽ വി. കുർബാനയ്ക്കു് 'ദിവ്യകാരുണ്യം' എന്ന പേരല്ല നല്കേണ്ടതു്; 'അമൃത പ്രസാദം' എന്നാണു്. അതു് മൃതമാകാത്ത, മൃത്യുവിനെ അകറ്റുന്ന ഭക്ഷണമാണു്. ജരാനര മാറാൻ

www.malankaralibrary.com

ദേവന്മാർ അമൃത് ഭക്ഷിച്ചു എന്നു പുരാണം പറയുന്നതു് ഒരു സാദൃശ്യമായിട്ടെടുക്കാം. അതുതന്നെയല്ല, കുർബാന (ദിവ്യ) പ്രസാദവുമാകുന്നു. വി. കുർബാന എന്താണെന്നതിനു് ഒരു ഭേദപ്പെട്ട വിവരം, അമൃതപ്രസാദം എന്ന പ്രയോഗംകൊണ്ടു ഹിന്ദുക്കൾക്കു് കൈവരുന്നതാണു്. ദൈവദാനത്തിന്റെ പ്രതീകമാണല്ലൊ അമ്പലത്തിൽ നിന്നു് അവർക്കു കിട്ടുന്ന പ്രസാദം. വി. കുർബാന എന്നു ഈ അമൃതപ്രസാദം ഭക്ഷിക്കുന്നതുകൊണ്ടു്, യേശു ശമ്മരിയാക്കാരിയോടു് സൂചിപ്പിച്ച 'ദൈവദാനം' എന്ന നിത്യജീവൻ മനുഷ്യർക്കു് കിട്ടുന്നു.

ഭക്ഷണരീതി : സ്വഭാവരീതി

ഒരാളിന്റെ സ്വഭാവരീതി ഭക്ഷണരീതിയുമായി ഏറെക്കുറെ ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയാം. ഉള്ളക്കൊള്ളുന്ന ഭക്ഷണത്തിനനുസൃതമായി സ്വഭാവരീതിയും മാറിവരും. സസ്യഭക്ഷകളായ മാനുകൾക്കു സൗമ്യവും ശാലീനവുമായ സ്വഭാവരീതിയാണുള്ളതു്. നേരെ മറിച്ചു് മാംസഭക്ഷകളായ കടുവ, സിംഹം തുടങ്ങിയ മൃഗങ്ങൾക്കു് ക്രൂരസ്വഭാവമാണുള്ളതു്. മാനിനേക്കാൾ ചെറുതാണെങ്കിലും, മാംസഭക്ഷകളായ ജന്തുക്കളുടെ സ്വഭാവം കടുവ, സിംഹം എന്നിവയുടേതുപോലെതന്നെ. മനുഷ്യനെ സംബന്ധിച്ചും ഇപ്പറഞ്ഞ കാര്യം ഏറെക്കുറെ ശരിയാണെന്നു സൂക്ഷ്മനിരീക്ഷണത്തിൽ നിന്നു മനസ്സിലാകും. ഈ തത്ത്വം ഒരു സുസ്ഥിരയഥാർത്ഥ്യമായിത്തീരണമെങ്കിൽ, കാലം കുറെ പിടിക്കും; ചിലപ്പോൾ നൂറ്റാണ്ടുകൾതന്നെ വേണ്ടിവരും. അനേകം പുരുഷാന്തരങ്ങളിലൂടെയുള്ള രക്തപരിപാകം സംഭവിച്ചിരിക്കണമെന്നേയുള്ളൂ.

www.malankaralibrary.com

സസ്യഭക്ഷകളുടെ തലമുറകളിൽക്കൂടി കടന്നുവരുന്ന മനുഷ്യർ പൊതുവേ അക്രമവാസനയില്ലാത്തവരാണ്. ബുദ്ധമതവിശ്വാസികളും ബ്രാഹ്മണരുംതന്നെ ഇതിനുദാഹരണം. ഇതിനു് അപവാദങ്ങളും ഇല്ല എന്നു ശഠിക്കാത്തതുകൊണ്ടാണു് 'പൊതുവേ' എന്നു പറഞ്ഞതു്. ഇന്ത്യയിൽ കുടിയേറി നടത്തിയ ഹിംസാലോലുപരായ ആര്യപുരാതനന്മാർ മാംസഭക്ഷകളായിരുന്നു. ശ്രീരാമൻ മൃഗങ്ങളെ വേട്ടയാടി അവയുടെ പലലം (ഇറച്ചി) ഭക്ഷിച്ചിരുന്നു എന്നു രാമായണത്തിൽ വായിക്കാം. എന്നാൽ ആര്യാവർത്തത്തിൽ സുലഭമായിരുന്ന വെള്ളവും, മേച്ചിൽപുറങ്ങളും, കൃഷിക്കുപറ്റിയ വളക്കൂറുള്ള കന്നിമണ്ണും സ്വാധീനമായപ്പോഴും അവർ ക്രമേണക്രമേണ കൃഷിക്കാരും സസ്യഭക്ഷകളുമായി മാറി ഇക്കാര്യത്തിൽ അഹിംസാസിദ്ധാന്തം പ്രചരിപ്പിച്ച ബുദ്ധമതത്തിന്റെ സ്വാധീനം കുറച്ചൊന്നുമായിരുന്നില്ല എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എന്നുതന്നെയല്ല, മദ്ധ്യേഷ്യയിൽ ആര്യന്മാക്കു് അനുഭവവേദ്യമല്ലാതിരുന്ന മഹാമാരിയും അശനിപാതവും, അതുപോലെ ഹിമാലയത്തിന്റെ ബൃഹത്തും ഉത്തുംഗവുമായ ഗരിമയും അവരെ ഭയസന്ത്രാസഭരിതരാക്കി. *പ്രകൃത്യതീതമായ ശക്തികളിൽ അവർക്കു് വിശ്വാസം ഉണ്ടാകാൻ ഇതു കാരണമായി. ഹിമാലയത്തിനെ ദേവതാത്മാവായി അവർ കരുതി എന്നതു് ഇതിനൊരു തെളിവാണു്. 'അത്യുത്തരസ്യാംദിശി ദേവതാത്മാ, ഹിമലയോ നാമ നഗാധിരാജ:' എന്നു പറഞ്ഞാണല്ലോ കാളിദാസൻ കുമാരസംഭവത്തിനു നാന്ദികുറിന്നതു്. എന്തായാലും ഏതാദൃശമായ വിചിന്തന പരിണ

---

* Cfr: ഹിമാലയത്തെപ്പറ്റി : നെഹ്രുവിന്റെ സ്വയം കൃതചരിതം; Also
Beverly Nicholas : Verdict on India

www.malankaralibrary.com

തീയിൽ ആര്യന്മാർ കൂടുതൽ കൂടുതൽ ഈശ്വരോന്മുഖരായി. സാമൂഹികസ്നേഹവും സസ്യഭക്ഷണസമ്പ്രദായവും അവരെ അക്രമരാഹിത്യമനോഭാവത്തിലേക്കു കൊണ്ടുവന്നു. ഫലമോ? ആർഷസംസ്കാരം! ട്രേഷികൾ വഴി ഉരുത്തിരിഞ്ഞുവന്ന വിശ്വോത്തരസുന്ദരമായ സംസ്കാരം! ട്രേഷികളുടെ ഭക്ഷണം കായ്കനികളായിരുന്നു. എന്നതന്നെയല്ല, ഉപനിഷത്തിൽ പറയുന്നതുപോലെ, 'ഏകഭക്തൻ യോഗി, ദ്വിഭക്തൻ ഭോഗി, ത്രിഭക്തൻ രോഗി' എന്ന പ്രമാണം അവർ ഉപേക്ഷിച്ചിരുന്നുമില്ല. എന്തായാലും അവരിലെ ബ്രഹ്മചാരികൾ ഒരിക്കലും മാംസഭക്ഷണം അശിച്ചിരുന്നില്ല. ഭക്ഷണരീതി അവരെ സൗമ്യശീലരാക്കി; കൂടുതൽ കൂടുതൽ ഐശ്വരസംസ്കാരസമ്പന്നരാക്കി എന്നുപറഞ്ഞാൽ മതിയല്ലൊ.

ഇവിടെ ശാഖാചക്രമണരീത്യാ തെല്ലൊരു വ്യതിയാനം വരുത്തിയതു് ഒരു കാര്യം വ്യക്തമാക്കാനാണു്. ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുമ്പോൾ ക്രിസ്തുവിന്റെ തപോലുള്ള സ്വഭാവം ഉണ്ടാകാനിടയാകുന്നു.* എന്തെന്നാൽ, ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുന്നതിനുള്ള ഒരുക്കം എത്രമാത്രം ബോധപൂർവ്വമായിരിക്കണമെന്നോർക്കുക! ആത്മാർത്ഥമായ പാപപരിതാപത്തിലും, അധർമ്മവ്യതിരിക്തമായ ജീവിതം നയിക്കണമെന്നുള്ള ദൃഢനിശ്ചയത്തിലും. ക്രിസ്തുവിന്റെ ശരീരം ഉൾക്കൊള്ളുമ്പോൾ മനുഷ്യനു് ആത്മജീവൻ ലഭിക്കുന്നു. സ്വഭാവപരിവർത്തനക്ഷമമായ ഈ ദിവ്യജീവൻ അവനെ ആദ്ധ്യാത്മിക ജീവിതനിഷ്ഠനാക്കുന്നു. കാരണം, സാക്ഷാൽ

---

* കീഴാളന്മാർ ക്രിസ്തുവിന്റേതുപോലുള്ള സ്വഭാവം ഉണ്ടാക്കിയാൽ പോരാ, തങ്ങളുടേതുപോലെയുള്ള സ്വഭാവമുള്ളവരാകണമെന്നാണു ചില മേലാളന്മാരുടെ അധികാരശാഠ്യം.

www.malankaralibrary.com

ജീവനായിരിക്കുന്ന ദൈവമാണല്ലൊ ഉള്ളിൽ എഴുന്നെള്ളുന്നതു്. 'അന്തര്യാമി' എന്നു് ഈശ്വരനെപ്പറ്റിപ്പറയുന്നതു് ഇവിടെ സാർത്ഥകമാകുന്നു.

ക്രിസ്തുവിന്റെ പീഡാനുഭവവും മരണവുംകൊണ്ടു് മനുഷ്യനു് ആത്മരക്ഷകിട്ടുന്നു എന്നതു, സാകല്യേന സാക്ഷാൽകൃതമാകണമെങ്കിൽ അവിടുത്തെ ശരീരരക്തങ്ങളും മനുഷ്യഭക്ഷണമാകണം. തന്റെ രക്തം കലർത്തി മനുഷ്യരക്തത്തെ ക്രിസ്തുപവിത്രീകരിക്കുന്നതിനിടവരണം. ഏദനിൽ പൊടികൊണ്ടു മെനഞ്ഞെടുത്ത പഞ്ചഭൂതാത്മകമായ മനുഷ്യരൂപത്തിൽ ഒടുവിൽ തന്റെ ജീവശ്വാസം ഊതിക്കേറിയതിന്റെ ഒരു സമാനപ്രക്രിയ ഇവിടെ കാണാം. കുർബാനവഴി മനുഷ്യനു നിത്യജീവൻ കിട്ടുന്നു എന്ന സനാതനസത്യം നിഷേധിക്കുന്നവർക്കു് ഇപ്പറഞ്ഞ മനുഷ്യാത്മസൃഷ്ടിയും നിഷേധിക്കേണ്ടിവരും. അന്നു് മൂൺമയമായ മനുഷ്യവിഗ്രഹത്തിനു ജീവനില്ലായിരുന്നു. അതുപോലെ ക്രിസ്തുവിന്റെ മനുഷ്യാവതാരകാലത്തെ മനുഷ്യനു് ആത്മജീവനില്ലായിരുന്നു. ഈ രണ്ടു സന്ദർഭങ്ങളും വിചിന്തനവിഷയമാക്കിയാൽ, ദൈവജീവദാനത്തിന്റെ സാദൃശ്യപ്പൊരുത്തം ഗ്രഹിക്കാൻ പ്രയാസം വരില്ല. ഒരിക്കൽ മനുഷ്യനെ സൃഷ്ടിച്ചിരിക്കെ, വീണ്ടും ജീവശ്വാസം ഊതിക്കേറുക എന്ന പഴയ സമ്പ്രദായം അവലംബിക്കാൻ ദൈവത്തിനൊക്കാതെവന്നു. ഒരേ ഒരു മാർഗ്ഗം, തന്റെ ഏകജാതനെ ലോകത്തിലേയ്ക്കയച്ചു്, അപ്പവീഞ്ഞുകളുടെ മറവിൽ മനുഷ്യാത്മാവിന്റെ ഭക്ഷണമാക്കിത്തീർക്കുക എന്നതായിരുന്നു. അതിനുവേണ്ടി യേശു വി. കുർബാനസ്ഥാപിച്ചു. ഇതു യേശു കുരിശിൽ മരിക്കുന്നതിനുമുൻപു് വേണമായിരുന്നു. മരിച്ചുകഴിഞ്ഞാൽ ജഡത്തിനു മാറ്റംവരുന്നു; രക്തം ഇല്ലാതാകുന്നു. ഉയിർപ്പെട്ട ശരീരത്തിന്റെതന്നെയും ഭാവരൂപങ്ങളും മാറുന്നു. അതു

www.malankaralibrary.com

ജീവിക്കുന്ന മനുഷ്യശരീരത്തിനു സ്വാംശീകരിക്കാൻ പറ്റുന്നതല്ല. ഇക്കാരണത്താലാണു് മരിക്കുന്നതിനു തൊട്ടുമുമ്പു് യേശു വി. കുർബാന സ്ഥാപിച്ചതു്. ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിത്തന്നെ വി. കുർബാനയിൽ സന്നിഹിതനായി, മനുഷ്യാത്മാവിന്റെ ഭക്ഷണമായി, മനുഷ്യനു നിത്യജീവൻ പ്രദാനം ചെയ്യുന്നു എന്നു ചുരുക്കം.

വി. കുർബാന സ്ഥാപനം

വി. കുർബാനയുടെ സ്ഥാപനത്തെപ്പറ്റി മൂന്നു സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. യോഹന്നാന്റെ സുവിശേഷമാണു് അവസാനമെഴുതിയതു്. ആവർത്തിക്കേണ്ട എന്നു വിചാരിച്ചായിരിക്കണം, കുർബാനസ്ഥാപനകർമ്മത്തെപ്പറ്റി അദ്ദേഹം തന്റെ സുവിശേഷത്തിൽ വിവരിക്കാതിരുന്നതു്. എന്നാൽ മറ്റു സുവിശേഷകർ വിട്ടുകളഞ്ഞ, വി. കുർബാനയെപ്പറ്റിയുള്ള പശ്ചാത്തലവിജ്ഞാനീയം അദ്ദേഹം നൽകുന്നുണ്ടു്. അതേപ്പറ്റി പറഞ്ഞു കഴിഞ്ഞല്ലൊ.

അപ്പോസ്തോലനായ പൗലോസു് കുർബാനസ്ഥാപനകർമ്മം, കോറിന്ത്യാക്കാർക്കുള്ള ലേഖനത്തിൽ വിവരിക്കുന്നുണ്ടു്. പൗലോസിനു വിശേഷവിധിയായി ക്രിസ്തു വെളിപ്പെടുത്തിക്കൊടുത്തതായിരിക്കണം, സെഹിയോൻ മാളികയിൽവച്ചു നടന്ന ആ ദിവ്യകർമ്മം. മറ്റു അപ്പോസ്തോലന്മാരിൽനിന്നു കേട്ടറിഞ്ഞതുമായിരിക്കാനും മതി. എന്തായാലും എല്ലാവിധത്തിലും അർത്ഥപൂർണ്ണമായ വിവരണം പൗലോസിന്റേതാണെന്നു വിശുദ്ധ ലിഖിതപരിശോധനയിൽനിന്നു ഗ്രഹിക്കാം. ഇനി ഓരോരുത്തരുടെയും വിവരണം എങ്ങനെയെന്നു നോക്കാം.

www.malankaralibrary.com

1. **വി. മത്തായി:** 'വൈകുന്നേരം അവൻ പന്ത്രണ്ടു ശിഷ്യന്മാരോടൊപ്പം ഭക്ഷണത്തിനിരുന്നു... അവർ ഭക്ഷിച്ചുകൊണ്ടിരിക്കെ, യേശു അപ്പം എടുത്തു് സ്തോത്രം പറഞ്ഞു വിഭജിച്ചു ശിഷ്യന്മാർക്കു നൽകി. അവൻ പറഞ്ഞു: 'എടുത്തു ഭക്ഷിക്കുവിൻ; ഇതു് എന്റെ ശരീരമാകുന്നു'. അനന്തരം അവൻ പാനപാത്രം എടുത്തു് കൃതജ്ഞതാസ്തോത്രം പറഞ്ഞു് അവർക്കു കൊടുത്തു. അവൻ പറഞ്ഞു: 'നിങ്ങളെല്ലാവരും ഇതിൽ നിന്നു കുടിക്കുവിൻ. കാരണം, ഇതു് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു. ഞാൻ നിങ്ങളോടു പറയുന്നു: എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു് പുതു വീഞ്ഞു ലഭിക്കുംവരെ, ഞാൻ ഇനി മുന്തിരിച്ചാറു കുടിക്കുകയില്ല' (26:20,26-29)

2. **വി മർക്കോസ്:** 'അവർ ഭക്ഷിച്ചുകൊണ്ടിരിക്കെ യേശു അപ്പം എടുത്തു സ്തോത്രം പറഞ്ഞു് വിഭജിച്ചു് അവർക്കു നല്കി'. അവൻ പറഞ്ഞു: എടുത്തുകൊള്ളുവിൻ; ഇതു് എന്റെ ശരീരമാകുന്നു' അനന്തരം അവൻ പാനപാത്രം എടുത്തു് കൃതജ്ഞതാ സ്തോത്രം പറഞ്ഞു് അവർക്കു കൊടുത്തു. അവർ എല്ലാവരും അതിൽനിന്നു കുടിച്ചു. അവൻ അവരോടു പറഞ്ഞു: 'ഇതു് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു. ദൈവരാജ്യത്തിൽ ഇതു പുതുതായി കുടിക്കുന്ന ദിവസംവരെ ഇനി ഞാൻ മുന്തിരിച്ചാറു കുടിക്കയില്ല' (14:22-25).

3. **വി ലൂക്കോസ്:** 'സമയമായപ്പോൾ അവൻ ഭക്ഷണത്തിനിരുന്നു. കൂടെ അപ്പോസ്തലന്മാരും ഇരുന്നു. അവൻ അവരോടു പറഞ്ഞു. 'ഞാൻ പീഡസഹിക്കുംമുമ്പു്, ഈ

www.malankaralibrary.com

പെസഹാ നിങ്ങളോടുകൂടി ഭക്ഷിക്കുവാൻ എത്ര ആത്മാർത്ഥമായി ആഗ്രഹിച്ചു! ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുംവരെ, ഇനി ഞാൻ ഇതു ഭക്ഷിക്കുകയില്ല. അവൻ ഒരു പാനപാത്രം എടുത്തു കൃതജ്ഞതാ സ്തോത്രം അർപ്പിച്ചിട്ടു പറഞ്ഞു: ഇതു വാങ്ങി നിങ്ങൾ പങ്കിടുക. കാരണം, ഞാൻ നിങ്ങളോടു പറയുന്നു: ഇപ്പോൾ മുതൽ ദൈവരാജ്യംവരുംവരെ. മുന്തിരിയുടെ ഫലത്തിൽനിന്നു ഞാൻ കുടിക്കുകയില്ല. അവൻ അപ്പം എടുത്തു കൃതജ്ഞതാസ്തോത്രം പറഞ്ഞു വിഭജിച്ചു അവർക്കു നൽകിക്കൊണ്ടു പറഞ്ഞു: ഇതു നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാണു. എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം പാനപാത്രം എടുത്തുകൊണ്ടു അവൻ പറഞ്ഞു: നിങ്ങൾക്കു പകർന്നു നൽകുന്ന ഈ പാനപാത്രം എന്റെ രക്തംകൊണ്ടുള്ള പുതിയ ഉടമ്പടിയാണു (ലൂക്കോ: 22:14—25).

4. വി. യോഹന്നാൻ: യോഹന്നാന്റെ സുവിശേഷത്തിൽ പെസഹാ ആഘോഷിച്ചതിനെപ്പറ്റി സൂചനകൾ അല്ലാതെ വി. കുർബാന സ്ഥാപിച്ചതിനെപ്പറ്റി വ്യക്തമായ വിവരണം ഒന്നുമില്ല എന്നു നേരത്തെ പറഞ്ഞല്ലൊ (യോഹ:13:18—25)).

5. വി. പൗലോസു: പൗലോസു ശ്ലീഹാ തന്റെ ലേഖനത്തിൽ ഇങ്ങനെ: 'കർത്താവിൽ നിന്നു ലഭിച്ചതു ഞാൻ നിങ്ങൾക്കു ഏല്പിച്ചതുതന്നെ. അതു ഇതാണു: കർത്താവായ യേശു താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പം എടുത്തു കൃതജ്ഞതാ സ്തോത്രം ചെയ്തതിനുശേഷം അതു വിഭജിച്ചുകൊണ്ടു അരുളിചെയ്തു: ഇതു നിങ്ങൾക്കായുള്ള

www.malankaralibrary.com

എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ.' അപ്രകാരം തന്നെ, അത്താഴത്തിനുശേഷം പാനപാത്രം എടുത്തു് അരുളിച്ചെയ്തു: 'ഈ പാനപാത്രം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാകുന്നു. നിങ്ങൾ ഇതു പാനം ചെയ്യുമ്പോഴെല്ലാം, ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ. ഈ അപ്പം ഭക്ഷിക്കുകയും ഈ പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴെല്ലാം, നിങ്ങൾ കർത്താവിന്റെ മരണം, അവന്റെ ആഗമനം വരെ, ഉദ്ഘോഷിക്കുന്നു' (1 കോറി: 11:23—26).

കുർബാനസ്ഥാപനത്തെപ്പറ്റി മൂന്നു സുവിശേഷകർത്താക്കളും അപ്പോസ്തോലനായ പൗലോസും പറയുന്ന കാര്യങ്ങൾ അടിസ്ഥാനപരമായി ഒന്നുപോലെയാണു്, അപ്പവും വീഞ്ഞും എടുത്തു കൃതജ്ഞതാസ്തോത്രംചെയ്തു്, തന്റെ ശരീരരക്തങ്ങളാക്കി, ശിഷ്യന്മാർക്കു ഭക്ഷിക്കുവാൻ കൊടുത്തു എന്നതാണു് അടിസ്ഥാനപരമായ ഒരു കാര്യം. പാനപാത്രം, രക്തംകൊണ്ടുള്ള ഉടമ്പടിയാണു് എന്നതത്രേ മറ്റൊരുകാര്യം. ഇനി വേറൊന്നു്, തന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യണം എന്നുള്ള കല്പനയാണു്. എങ്കിലും വിശദാംശങ്ങളിൽ ചില്ലറ വ്യത്യാസങ്ങളുണ്ടു്. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെയാണു, ക്രിസ്തു കുർബാന സ്ഥാപിക്കുന്നതു് എന്ന കാര്യം പൗലോസു് പറയുന്നില്ല. അതുപോലെ, പാനപാത്രം എടുത്തു കൃതജ്ഞതാസ്തോത്രം ചെയ്തു ശിഷ്യന്മാർക്കുകൊടുത്തു എന്നല്ലാതെ, സാധാരണ കഴിക്കുന്ന ഖരഭക്ഷണത്തെപ്പറ്റി ലൂക്കോസു് ഒന്നും പറയുന്നില്ല. സാധാരണ ഖരഭക്ഷണം കഴിച്ചുകൊണ്ടിരുന്നു എന്നു നമുക്കു അഭ്യൂഹിക്കാവുന്നതേയുള്ളൂ. രക്തംകൊണ്ടുള്ള ഉടമ്പടിയെപ്പറ്റി എല്ലാവരും പറയുന്നുണ്ടെങ്കിലും 'ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' എന്നു ലൂക്കോസും പൗലോസും മാത്രമേ പ്രസ്താവിക്കുന്നുള്ളൂ. എന്നുതന്നെയല്ല, ഈ സ്മരണാനു

www.malankaralibrary.com

ഷ്ഠാനം കർത്താവിന്റെ മരണവുമായി ബന്ധപ്പെടുത്തുന്നതു പൗലോസ് മാത്രമാകുന്നു. ഉയർപ്പുമായി ഈ ഓമ്മപ്രവൃത്തി പൗലോസ് ബന്ധപ്പെടുത്തിപ്പറയുന്നില്ല. ഉയർപ്പ്, മരണവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ വിശേഷിച്ചെടുത്തു പറയുന്നില്ലെന്നേയുള്ളൂ എന്നു സമാധാനിക്കാം. (1 കോറി. 15-ാം അദ്ധ്യായം) കർത്താവിന്റെ ഉയർപ്പിനെപ്പറ്റി പൗലോസിനെപ്പോലെ അതിശക്തമായി ആരും പറഞ്ഞിട്ടില്ലെന്നോർക്കുക.

ഇവിടെ ചില കാര്യങ്ങളുടെ വിശദീകരണം ആവശ്യമായിരിക്കുന്നു:-

1. യേശു അപ്പം കൈയിലെടുത്തു കൃതജ്ഞതാസ്തോത്രം ചെയ്തു എന്നേ ബൈബിളിൽ കാണുന്നുള്ളൂ. എന്നാൽ മലങ്കര കുർബാന തക്സായിൽ വാഴ്ത്തി, ശുദ്ധീകരിച്ചു' എന്നുകൂടി കാണുന്നു. ഇതു് അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളാക്കുന്നതിനു യേശു അനുഷ്ഠിച്ച ക്രിയാംശം, വിശദീകരണരീത്യാ പ്രകാശിതമാക്കാൻവേണ്ടിയാണു് എന്നു കരുതാം. ഏതെങ്കിലും ഒരു സാധനം എടുത്തു വാഴ്ത്തുമ്പോൾ, വാസ്തവത്തിൽ അതു സൃഷ്ടിച്ച ദൈവത്തെയാണു വാഴ്ത്തുന്നതു്. ആ വാഴ്ത്തൽ ഒരു കൃതജ്ഞതാസ്തോത്രമാണു്; ദൈവത്തിനുള്ള സ്തോത്രയാഗമാണു്. മനുഷ്യാവതാരത്തിലൂടെ തനിക്കു ശരീരം തന്ന ദൈവത്തെ യേശു വാഴ്ത്തുകയും അതു ദൈവത്തിനു സ്തോത്രയാഗമായി കൃതജ്ഞതയോടെ അർപ്പിക്കുകയും ചെയ്യുന്നു എന്നാണു് ഈ വാഴ്ത്തൽ കൊണ്ടു മനസ്സിലാക്കേണ്ടതു്.

സുറിയാനിയിൽ 'വാഴ്ത്തി' എന്നതിനു ബാറേക്കു് എന്ന പദമാണുപയോഗിച്ചിരിക്കുന്നതു്; അതുപോലെ 'ശുദ്ധീകരിച്ചു' എന്നതിനു കാദേശു് എന്ന പദവും. സുറി

www.malankaralibrary.com

യാനിയിലെ പദസമ്പത്തിന്റെ പരിമിതിമൂലം കാദേശ് എന്ന പദമേ പ്രയോഗിക്കാനുള്ളൂ. വെള്ളം ശുദ്ധീകരിക്കുന്നതിനും ഈ പദമാണുപയോഗിക്കുന്നതു്. വ്യത്യാസം കാണിക്കുന്നതിനു് കുർബാനയിൽ ശുദ്ധീകരിച്ചു എന്നതിനുപകരം കൂദാശചെയ്തു എന്നു പ്രയോഗിക്കുകയാണുത്തമം. ഫോൺചെയ്തു എന്നപോലെ. മലയാളത്തിൽ അനുപ്രയോഗധാതുക്കൾ നാമത്തോടു ചേർത്തുപയോഗിക്കാറുണ്ടല്ലൊ.

2. എപ്പോഴാണു് അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി മാറുന്നതു് എന്ന കാര്യവും ആലോചിക്കേണ്ടതാണു്. ഇതിനു പഴയ രീതിയിൽ 'വസ്തുഭേദം' എന്നതന്നെ ഇവിടെ തൽക്കാലം ഉപയോഗിക്കുന്നു. ചില പണ്ഡിതന്മാർ പറയുന്നതു്, 'ഇതു് എന്റെ ശരീരമാണു്, ഇതു് എന്റെ രക്തമാണു്' എന്നുപറയുമ്പോഴാണു് വസ്തുഭേദം സംഭവിക്കുന്നതു് എന്നാണു്. ഈ വ്യാഖ്യാനം ശരിയാണെന്നു തോന്നുന്നില്ല. കാരണം, അപ്പം വിഭജിച്ചിട്ടാണു ശിഷ്യന്മാർക്കു ഭക്ഷിക്കുവാൻ കൊടുക്കുന്നതു്. വിഭജിക്കപ്പെട്ടതിനുശേഷമാണു ശരീരമായി മാറുന്നതു് എന്നതു യുക്തിസഹമല്ല. ക്രിസ്തുവിന്റെ ശരീരമായിത്തീർന്നതിനുശേഷമാണു് വിഭജിക്കപ്പെടുന്നതു് എന്നതാണു ന്യായമായിരിക്കുന്നതു്. അപ്പോൾ ഇതെന്റെ ശരീരമാണെന്നു പറഞ്ഞുകൊണ്ടു കൊടുക്കുന്നതിനുമുമ്പേതന്നെ അപ്പത്തിൽ ക്രിസ്തു സന്നിഹിതനായിക്കഴിഞ്ഞു. പിന്നെ, ശിഷ്യന്മാർക്കു് വച്ചു നീട്ടുമ്പോൾ, 'ഇതു് എന്താണു്' എന്നു് ഒരു ചോദ്യം വരുന്നുവെന്നു കരുതുക. അപ്പോൾ പറയാം; 'ഇതു് എന്റെ ശരീരമാകുന്നു'. നേരത്തെ ഭക്ഷിച്ചതുപോലെയുള്ള അപ്പമല്ലെന്നിരിക്കെ, എപ്പോൾ വസ്തുഭേദം വന്നിരിക്കണം? കൃതജ്ഞതാസ്തോത്രം ചെയ്തപ്പോൾ എന്നു് ഉത്തരം. അത്താഴഅപ്പം എടുത്തു്

www.malankaralibrary.com

കൃതജ്ഞതാസ്തോത്രം ചെയ്ത കാര്യം ആമുഖമായി പറയുന്നുണ്ടല്ലൊ. അവിടെ അപ്പം തന്റെ ശരീരമായി മാറണമെന്ന ഉദ്ദേശ്യം ക്രിസ്തുവിനില്ലായിരുന്നു. കുർബ്ബാന സ്ഥാപനത്തിനുദ്ദേശിച്ചിട്ടുള്ള അപ്പമാണു കൃതജ്ഞതാസ്തോത്രം വഴി ക്രിസ്തു തന്റെ ശരീരമാക്കി മാറുന്നതു്. വാസ്തവത്തിൽ അപ്പം കൈയിലെടുത്തെങ്കിലും, അതു് അല്ല കൃതജ്ഞതാസ്തോത്രവസ്തുവായി പിതാവായ ദൈവത്തിനു് ക്രിസ്തു സമർപ്പിച്ചതു്; തന്റെ ശരീരമാണു്. ഒന്നുകൂടി വിശദമാക്കിയാൽ, അപ്പം ശരീരമാക്കിയാണു് അതു് സ്തോത്രയാഗമായി ക്രിസ്തു പിതാവിനു് അർപ്പിക്കുന്നതു്. കൃതജ്ഞതാസ്തോത്രത്തിൽ, 'വസ്തുഭേദം' നടന്നു കഴിഞ്ഞിരിക്കുന്നു.

കൂടാതെ, മാർക്കോസിന്റെ വിവരണം ഇവിടെ ഉന്നയിച്ച ന്യായത്തിനു താങ്ങായി നിൽക്കുന്നു. കൃതജ്ഞതാസ്തോത്രംചെയ്ത കൊടുത്ത പാനപാത്രം ശിഷ്യന്മാർ കുടിച്ചതിനുശേഷമാണു 'ഇതു് എന്റെ രക്തമാകുന്നു' എന്നു ക്രിസ്തു പറയുന്നതു്. നിങ്ങളും ഉപയോഗിക്കേണ്ടതു് എന്റെ രക്തമാകുന്നു എന്നർത്ഥം. അപ്പോഴും ഇതു് എന്റെ രക്തമാകുന്നു എന്നു പറയുന്നതിനുമുമ്പേ, കൃതജ്ഞതാസ്തോത്രം ചെയ്തപ്പോഴത്തന്നെ 'വസ്തുഭേദം' സംഭവിച്ചു കഴിഞ്ഞു.

സാന്നിദ്ധ്യം എങ്ങനെ?

കൂദാശചെയ്തുകഴിഞ്ഞാൽ അപ്പവീഞ്ഞുകളുടെ രൂപത്തിലുള്ള തിരുശരീരരക്തങ്ങളുടെ സമന്വയത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ടാകുന്നു. എങ്ങനെ, എപ്രകാരത്തിൽ എന്നു ചോദിച്ചാൽ ഉത്തരം പറയുക പ്രയാസം. വസ്തുഭേദം (transubstanciation) എന്ന ഒരു

www.malankaralibrary.com

സിദ്ധാന്തം കത്തോലിക്കാപണ്ഡിതന്മാർ കൊണ്ടു നടക്കുന്നുണ്ടായിരുന്നു അരിസ്റ്റോട്ടിലിന്റെ Substance, accidents എന്നീ രണ്ടു പ്രയോഗങ്ങളെ ഉപജീവിച്ചതു വഴിയാണു വസ്തുഭേദസിദ്ധാന്തം നിലവിൽ വന്നതു്. ഈ പദങ്ങൾകൊണ്ടുള്ള ഒരു കസർത്തുകളിയാണു വസ്തുഭേദസിദ്ധാന്തം. അതു പഠിപ്പിച്ചുവയ്ക്കും കേട്ടു കൊണ്ടിരുന്ന അസംമാട്ടശന്മാർക്കും അതെന്തെന്നു മനസ്സിലായിരുന്നില്ല. അതുകൊണ്ടു പ്രയോജനം ഉണ്ടായില്ല. കാരണം ക്രിസ്തുവിന്റെ സാന്നിദ്ധ്യം അപ്പവീഞ്ഞുകളിലൂടെ ഉണ്ടാകുന്നു എന്ന വിശ്വസമാണല്ലൊ പ്രധാന കാര്യം.

വി. കുർബാനയിലെ ക്രിസ്തുസാന്നിദ്ധ്യത്തിനു വേറൊരു വിശദീകരണം കൊടുത്താലോ? ഇതു സ്വീകാര്യമാണോ എന്നു വേദശാസ്ത്രജ്ഞന്മാർ തീരുമാനിക്കട്ടെ. മറിയം എന്ന മനുഷ്യ സ്ത്രീയുടെ ഗർഭപാത്രത്തിൽ വന്നതുകൊണ്ടാണു ദൈവപുത്രനു മനുഷ്യരൂപം കൈവന്നതു്. വേറൊരു ജീവിയുടെ ഗർഭപാത്രത്തിൽ വന്നിരുന്നെങ്കിൽ ആ ജീവിയുടെ രൂപം (forma) അവിടത്തേക്കു കിട്ടുമായിരുന്നു. മനുഷ്യ രൂപത്തിലായിരിക്കണം തന്റെ ഉരുവാകൽ എന്ന ഉദ്ദേശ്യം ദൈവപുത്രനു് ഉണ്ടായിരിക്കണമെന്ന വസ്തുത ഇവിടെ നിഷേധിക്കുന്നില്ല. നരനും ആയിരിക്കണം, സിംഹവും ആയിരിക്കണം എന്ന ഉദ്ദേശ്യം നരസിംഹാവതാരത്തിൽ പരമപുരുഷനുണ്ടായിരുന്നു എന്ന സാധർമ്മ്യസംഭവം ഓർത്തുകൊണ്ടാണു് ഇങ്ങനെ പറഞ്ഞതു്. എന്തായാലും ശരി, അരൂപിയായ ദൈവപുത്രൻ, മനസ്സിലാകുന്ന രീതിയിൽ പച്ചയ്ക്കു പറഞ്ഞാൽ, മറിയാമിൽ നിന്നുപദാർത്ഥം (matter) സ്വീകരിച്ചതിനാൽ, മനുഷ്യരൂപത്തിൽ ആയിത്തീർന്നു. ഇതുപോലെ ദൈവപുത്രൻ അപ്പം വീഞ്ഞു് എന്ന രണ്ടു വസ്തുക്കളിൽ നിന്നു പദാർത്ഥം മുഴുവനേ സ്വീകരിച്ചു. ദൈവപുത്രൻ മനുഷ്യനായിരിക്കും

www.malankaralibrary.com

പോലാണു് ഇങ്ങനെ സംഭവിക്കുന്നതെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. മറിയാമിൽ നിന്നുള്ള ശരീരമെടുത്തു കഴിയുമ്പോഴും അപ്പവീഞ്ഞുകളിൽ വേറൊരു ശരീരമോ എന്നു ചോദിച്ചേക്കാം. സ്വർഗ്ഗത്തിൽ ഉയർത്തെഴുന്നേറ്റ ശരീരത്തിലിരിക്കുമ്പോഴും, ഇന്നു കുർബാനയിൽ, വേറൊരു ശരീരമോ എന്ന മറുചോദ്യമേ ഇതിനു സമാധാനമായി പറയാനുള്ളൂ. ദൈവത്തിനു് ഇതൊക്കെ കഴിയും. സ്ഥലകാലങ്ങൾക്കു് അതീതനാണു് ദൈവം. എന്തായാലും മനുഷ്യശരീരത്തിലൂടെന്നതുപോലെ ജീവശക്തിയുടെ പ്രക്രിയാവ്യാപാരത്തിനു് അപ്പത്തിനും വീഞ്ഞിനും കഴിവില്ലാത്തതുകൊണ്ടു്, പദാർത്ഥം സ്വീകരിച്ച ദൈവപുത്രൻ അപ്പത്തിന്റെയും വീഞ്ഞിന്റെയും സ്വതസിദ്ധമായ രൂപത്തിലും രീതിയിലും തന്നെ അവശേഷിക്കുന്നു. ക്രിസ്തുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പ്രത്യക്ഷത്തിൽ കാണാനില്ല, കാണാവുന്നതു് അപ്പസ്വഭാവം മാത്രം—അങ്ങനെ പറയാമെങ്കിൽ?

3. അത്താഴം കഴിഞ്ഞതിനുശേഷമാണു്, അഥവാ അത്താഴസമയത്താണു് വി. കുർബാന ക്രിസ്തു സ്ഥാപിക്കുന്നതു്. അപ്പോഴും അത്താഴത്തിനുശേഷം എത്രനേരം കഴിഞ്ഞു്, എന്ന ചോദ്യമുദിക്കുന്നു. ഒരുപക്ഷേ, അത്താഴഭക്ഷണം പചനപ്രക്രിയയിലൂടെ രക്തമായിത്തീരാവുന്ന ഘട്ടത്തിലായിരിക്കണം. അപ്പോഴും വീഞ്ഞു തിരുരക്തമാക്കിക്കൊടുത്താൽ അതിനു പ്രസക്തിയുണ്ടു്. കൂടാതെ വിഭജിച്ചു കിട്ടിയതു തിരുശരീരം മാത്രമാകയാൽ ദഹിച്ചു രക്തമാകാൻ അധികസമയവും വേണ്ടാ. അത്താഴഭക്ഷണം വഴിയുള്ള രക്തം തിരുശരീരരക്തവുമായി സമന്വയിക്കാൻ ഇതെല്ലാം സംഗതിയാകുന്നു.

അപ്പശരീരത്തിൽ രക്തവും ഉണ്ടു്. എന്നാൽത്തന്നെയും മനുഷ്യനു തന്റെ രക്തം മുഴുവൻ കൊടുത്തു

www.malankaralibrary.com

എന്നു വരുത്താനും, വിശപ്പു തീർക്കാൻ ഭക്ഷണവും, ദാഹം തീർക്കാൻ പാനീയവും എന്ന സാമാന്യരീതി അനുവർത്തിക്കാനുമാണു്, അപ്പം ശരീരമായും വീഞ്ഞു് രക്തമായും ക്രിസ്തു മാറുന്നതു്. കുരിശിലും ഇങ്ങനെ ശരീരവും രക്തവും ക്രിസ്തുവിന്റെ മരണത്തിൽ വേറെ വേറെ ആകുന്നല്ലോ.

4. ഇനി, "ഇപ്പോഴും മുതൽ ദൈവരാജ്യം വരുന്നതുവരെ ഞാൻ മുന്തിരിയിൽ നിന്നുള്ള രസം കുടിക്കുകയില്ല" എന്ന പ്രസ്താവത്തെപ്പറ്റി: ദൈവരാജ്യം എന്നതുകൊണ്ടു് ക്രിസ്തു എന്താണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുന്നില്ല; തന്റെ ആഗമനം ഏതുകാലത്താണു് എന്നു വ്യക്തമാക്കാതിരുന്നതുപോലെ, ലോകാവസാനത്തിൽ മനുഷ്യരുടെയെല്ലാം ഉയർപ്പിനുശേഷം, സ്വർഗ്ഗത്തിൽ വച്ചു നടത്താനിരിക്കുന്ന വിരുന്നിനെ ഉദ്ദേശിച്ചാണോ, അതോ സഭാസ്ഥാപനത്തിനുശേഷമുള്ള കുർബാനാഘോഷത്തെപ്പറ്റിയാണോ അവിടുന്നു സൂചിപ്പിക്കുന്നതെന്നു തീരുമാനിക്കാൻ പറ്റില്ല. കൂടുതൽ ക്ലിഷ്ടമാക്കുന്നതു് വേറൊരു കാര്യമാണു്. പൗലോസു് ഇങ്ങനെ ഒരു കാര്യം എടുത്തു കാണിക്കുന്നില്ല. ലൂക്കോസു് ആകട്ടെ, മറ്റു സുവിശേഷകരെ അപേക്ഷിച്ചു്, സാധാരണ അത്താഴം കഴിഞ്ഞതിനുശേഷം, കുർബാന സ്ഥാപനത്തിനു മുമ്പാണു് ഇക്കാര്യം പറയുന്നതു്. പുതിയ ഉടമ്പടി, പുതിയ നിയമം, പുതിയ ജീവൻ എന്നൊക്കെ പറയുന്നമട്ടിൽ, പുതുവീഞ്ഞു് എന്നു ക്രിസ്തു പറയുന്നതിനു വിശേഷാൽ അർത്ഥം കല്പിക്കാമോ? ഇനി പുതുവീഞ്ഞു് കുടിക്കുകയില്ല എന്നു പറയുന്നതുകൊണ്ടു്, അന്നു കുടിച്ചതും അഥവാ കുടിക്കാൻ പോകുന്നതും പുതിയ വീഞ്ഞായിരിക്കണം. പുതിയ വീഞ്ഞിനേക്കാളും നല്ലതു് പഴയ വീഞ്ഞാണു് എന്നിരിക്കെ, പുതിയ വീഞ്ഞു്

www.malankaralibrary.com

ക്രിസ്തുവിനു സ്വീകാര്യമായതെന്തു്? അതിനെന്താണു് അദ്ദേഹം പ്രത്യേക മഹത്വം കൊടുക്കുന്നതു്? വി. കുർബാനയിൽ തിരുരക്തമായി മാറിവരുന്നതും, രുചി ഭേദമില്ലാത്തതുമായ വീഞ്ഞിനെ ഉദ്ദേശിച്ചായിരിക്കാമോ ഈ 'പുതുവീഞ്ഞു്' എന്ന പ്രയോഗം? തിരുരക്തംവഴി പുതിയ ഉടമ്പടി ഉണ്ടാകുന്നു; പുതിയ ജീവൻ കിട്ടുന്നു; അതിനാൽ അതിനുപയോഗിച്ച വീഞ്ഞിനെ 'പുതുവീഞ്ഞു്' എന്നു വിളിക്കാം. ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നാണല്ലോ വി. കുർബാനയിൽ പുരോഹിതൻ ഈ 'പുതുവീഞ്ഞു്' കുടിക്കുന്നതു്. അപ്പോഴും കുർബാനാഘോഷത്തിലെ തിരുരക്തപാനമായിരിക്കും പുതുവീഞ്ഞു കൊണ്ടു് ഉദ്ദിഷ്ടം?

വേറൊരു വീക്ഷണകോണത്തിൽകൂടി നോക്കിയാൽ, മുകളിൽപ്പറഞ്ഞ രീതിയിൽ, വിചിന്തനത്തിന്റെ തലനാരിഴ കീറേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ലതാനും. 'തന്റെ ആദ്യജാതനെ പ്രസവിക്കുന്നതുവരെ മറിയം അവനെ (യൗസേപ്പിനെ) അറിഞ്ഞിരുന്നില്ല. എന്നു ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ. ആദ്യജാതനെ പ്രസവിച്ചതിനുശേഷം 'അവനെ' 'അറിഞ്ഞു' എന്ന ആ വാചകത്തിനർത്ഥമില്ല. ഇതു് സുറിയാനി ഭാഷാശൈലിയാണു്. ഇതിന്റെ അർത്ഥം നേരത്തെയും, പിന്നീടും, അതായതു് ജീവിതത്തിലൊരിക്കലും മറിയം യൗസേപ്പിനെ 'അറിഞ്ഞിരുന്നില്ല' എന്നേയുള്ളു. അതുപോലെ, ദൈവരാജ്യം വരുന്നതുവരെ ഇനി ഞാൻ മുന്തിരിച്ചാറുകുടിക്കുകയില്ല എന്നു ക്രിസ്തു പറയുന്നതുകൊണ്ടു്, ഇനിമേലാൽ ഒരിക്കലും അങ്ങനെ ഉണ്ടാകാൻ പോകുന്നില്ല, ഇതു് അവസാനത്തെ പാനകർമ്മമാണു് എന്നു തീരുമാനിക്കുന്നതാണു യുക്തം.

5. രക്തംകൊണ്ടുള്ള ഉടമ്പടി: യഹൂദന്മാരുടെ പെസഹാ, ദൈവവും ഇസ്രായേൽക്കാരും തമ്മിൽ നടന്ന ഒരു ഉടമ്പടി

www.malankaralibrary.com

യുടെ പ്രതീകമായിരുന്നു. ഏറ്റവും അർത്ഥവത്തായതും മാറ്റിമറിക്കാൻ പാടില്ലാത്തതുമായ ഉടമ്പടികളെല്ലാം രക്തംകൊണ്ടു് അടയാളപ്പെടുത്തുന്നതും മുദ്രകുത്തുന്നതുമായിരുന്നു എന്നു് ചരിത്രം സാക്ഷിക്കുന്നു. ഇന്നും രക്തംകൊണ്ടു് ആളുകൾ പ്രതിജ്ഞ എടുക്കുന്നുണ്ടല്ലൊ. മനുഷ്യ രക്തത്തിനുപകരം മൃഗങ്ങളെ കൊന്ന രക്തംതുകിയാണു് യഹൂദന്മാർ ഈ ഉടമ്പടി മുദ്രവച്ചതു്. ദൈവനീതിക്കു പരിഹാരമുണ്ടാക്കാൻ ക്രിസ്തുവും രക്തംചിന്തി ഒരു പുതിയ ഉടമ്പടിക്കു മുദ്രകുത്തുന്നു. ഇസ്രായേൽക്കാർ യഹോവയുടെ തിരഞ്ഞെടുക്കപ്പെട്ട ജനമായിത്തീർന്നതുപോലെ ക്രിസ്തുവിശ്വാസികളും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിത്തീരുന്നു.* ഉടമ്പടിയിലെ വ്യവസ്ഥകളും പാലിക്കാൻ ക്രൈസ്തവർ ഇതുമൂലം ബാദ്ധ്യസ്ഥരായിത്തീരുന്നു എന്നു വിശേഷിച്ചു പറയേണ്ടല്ലൊ. കുർബാനസ്ഥാപനത്തിൽ പാനപാത്രം വാഴ്ത്തിയിട്ടു്, ഇതു് പുതിയ ഉടമ്പടിയുടെ രക്തമാകുന്നു എന്നു ക്രിസ്തു പറയുന്നു. ക്രിസ്തു ഉടമ്പടിയുടെ വ്യവസ്ഥ പാലിക്കുന്നു; താമസിയാതെതന്നെ കുരിശിൽ തന്റെ രക്തംചിന്തി മനുഷ്യരുടെ പാപത്തിനു പരിഹാരം ഉണ്ടാക്കുന്നു; മനുഷ്യനു നിത്യജീവൻ കൊടുക്കുന്നു. ക്രിസ്തുവിന്റെ കുരിശുമരണം കൊണ്ടു്, രക്തം ചിന്തൽകൊണ്ടു് ഉടമ്പടി സാധുവായിത്തീരുന്നതിനാൽ, അപ്പവും വീഞ്ഞും എടുത്തു വി. കുർബാന സ്ഥാപിച്ചതു്, ആവശ്യമില്ലാത്ത ഒരു കാര്യമാണെന്നു പറയേണ്ടിവരും : ആർക്കാണെന്നോ— വി. കുർബാനയിലെ ദൈവസാന്നിദ്ധ്യത്തിൽ വിശ്വാസമില്ലാത്തവർക്കു്!

പ്രതീകമല്ല

പരിശുദ്ധാത്മാവു വന്നു് സഭസ്ഥാപിച്ചതിനുശേഷം, നിങ്ങളും ഇങ്ങനെയൊക്കെ ചെയ്യണം എന്നു പറഞ്ഞില്ല,

* ലൂർ. യെരമ്യാ. 31:31

www.malankaralibrary.com

ക്രിസ്തു വി. കുർബാന സ്ഥാപിച്ചതു്. ജീവിച്ചിരിക്കുമ്പോഴത്തന്നെ അവിടന്നു് അപ്പവുംവീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കുന്നു. എന്നിട്ടു് അവ തന്റെ കൈകൊണ്ടുതന്നെ ശിഷ്യന്മാർക്കു കൊടുക്കുന്നു: എടുത്തു ഭക്ഷിക്കുവിൻ, എടുത്തു പാനം ചെയ്യുവിൻ എന്നു് പറഞ്ഞു് അവരെ ആത്മീയ ഗുണഭോക്താക്കളാക്കിത്തീർക്കുന്നു. എന്റെ ശരീരമാണെന്നു കരുതി നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ എന്ന മട്ടിൽ, പ്രതീകസങ്കല്പത്തിന്റെ യാതൊരു ലാഞ്ഛനയും സന്നിഗ്ധതയും ക്രിസ്തു അവിടെ പ്രകടിപ്പിക്കുന്നില്ല. 'എന്റെ ശരീരമാകുന്നു' എന്നു, തന്റെ പുരുഷാത്മകത്വ (Person)ത്തെ തട്ടി, വളരെ ലളിതമായി, നേരെ പറയുകയാണു് ക്രിസ്തു. ഇവിടെ അനുഷ്ഠാനപരമായ (Cultic) ഒരു കർമ്മത്തിന്റെ പ്രകടനസ്വഭാവമോ, ആഹാര്യരീതിയോ കാണാനില്ല; വർണ്ണനാപരമായ ശൈലീശബ്ദാളിമയുമില്ല. 'അവനെ അവിടെ കുരിശിച്ചു' എന്ന ഒരൊറ്റ വാചകം കൊണ്ടു, നടന്ന കാര്യം ലളിതമായി പറയുന്നതുപോലെയാണു്, 'ഇതു എന്റെ ശരീരമാകുന്നു' എന്ന പ്രയോഗം. അപ്പം ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നു എന്നല്ലാതെ വേറൊരർത്ഥവും അവിടെ ഇല്ല. സനാതനസത്യകഥനത്തിൽ ബൈബിളിന്റെ ശൈലി ഇതാണു്. അവിടെ ഭാവനാവിലാസത്തിനോ, വിചികിത്സിതങ്ങൾക്കോ സ്ഥാനമില്ല. പ്രമാണം, സത്യം മാത്രം.

കാൽവരിയിൽ ഇനിയും ബലിയാകാനിരിക്കെ, രക്തം ചൊരിയാനിരിക്കെ ക്രിസ്തു സ്ഥാപിച്ച വി. കുർബാന യാഥാർത്ഥ്യമല്ല, പ്രതീകമാണു് എന്നു പറയുന്നവരുണ്ടു്. ഈ വാദം ശരിയാണെന്നു പറയുക വയ്യാ. ആദ്യത്തെ കുർബാനയിൽത്തന്നെ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി മാറുന്നുണ്ടു്.

www.malankaralibrary.com

അതു് തുടർന്നുണ്ടായ ബലിയുടെ അനുഭവം മുൻക്കൂറായി ഉണ്ടാകുന്ന എന്നേയുള്ള. ദൈവം സ്ഥലകാലങ്ങൾക്കതീതനാണെന്ന സൂചിപ്പിച്ചല്ലോ. ക്രിസ്തുവിൽ നിന്നു കുർബാന വാങ്ങി അനുഭവിച്ച ശിഷ്യന്മാർക്കു്, അന്നു യാഥാർത്ഥ്യ ബോധം ഉണ്ടായിരിക്കണമെന്നില്ല. കാരണം, ഈ വിശ്വാസത്തിന്റെ വിശേഷജ്ഞാനം അവർക്കു് അന്നു കിട്ടിയിരുന്നില്ല. അതു കിട്ടിയതാകട്ടെ, പരിശുദ്ധാത്മാവു വന്നു് അവരെ അഭിഷിക്തരാക്കിയ പെന്തക്കോസ്തി ദിവസത്തിലാണു്. അപ്പോഴും തിരുവത്താഴദിനത്തിൽ, ക്രിസ്തുവിൽ നിന്നു നേരിട്ടു വാങ്ങി അനുഭവിച്ച തിരുശരീര രക്തങ്ങൾ അവരുടെ ആത്മാവിന്റെ ഉള്ളറയിൽനിന്നു ഉയർത്തെഴുന്നേറ്റു് അവർക്കു ക്രിസ്തുവുമായുള്ള ഐക്യം ഉണ്ടാക്കിക്കൊടുത്തിരിക്കണം എന്നു കരുതുന്നതാണു് ശരി. ഈ ചിന്താഗതിക്കുപോൽബലകമായി ചൂണ്ടിക്കാണിക്കാനുള്ളതു്, പൗരസ്ത്യസഭകളിൽനിലവിലിരിക്കുന്ന ഒരു നടപടിക്രമമാണു്. ചില പൗരസ്ത്യസഭകളിൽ മാമോദീസായും മൂറോനഭിഷേകവും ഒന്നിച്ചാണല്ലോ കൊടുക്കുന്നതു്. ഇതു കഴിഞ്ഞാലുടൻതന്നെ ശിശുവിനു തിരുശരീര രക്തങ്ങൾ— കുറഞ്ഞപക്ഷം തിരുരക്തമെങ്കിലും — കൊടുക്കുന്നുണ്ടു്. എന്നാൽ എന്താണു് താൻ ഉൾക്കൊള്ളുന്നതെന്ന യാഥാർത്ഥ്യ ബോധം ഏതാനും ദിവസം പ്രായമുള്ള ശിശുവിനില്ല. ശിശു വളർന്നുവരുമ്പോൾ ഈ കുർബാനാനുഭവത്തിന്റെ ഫലം അതിനു കിട്ടിക്കൊള്ളും. അഥവാ 'പൈതൽ ജ്ഞാനത്തിലും ദൈവ ചൈതന്യത്തിലും വളർന്നു വരുന്നതിനു്' ഇതുസഹായകമായിരിക്കും. ഒരുവൻ അപേക്ഷിക്കാതിരുന്നാലും ദൈവം തന്റേതായ രീതിയിൽ മനുഷ്യാത്മാവിൽ പ്രവർത്തിക്കുന്നതാണു്; അതു നമ്മെ അറിഞ്ഞെന്നിരിക്കില്ല. പല മാനസാന്തരങ്ങളും അങ്ങനെയാണു്. 'നാം വിളിച്ചില്ലെങ്കിലും ദൈവം നമ്മുടെ അടുക്കൽ വരും' എന്നു യേശയ്യാ പറയുന്നതു് ഇവിടെ ഓർക്കുക.

www.malankaralibrary.com

അപ്പവും വീഞ്ഞും

വി. കുർബാനസ്ഥാപയോഗിക്കുന്ന അപ്പം ഗോതമ്പു കൊണ്ടുള്ളതാണു്. വേറെ ഏതെങ്കിലും ധാന്യംകൊണ്ടുള്ള അപ്പം എന്തുകൊണ്ടു ക്രിസ്തു ഉപയോഗിച്ചില്ല എന്നു ചോദിച്ചേക്കാം. ഗോതമ്പു് യഹൂദന്മാരുടെ പ്രധാന ധാന്യ ഭക്ഷണമായതുകൊണ്ടു മാത്രമായിരിക്കില്ല ക്രിസ്തു ഇതു സ്വീകരിച്ചതു്. ഗോതമ്പു ചട്ടുവച്ചാൽ കുറെദിവസം കേടുകൂടാതെയിരിക്കും. ഇങ്ങനെ ആയിരിക്കുകയുപ്പാഥേയത്തിനു ആവശ്യമാണല്ലൊ. മറ്റു ചില ധാന്യങ്ങളെപ്പോലെ അതുപെട്ടന്നു് അടർന്നും പൊഴിഞ്ഞും വീഴുകയുമില്ല.

തിരുരക്തമാക്കാൻ മുന്തിരിച്ചാറുപയോഗിച്ചതിനും കാരണങ്ങളില്ലാതില്ല. മുന്തിരികൃഷി നടത്തുന്നിടത്തെല്ലാം പ്രധാനപാനീയം വീഞ്ഞാണു്. നമ്മം മദ്യം എന്നു പറയുന്ന അർത്ഥമൊന്നും ആ നാട്ടുകാർ മുന്തിരിസത്തിനു കൊടുക്കാറില്ല. ദാഹശമനത്തിന്നപ്പുറം കേവലമായ ലഹരിക്കു, കൂടുതൽ ആചമിച്ചു് മദ്യപാനികളായിത്തീരുന്നവർ അവിടെയും ഉണ്ടു് എന്നു ബൈബിളും സാക്ഷീകരിക്കുന്നു. അഥവാ, ദ്രാക്ഷാരസമല്ലാതെ വേറെയും മദ്യപാനീയം ഉണ്ടായിരുന്നിരിക്കാം. എന്തായാലും മദ്യപാനികളെ അതിരുക്ഷമായ ഭാഷയിൽ പ്രവാചകന്മാർ ഭത്സിക്കുന്നുണ്ടെന്നോർക്കുക. അതുപോകട്ടെ, ക്രിസ്തു മുന്തിരിരസം ഉപയോഗിച്ചതിനു വേറെ കാരണങ്ങൾകൂടിയുണ്ടു് 'രക്തം ജീവനാണു് പ്രാണനാണു്' എന്നു് ആവർത്തനപുസ്തകത്തിൽ എഴുതിയിട്ടുണ്ടല്ലൊ (12:23) ജീവൻ നിലനിറുത്താൻ രക്തംകൊണ്ടുവരിക എന്നു് ഇന്നും ഭിഷഗ്വരന്മാർ ആവശ്യപ്പെടാറുണ്ടു്. രക്തം ഉണ്ടാക്കാൻ, പെട്ടന്നു രക്തമായിമാറാൻ മുന്തിരിച്ചാറുപോലെ വേറൊരുപാനീ

www.malankaralibrary.com

യവും ഇല്ല അതിന്റെ നിറവും രക്തത്തിന്റേതുപോലെ യാണ്; സ്വാദിഷ്ടവുമാണത്. തിരുരക്തവും വേണ്ടി വന്നാൽ സൂക്ഷിച്ചുവയ്ക്കാം. സക്രാരിയിൽ ആരാധനയ്ക്കായി ചീത്തയാകാനിടയുള്ള തിരുവോസ്തിക്കു പകരം തിരുരക്തം വയ്ക്കാറില്ല. അതിന്റെ യുക്തി ശരീരത്തിൽ രക്തവു മുണ്ടല്ലൊ എന്നതാണ്.

പാറയിക്കൊഴിച്ചെടുത്ത ഗോതമ്പ് ഉണക്കി, തിരി കല്ലിലിട്ട പൊടിച്ചു, തീയിൽ ചൂട്ടെടുക്കുന്നതുപോലെ വിശ്വാസിയെ പീഡകളുടെ തിരികല്ലിലിട്ട പൊടിച്ചു, കഷ്ടപ്പാടുകളുടെ ചക്കിലിട്ട് ആട്ടി സഹനത്തിന്റെ തീയി ലിട്ട ചുട്ട്, പരിപാകപ്പെടുത്തി നിത്യജീവനു യോഗ്യനാ ക്കുന്നു എന്നൊരു വ്യാഖ്യാനം ചില ആദ്ധ്യാത്മികതത്വ വിശാരദന്മാർ കൊടുക്കാറുണ്ട്.* ക്രിസ്തുവുമായി ആനു രൂപ്യംപ്രാപിക്കുന്നവർക്ക് ഇത്തരം ഒരു ദർശനത്തിൽ അത്ഥംകാണാം. എന്തായാലും ഗോതമ്പപ്പത്തിനുപകരം പുഴുങ്ങിയ കപ്പയോ, മുന്തിരിച്ചാറിനുപകരം കരിക്കിൻ വെള്ളമോ, കഞ്ഞിവെള്ളമോ ഉപയോഗിക്കാമെന്നു ഉത്ഥാനബുദ്ധികളായ വല്ല ഉത്പതിഷ്ണുക്കളും അഭി പ്രായപ്പെട്ടെന്നുകിൽ, അവരെപ്പറ്റി 'ദൂരത:പരിവർജ്ജ യേൽ' എന്നേ പറയാനുള്ളൂ.

വി. കുർബാനയുടെ സംവിധാനക്രമം

ക്രിസ്തുവാണ്, ക്രിസ്തുവിന്റെ ജീവിതമാണ് കുർബാന എന്നു നേരത്തെ സൂചിപ്പിച്ചല്ലൊ. യേശു ക്രിസ്തുവിന്റെ ജീവിതം വി. കുർബാനയിൽ പൂർണ്ണമായും സാക്ഷാൽക്കരിക്കപ്പെടുന്നതുകൊണ്ടാണ് ഇങ്ങനെ പറ

* 'പുണ്യം പരീക്ഷിക്കപ്പെടേണ്ടയിരിക്കുന്നു. (എബ്രാ. 4:15): അതുപോലെ: 'പാപത്തിനെതിരായ പോരാട്ടത്തിൽ രക്തം ചിന്തുന്നതുവരെ നിങ്ങൾ എത്തിയിട്ടില്ല' (എബ്രാ. 12:4).

www.malankaralibrary.com

ഞ്ഞതു്. വി. കുർബാനയുടെ സംവിധാനക്രമം അങ്ങ നെയാണു്. ക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ ഘട്ടവും വി. കുർബാനയിൽ എങ്ങനെ ഉൾക്കൊണ്ടിരി ക്കുന്നു എന്നു നോക്കാം.

1. സമർപ്പണം: മനുഷ്യന്റെ പാപം പരിഹരിക്കാൻ വേണ്ടി ബലി വസ്തുവായി ക്രിസ്തു സ്വയം സമർപ്പിക്കുന്നു. ക്രിസ്തുവിന്റെ സ്ഥാനത്തുനിൽക്കുന്ന പുരോഹിതൻ അപ്പവും വീഞ്ഞും എടുത്തു് പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോൾ ഉദ്ദിഷ്ടം, ക്രിസ്തുവിന്റെ ജീവിത സമർപ്പണമാണു്. ഈ സന്ദർഭത്തിൽ ക്രിസ്തുവിനോട് കൂടിച്ചേർന്നു് ഓരോ വിശ്വാസിയും ബലിവസ്തുവായി ദൈവത്തിനു് സ്വയം സമർപ്പിക്കുന്നു.

2. വചനശുശ്രൂഷ: ബൈബിളിലെ പഴയ നിയമത്തിൽ നിന്നും പുതിയനിയമത്തിൽനിന്നും ഓരോരോ പ്രസക്ത ഭാഗങ്ങൾ വായിക്കുന്നു. പ്രധാനമായും യേശു വചന പ്രസംഗം നടത്തിയ കാര്യങ്ങളാണു് ഇതുവഴി ഉന്മീലിത മാകുന്നതു്. വചനജ്ഞാനം വഴിയാണു് ഒരുവൻ ക്രിസ്തു വിലേക്കു് ചെല്ലേണ്ടതും, അവിടുത്തെ ആത്മചൈതന്യം സ്വായത്തമാക്കേണ്ടതും. വചനജ്ഞാനമില്ലെങ്കിൽ, ക്രിസ്തു ആരാണെന്നും, വി. കുർബാന എന്താണെന്നും മനുഷ്യനു മനസ്സിലാകയില്ല. ക്രിസ്തുവിനെ ആരാധിച്ചു സ്തുതിക്കാ മെന്നല്ലാതെ, അവിടുത്തെപ്പോലെ ജീവിക്കാനുള്ള ധാർ മ്മിക മനഃസ്ഥിതി വചനജ്ഞാനശൂന്യതയിൽ ദുർല്ലഭ മായിരിക്കും. ആരാധനകൊണ്ടു് എല്ലാമായി എന്ന മിഥ്യാധാരണയിലാണു് ഇന്നു പല ഭക്തരുമാക്കളും. ഇന്നു വന്നിട്ടുള്ള ധാർമ്മികാധഃപതനത്തിന്റെ മുഖ്യ കാര ണവും ഇതല്ലാതെ മറെറാന്നുമല്ല. എന്നുതന്നെയല്ല, ക്രിസ്തുവിന്റെ ബലികർമ്മത്തിന്റെ അന്തഃസത്ത ഗ്രഹി

www.malankaralibrary.com

ക്കാതെ, ഗോഗ്രൽഥായിൽ അന്നു പലരെയുംപോലെ, കാഴ്ചക്കാരായി നിൽക്കുക എന്ന ഗതികേടു്, കുർബാന 'കാണാനെ'ത്തുന്ന വചനജ്ഞാനദരിദ്രർക്കുണ്ടാകും. വചന ജ്ഞാനം കിട്ടാതിരുന്നവരെയാണു പണ്ടു വിശ്വാസ പ്രമാണത്തിനുശേഷം പള്ളിസ്സൂപുറത്തിറക്കി നിർത്തി യിരുന്നതു്.

വി. കുർബാന എന്ന ആത്മഭക്ഷണത്തിനുപുറമേയുള്ള ഒരു ആത്മഭക്ഷണമാണു് വചനം. മനുഷ്യ്യൻ അപ്പം കൊണ്ടു് (അതു് വിശുദ്ധ കുർബാനയപ്പം തന്നെയാകട്ടെ) മാത്രമല്ല, ദൈവവചനംകൊണ്ടുകൂടിയുമാണു ജീവിക്കു ന്നതു് എന്നു ക്രിസ്തുപറഞ്ഞിട്ടുള്ളതു് ഇവിടെ അനുസ്മ രിക്കാം. പഴയ നിയമകാലത്തു്, ദൈവവചനം മാത്രമാ യിരുന്നു മനുഷ്യാത്മാവിന്റെ ആത്മഭക്ഷണം. വചനം ചുരുളായി എസക്കിയേലിന്റെ വായിലേക്കു വച്ചുകൊടു ക്കുന്നതും, അതു ഭക്ഷിക്കുവാൻ യഹോവ ആവശ്യപ്പെടു ന്നതും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണു് (എസ്. 2:6-10). *കുർബാന അർപ്പിക്കാൻ സാധി ക്കാത്ത പീഡനകാലത്തു് വിശ്വാസികൾ ജീവിക്കുന്നതു്

---

* യോഹന്നാൻ വെളിപാടുപുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു: 'സ്വർഗ്ഗത്തിൽനിന്നു ഞാൻ കേട്ട സ്വരം വീണ്ടും എന്നോടുപറഞ്ഞു: പോകൂ, കടലിലും കരയിലുമായി നിൽക്കുന്ന മാലാഖയുടെ കൈയിലുള്ള തുറന്ന ഗ്രന്ഥച്ചുരുൾ വാങ്ങുക.....മാലാഖ പറഞ്ഞു: ഇതെടുത്തു ഭക്ഷിക്കുക; ഇതു നിന്റെ ഉദരത്തിനു കൈപ്പായിരിക്കു മെങ്കിലും, വായിൽ തേൻപോലെ മധുരിക്കും. ഞാൻ ആ ചെറിയ ഗ്രന്ഥച്ചുരുൾ മാലാഖയുടെ കൈയിൽനിന്നു വാങ്ങി ഭക്ഷിച്ചു. എന്റെ വായിൽ അതു തേൻപോലെ മധുരിച്ചു. പക്ഷേ, തിന്നുകഴിഞ്ഞപ്പോൾ ഉദരത്തിൽ കൈപ്പായി. 'നീ വീണ്ടും ധാരാളം ജനതകളോടും ജനപദങ്ങളോടും വിവിധ ഭാഷ ക്കാരോടും രാജാക്കന്മാരോടും പ്രവചിക്കണം' എന്നു് എന്നോടു പറഞ്ഞു' (വെളി. 10:8-11).

www.malankaralibrary.com

വചന ക്ഷേണംകൊണ്ടാണു്. കർബാനയിലെ ക്രിസ്തു സാന്നിദ്ധ്യം നിഷേധിക്കുന്ന ക്രൈസ്തവർ ആത്മീയമായി ജീവിക്കുന്നതും ഇങ്ങനെതന്നെ.

ഇന്നു വചനദൗർഭിക്ഷ്യം സഭാസമൂഹത്തെ ബാധിച്ചിരിക്കുന്ന ഒരു രോഗമാണു്. ഈ അപകടത്തെപ്പറ്റി പ്രവാചകനായ ആമോസു് നേരത്തേതന്നെ ഉദ്ഘോഷനം ചെയ്തിട്ടുണ്ടു്: 'ഇതാ, ആ ദിനങ്ങൾ വരുന്നു. അപ്പോൾ ഞാൻ ദേശത്തേക്കു് ഒരു ക്ഷാമം അയയ്ക്കും; അപ്പത്തിനുള്ള വിശപ്പോ, വെള്ളത്തിനുള്ള ദാഹമോ അല്ല, കർത്താവിന്റെ വചനങ്ങൾ ലഭിക്കായ്കയാലുള്ള ക്ഷാമംതന്നെ. കർത്താവാണു് ഇതു് അരുളിച്ചെയ്യുന്നതു്. അവർ കടൽ മുതൽ കടൽവരെയും വടക്കുമുതൽ കിഴക്കുവരെയും ഉഴന്നു നടക്കും. അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു് അവർ കർത്താവിന്റെ വചനം അന്വേഷിക്കും. എന്നാൽ അവർ അതു കണ്ടെത്തുകയില്ല. ആ ദിവസം സുന്ദരികളായ കന്യകമാരും യുവാക്കളും ദാഹംമൂലം ബോധംകെട്ടുവീഴും (ആമോ. 8:11).

യോഹന്നാൻ ക്ഷേപിച്ചതു ദൈവവചനമാണു്. അവ ദൈവത്തിന്റെ അരുളപ്പാടുകളാണു്, പ്രവചനങ്ങളാണു്. പ്രവചനസ്വഭാവമുള്ളതാകയാൽ, ആദ്യം മധുരിച്ചെങ്കിലും അവസാനം യോഹന്നാനു് അവ കൈപ്പായിമാറി. പ്രവചനങ്ങൾ പൊതുവെ മനുഷ്യരുടെ അധാർമ്മികതയെ കുറ്റപ്പെടുത്തുന്നതും, ശിക്ഷാവിധി പ്രഖ്യാപിക്കുന്നതുമായിരിക്കും. ജനങ്ങളോടു് അവ അറിയിക്കുന്നതു് സുഖകരമായ ഒരു കാര്യമല്ല. കേൾക്കുന്ന ജനങ്ങൾക്കു് അവ ഇഷ്ടപ്പെടുകയുമില്ല. യെരമ്യായുടെയും മറ്റും കാര്യത്തിലെന്നപോലെ പ്രവാചകനു പീഡകളേൽക്കേണ്ടിവരികയും ചെയ്യും എന്നാണു് ഉദ്ധൃതഭാഗത്തിന്റെ വ്യംഗ്യം.

എന്തായാലും പുതിയ നിയമകാലത്തും പ്രവാചകർ ഉണ്ടായിരിക്കുമെന്നും, അവർ സംസാരിക്കാനിടവരുമെന്നും ഈ ബൈബിൾഭാഗം ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com

പുരോഹിതൻ വചനം അധികരിച്ചു് പ്രസംഗിക്കുന്നു. വചനത്തിലെ പ്രസക്തഭാഗങ്ങളം വ്യാഖ്യാനിച്ചും വിശദീകരിച്ചും വിശ്വാസികൾക്കു നല്കി, അവരെ വചനജ്ഞാനസമ്പന്നരും ഭക്തിചൈതന്യനിർഭരരുമാക്കുന്നു. വചനം എന്താണെന്നും അവരെ പഠിപ്പിക്കുന്നു. ഇത്തരം പ്രബോധനത്തിന്റെ ആവശ്യമുണ്ടെന്നുള്ളതിന്റെ തെളിവാണു പൗലോസിന്റെ വാക്കുകൾ. 'മെൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതനായി ദൈവം ക്രിസ്തുവിനെ വിളിച്ചു' എന്നുപറഞ്ഞതിനുശേഷം, പൗലോസ് ഇങ്ങനെ തുടരുന്നു: 'നിങ്ങളുടെ ഗ്രഹണശക്തി ദുർബലമായിത്തീർന്നിരിക്കയാൽ അവ *വിശദീകരിക്കാൻ വിഷമമാണു്. ഇതിനകംതന്നെ നിങ്ങൾ അദ്ധ്യാപകരാകേണ്ടതായിരുന്നു. എന്നാൽ ദൈവവചനത്തിന്റെ പ്രഥമപാഠങ്ങൾ വീണ്ടും പഠിപ്പിക്കാൻ ആരെങ്കിലും നിങ്ങൾക്കു് ആവശ്യമായിരിക്കുന്നു. നിങ്ങൾക്കു വേണ്ടതു് പാലാണു്, ഖരഭക്ഷണമല്ല. പാലു കുടിച്ചു ജീവിക്കുന്നവൻ ശിശുവായതുകൊണ്ടു്, നീതിയുടെ വചനത്തിൽ അശിക്ഷിതനാണു്. പ്രായപൂർത്തിയായവർക്കാണു് ഖരഭക്ഷണം. നന്മയും തിന്മയും വിവേചിച്ചറിയുന്നതിൽ സുശിക്ഷിതമായ കഴിവുകൾ അവർക്കുണ്ടു്. അതുകൊണ്ടു് നമുക്കു ക്രിസ്തുവിന്റെ തത്ത്വങ്ങളുടെ ബാലപാഠങ്ങൾവിട്ടു് പക്വതയിലേക്കു നീങ്ങാം' (എബ്രാ. 5:10-4;6:1).

ക്രിസ്തുവിനെ ആരാധിച്ചുകൊണ്ടുമാത്രം കഴിയുന്നവർ ശിശുക്കളെപ്പോലെയാണു്. അവർ പക്വമനസ്കരായിട്ടില്ല. വിശ്വാസസംബന്ധമായ പക്വത കിട്ടണമെങ്കിൽ

---

* ക്രിസ്തുവിന്റെ സമർപ്പണജീവിതം, സഹനജീവിതം എന്നവിവക്ഷ.

www.malankaralibrary.com

ശരിയായ വചനജ്ഞാനം ലഭിക്കണം. ഈ ജ്ഞാന പകത ആദ്ധ്യാത്മിക ജീവിതത്തിൽ ആവശ്യമാണെന്ന വേറൊരിടത്തു പ്രാത്ഥനയെപ്പററി പൗലോസ് പറയുന്ന തിൽനിന്നു വ്യക്തമാണു: 'ഭാഷാവരത്തോടെ പ്രാത്ഥി ക്കുമ്പോഴും എന്റെ ആത്മാവു് പ്രാത്ഥിക്കുന്നു. മനസ്സി ലൊരു ഫലവും ഉണ്ടാകുന്നില്ല. ഞാൻ എന്താണു ചെയ്യേ ണ്ടതു്? ഞാൻ എന്റെ ആത്മാവുകൊണ്ടു പ്രാത്ഥിക്കും; എന്റെ മനസ്സുകൊണ്ടും ഞാൻ പ്രാത്ഥിക്കും; ഞാൻ എന്റെ ആത്മാവുകൊണ്ടു കീർത്തനംപാടും; എന്റെ മനസ്സുകൊണ്ടും ഞാൻ കീർത്തനംപാടും' (1 കോറി. 14:14.15).

ആത്മാവുകൊണ്ടുമാത്രം പോരാ, മനസ്സുകൊണ്ടും പ്രാർത്ഥിക്കണം എന്നു പറയാൻ കാരണം, മനുഷ്യന്റെ വചനജ്ഞാനദാരിദ്ര്യമാണു്. ആത്മാവുകൊണ്ടുമാത്രം പ്രാർത്ഥിക്കുന്നവൻ, ആരാധിക്കുന്നതേയുള്ള. അവൻ വിശ്വാസകാര്യത്തിലും ആത്മീയജീവിതകാര്യത്തിലും കേവലം ശിശുവാണു്. മനസ്സുകൊണ്ടു് പ്രാർത്ഥിക്കു ന്നവൻ വചനജ്ഞാനം വഴി പകത നേടിയവനാണു്. വിചാരാംശരഹിതമായ വിശ്വാസം അന്ധവിശ്വാസമാകു ന്നതുപോലെ, വചനജ്ഞാനനിശൂന്യമായഭക്തി മൂഢഭക്തി യായിത്തീരുന്നതാണു്. *ഇത്തരക്കാരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ വികാരാംശമല്ലാതെ വിചാരാംശം കാണു കയില്ല. പ്രാർത്ഥനയിൽപ്പോലും ഒരാത്മഭാവത്തിനു വി ചാരപരിവേഷം ഉണ്ടായിരിക്കണമെന്നാണു പൗലോസു പറയുന്നതു്. അപ്പോഴാ ആരാധനയും പ്രാത്ഥനയും മറും

* സമർപ്പിത ജീവിതക്കാരിൽ ഒരു നല്ല പങ്കും വചനജ്ഞാന ദാരിദ്ര്യംമൂലം മൂഢഭക്തിയിലേക്കു വഴുതിവീണിരിക്കയല്ലേ എന്നു സംശയിക്കണം.

www.malankaralibrary.com

കൊണ്ടു നിറഞ്ഞിരിക്കുന്ന വി. കുർബാനയിൽ ഇപ്പറഞ്ഞ സവിശേഷതയുടെ—വചനജ്ഞാനത്തിന്റെ—അനുപേക്ഷണീയത അനുക്തസിദ്ധമാണല്ലൊ. ഈ നേട്ടം വിശ്വാസികൾക്കു കൈവരുവാൻ വി. കുർബാനയിൽ വചന ജ്ഞാനശിക്ഷണം തന്റെ പ്രസംഗംവഴി പുരോഹിതൻ കൊടുക്കുന്നു.

3. വിശ്വാസപ്രമാണം

ഇസ്രായേൽക്കാർ യഹോവയുമായി ചേയ്തിരുന്നതു പോലെയുള്ള ഒരു ഉടമ്പടിയാണു പുതിയനിയമകാലത്തെ വിശ്വാസപ്രമാണം. ഈ ഉടമ്പടി പ്രകാരമുള്ള വിശ്വാസസത്യങ്ങളും വി. കുർബാനയിൽ വിശ്വാസികളും പ്രഖ്യാപിക്കുന്നു. ദിവ്യജ്ഞാനം ഉദ്ഘോഷിക്കപ്പെട്ടുന്നു എന്നാണു് ഇതെപ്പറ്റി മലങ്കര കുർബാനയിൽ ശുശ്രൂഷകൻ വിളിച്ചു പറയുന്നതു്. ദിവ്യജ്ഞാന നിർഭരമായ കാര്യങ്ങളാണല്ലോ വിശ്വാസപ്രമാണത്തിൽ ഉൾക്കൊണ്ടിരിക്കുന്നതു്. ഇക്കാര്യങ്ങളിൽ വിവരവും വിശ്വാസവും ഇല്ലാത്തവർ കുർബാനയിൽ സംബന്ധിക്കുന്നതിൽ അർത്ഥമില്ല. വിശ്വാസമുള്ളവർപോലും, പ്രഖ്യാപനം വഴി ഓരോ വി. കുർബാനയിലും വീണ്ടും വീണ്ടും തങ്ങളുടെ വിശ്വാസപ്രതിജ്ഞ നടത്തേണ്ടിയിരിക്കുന്നു. അതിനാലാണു്, വിശ്വാസപ്രമാണം ഒരു കൂട്ടായ്മയിൽ എല്ലാവരുംകൂടി ഉറക്കെച്ചൊല്ലുന്നതു്.

ഉള്ളടക്കം : പിതാവു് ലോകത്തെ സൃഷ്ടിച്ചു; പുത്രൻ മനുഷ്യാവതാരം ചെയ്തു നശിച്ചുപോയ ലോകത്തെ സമുദ്ധരിച്ചു; പരിശുദ്ധാത്മാവു് പുത്രന്റെ വ്യാപാരങ്ങളും ദൈവജ്ഞാനത്തിൽ സാക്ഷാൽക്കരിച്ചു പൂർത്തിയാക്കുന്നു. ഇവ കൂടാതെ, ഏകവും വിശുദ്ധവും കാതോലികവും

www.malankaralibrary.com

അപ്പോസ്തോലികവുമായ സഭയിലുള്ള വിശ്വാസകാര്യവും വിശ്വാസപ്രമാണത്തിലുണ്ട്. ദൈവവും രക്ഷാകര മാദ്ധ്യമമായ സഭയും തമ്മിലുള്ള ബന്ധം ഇവിടെ വീണ്ടും പ്രഖ്യാപിച്ചു സ്ഥാപിക്കുന്നു. സഭ ഏകമാണ്. കാരണം, സഭ ക്രിസ്തുവിന്റെ ശരീരമാണ്. ക്രിസ്തുവിനു ഒരു ശരീരമേയുള്ളൂ. സഭ വിശുദ്ധമാണ്. കാരണം, വിശുദ്ധിയുടെ ഉറവിടവും നിറകുടവുമായ ക്രിസ്തു എന്ന ശിരസ്സുമായി സഭ അപരിച്ഛേദ്യമായവിധം ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ ജീവശക്തി പരിശുദ്ധാത്മാവാകുന്നു. സഭയിൽ വിശുദ്ധന്മായുടെ കൂട്ടം ഉണ്ട്. ക്രിസ്തുവിന്റെയും വിശുദ്ധന്മാരുടെയും ജീവിത പുണ്യത്തിന്റെ അക്ഷയ ഖനിയാണ് സഭ. സഭ കാതോലികമാണ്; എന്നു വച്ചാൽ സഭ എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. എല്ലാ വർഗ്ഗവർണ്ണസമുദായക്കാരെയും അതു ക്രിസ്തുവിൽ ഉൾക്കൊള്ളുന്നു. സഭ അപ്പോസ്തലികമാണ് എന്നു പറഞ്ഞാലോ? ക്രിസ്തുവിന്റെകൂടെ നടന്ന, ക്രിസ്തുവിനെ നേരിട്ടു കണ്ടവരും, ക്രിസ്തുവിനാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ആത്മീയാധികാരസ്ഥാനത്തു അവരോധിതരുമായ അപ്പോസ്തലന്മാരുമായുള്ള പാരമ്പര്യശൃംഖലാബന്ധം അവിച്ഛിന്നമായി സഭ കാത്തുസൂക്ഷിക്കുന്നു. ഈ ബന്ധം നാലാം നൂറാണ്ടിലോ പതിനാറാം നൂറാണ്ടിലോ അറ്റുപോകുന്നില്ല. ഈ ഇരുപതാം നൂറാണ്ടിലും ദൃഢമായി നിൽക്കുന്നു. ഇതൊക്കെക്കൂടാതെ, ഒരിക്കൽ മാത്രമുള്ള പാപമോചനക്ഷമമായ മാമോദീസായിലുള്ള വിശ്വാസവും പ്രഖ്യാപിത വിഷയമായിത്തീരുന്നു. പുനരുത്ഥാനം, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്, മനുഷ്യ പുനരുത്ഥാനത്തിനുശേഷമുള്ള പരലോക ജീവിതം എന്നിവയോടുകൂടി വിശ്വാസപ്രമാണം സമാപിക്കുന്നു. അവശ്യം വിശ്വസിക്കേണ്ട പ്രസ്തുത സത്യങ്ങളുടെ പ്രഖ്യാപനത്തെ തുടർന്നു വിശ്വാസികളെ വി. കുർബാനയുടെ മർമ്മഭാഗത്തേക്കു കടക്കുന്നു.

www.malankaralibrary.com

4. കുദാശസ്ഥാപനം

ക്രിസ്തു ഉപയോഗിച്ച അതേ വചനങ്ങളും ഉപയോഗിച്ചു് ക്രിസ്തുവിന്റെ സ്ഥാനത്തുനിന്നു പുരോഹിതൻ അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളാക്കുന്ന പ്രക്രിയ നടത്തുന്നു. ക്രിസ്തുവിന്റെ രക്ഷാകരവ്യാപാരങ്ങളായ പീഡാനുഭവം, മരണം, ഉയർപ്പു് എന്നിവയെല്ലാം ഈ കർമ്മത്തിൽ ഉൾക്കൊള്ളുന്നു.

5. പരിശുദ്ധാത്മാവിന്റെ ആവാസം

പരിശുദ്ധ ത്രിത്വത്തിലെ ഒരാളുടെ വ്യാപാരം മറ്റു രണ്ടുപേരുംകൂടിച്ചേർന്നാണു നടത്തുന്നതു്. ലോകസൃഷ്ടിയിലെന്നപോലെ, അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളാക്കിമാറ്റുന്ന പ്രക്രിയയിലും ക്രിസ്തുവിനോടുകൂടി മറ്റു രണ്ടുപേരുടെയും സാന്നിദ്ധ്യം ഉണ്ടു്. എങ്കിലും സഭയെന്ന പുതിയ ശരീരം ക്രിസ്തു സ്വീകരിക്കുന്ന കർമ്മത്തിൽ, സഭയെന്ന ശിശുവിന്റെ ജനനത്തിൽ പരിശുദ്ധാത്മാവിന്റെ പ്യാപാരമാണു പ്രധാനമായും നടക്കുന്നതു്. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ പരിശുദ്ധാത്മാവിന്റെ വ്യാപാരമാണു് നടന്നതു് എന്ന സമാന്തരകാര്യം ഇവിടെ സ്മർത്തവ്യമാണു്. ഇങ്ങനെ രണ്ടഘട്ടങ്ങളിൽ പരിശുദ്ധാത്മാവിന്റെ വ്യാപാരം പ്രത്യേകമായ വിധത്തിൽ വന്നേമതിയാവൂ. കുർബാനയിലുള്ള സഭാസ്ഥാപനകർമ്മം പരിശുദ്ധാത്മാവിന്റെ ആവാസത്തിൽ രണ്ടാമതൊരു ഘട്ടത്തിൽ, കുദാശ കർമ്മത്തിനുശേഷം

നടക്കുന്നതിനു epiclesis എന്നു ഗ്രീക്കുഭാഷയിൽ പറയും. ക്രിസ്തുവിന്റെ മരണം, ഉയർപ്പു്, സ്വർഗ്ഗാരോഹണം എന്നിവയുടെശേഷമാണല്ലോ പരിശുദ്ധാത്മാവു് വന്നു് ശ്ലീഹന്മാരെ അഭിഷേകംചെയ്യുന്നതു്; സഭാസ്ഥാപനം

www.malankaralibrary.com

നടത്തുന്നതു്. രണ്ടാമതൊരു ഘട്ടത്തിൽ നടക്കുന്ന ഈ കർമ്മം മലങ്കര കുർബാനയിൽ വ്യക്തമായി കാണാം. അതു് കൂദാശകർമ്മത്തിലുള്ള പരിശുദ്ധാത്മസാന്നിദ്ധ്യത്തിന്റെ കേവലമായ ആവർത്തനമല്ല. രണ്ടിടത്തും രണ്ടു കാര്യങ്ങളാണു് നടക്കുന്നതു് എന്നോർക്കുക. വി. കുർബാനയിൽ പരിശുദ്ധാത്മാവു് പൊരുന്നി ആവസിച്ചാണു്* ക്രിസ്തു എന്ന ശിരസ്സും സഭയെന്ന ശരീരവുംകൂടി ബന്ധപ്പെടുത്തിയുള്ള ഒരുതരം പുതിയ സൃഷ്ടികർമ്മം നടത്തുന്നതു്. അതൊരു രഹസ്യം (mystery) ആണു്. സഭയെന്ന പുതിയ ശിശുവിന്റെ പിറവി(യോഹ:16:21), 'പരിശുദ്ധാത്മാവിനാൽ മറിയം ഗർഭിണിയായി കാണപ്പെട്ടു' (മത്താ: 1:18); 'പരിശുദ്ധാത്മാവു് നിന്നിൽവരും' (ലൂക്കോ: 1:35) എന്നൊക്കെ മനുഷ്യാവതാരത്തെപ്പറ്റി പറയുന്നതു് ഇവിടെയും സമാന്തരസത്യകാര്യമായി കാണേണ്ടതാണു്.

6. വി. കുർബാനയിലെ കൂട്ടായ്മ

പരിശുദ്ധത്രിത്വത്തിലെ കൂട്ടായ്മ എന്ന സത്യം * വി. കുർബാനയിലും തെളിഞ്ഞുനിൽക്കുന്നു. ക്രിസ്തുവിന്റെ സഭാശരീരത്തിലെ അംഗങ്ങളാകുന്ന വിശ്വാസികളും ഒന്നിച്ചുചേർന്നാണല്ലൊ ബലി അർപ്പിക്കുന്നതു്. മനുഷ്യരുടെ ഇടയിൽ സാധാരണകാണുന്ന സംഘടനാപരമായ കൂട്ടായ്മയല്ല സഭയിൽ ഉള്ളതു്. കേവലം

---

* മലങ്കര കുർബാന.

* ആദിയിലെ കൂട്ടായ്മയുടെ നിഴലാട്ടം; 'നമ്മുടെ പ്രതിച്ഛായയിൽ, നമ്മെപ്പോലെ സദൃശ്യനായി മനുഷ്യനെ നാം നിർമ്മിക്കട്ടെ' (ഉൽ:1:26) വേറൊന്നു്: 'നോക്കുക, മനുഷ്യൻ നന്മതിന്മകളറിഞ്ഞു നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു' (ഉൽ:3:22).

www.malankaralibrary.com

ഒരു സംഘടന (Organization) എന്നതിനേക്കാൾ, സഭ ഒരു സജീവശരീരം (Organism) ആണു്. അതിന്റെ ജീവൻ പരിശുദ്ധാത്മാവാണു്. വിശ്വാസികളാകട്ടെ, പരിശുദ്ധാത്മാവിനാൽ അവഗാഢം ബന്ധിതരായിരിക്കുന്നു. അവർ ക്രിസ്തുവിന്റെ കൂട്ടായ്മയിലാണു് എന്നതിനു പൗലോസിന്റെ വാക്കുകൾതന്നെ സാക്ഷി: 'തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തനാകുന്നു' (1 കോരി: 1:9).

വിശ്വാസികൾ 'ഒരേ മേശയിൽനിന്നു് ഒരേ അപ്പം ഭക്ഷിച്ചു' ജീവൻ നേടുന്നു. എല്ലാവരുംകൂടി ഒന്നുചേർന്നു ഒരേ ആത്മാവിൽ സ്തുതിച്ചും സ്തോത്രംചെയ്തും ആരാധിക്കുകയും, ദൈവത്തിൽനിന്നു പാപമോചനവും അനുഗ്രഹവും പ്രാപിക്കുകയും ചെയ്യുന്നു. ഒത്തുചേർന്നാണു് ക്രിസ്തു പഠിപ്പിച്ച അർത്ഥഗംഭീരവും മധുരസുന്ദരവുമായ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുന്നതു്. 'ഞങ്ങളുടെ പിതാവേ' എന്ന സംബോധനാപ്രയോഗംതന്നെ കൂട്ടായ്മയുടെ സ്വഭാവം പ്രകടമാക്കുന്നു. 'നമ്മിലാരും തനിക്കായിത്തന്നെ ജീവിക്കുന്നില്ല' എന്നാണല്ലൊ പൗലോസു് പറയുന്നതു് (റോമാ: 14:7). ജീവിച്ചിരിക്കുന്നവർ ഇങ്ങനെ ത്യാഗ പ്രവൃത്തികളാലും പ്രാർത്ഥനകളാലും പരസ്പരം സഹായിക്കുന്നു. അതിനു തക്ക പ്രാർത്ഥനകൾ വി. കുർബാനയിൽ ഉണ്ടു്.

7. പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന

മുകളിൽ പറഞ്ഞ കൂട്ടായ്മയിൽ പരേതരായ വിശ്വാസികളും ഉൾപ്പെടുന്നു. പരേതരും ക്രിസ്തുവിന്റെ കൂട്ടായ്മയിൽപ്പെട്ടവരാണു്. അവർക്കുവേണ്ടിയും കൂടിയാണു്

www.malankaralibrary.com

ക്രിസ്തു മരിച്ചതു്. പരേതർ ഒരിക്കൽ ക്രിസ്തുവിന്റെ സഭാ ശരീരത്തിലെ അംഗങ്ങളായിരുന്നു. മരണം ശാരീരികമായിമാത്രമേ അവരെ വേർപെടുത്തുന്നുള്ളൂ. മരിച്ചു കഴിഞ്ഞാലുടനെയോ, കുറെ കഴിഞ്ഞോ അവർ ക്രിസ്തുവുമായി ഒന്നുചേരുന്നവരാണു്.

പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് ക്രിസ്തുമതാരംഭം മുതൽക്കേയുള്ള അപ്പോസ്തോലിക സഭാവിശ്വാസമാണു്. മനുഷ്യർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥതയും പാപപരിഹാര കർമ്മങ്ങളും ക്രിസ്തു അനുഷ്ഠിച്ചതു പിതാവായ ദൈവത്തിനു സ്വീകൃതമായി. ഈ മനുഷ്യരിൽ ആദംമുതൽ ക്രിസ്തുവരെയുള്ള പരേതരും ഉൾപ്പെടുന്നു. ഇവരും ഉയർപ്പിന്റെ അവകാശികളാണു്. ക്രിസ്തുവിന്റെ കാലത്തു് ഭൂമിയിൽ അസ്തിത്വമില്ലാതായവർക്കുവേണ്ടിയും ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും പ്രയോജകീഭവിക്കുന്നു. ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആകട്ടെ, ഒരാൾ മറെറാരാളിന്റെ പാപക്കടം വീട്ടുക, അതിനു പരിഹാരംചെയ്യുക എന്നിവ പിതാവായ വൈത്തിനു സ്വീകാര്യമാണു്.

ക്രിസ്തുവിൽ കഴിഞ്ഞവർ എവിടെയെങ്കിലുമാകട്ടെ, ജീവിച്ചിരുന്നപ്പോൾ അവർ ചെയ്ത അതിക്രമങ്ങൾക്കു പരിഹാരം, കേവലമായ അനുതാപം കൊണ്ടുമാത്രം ലഭ്യമല്ല; പ്രായശ്ചിത്തം കൂടി ചെയ്യേണ്ടിയിരിക്കുന്നു. അതിനു സമയവും സൗകര്യവും കിട്ടാതെ വരുന്നവർ മരണമെന്ന അദ്ധ്വാനഫലശൂന്യമായ രാത്രിയിലേയ്ക്കു് പ്രവേശിക്കാൻ ഇടവരുന്നു. അതിനാൽ, ജീവിച്ചിരിക്കുന്ന അവരുടെ സാഹജീവികർ അവക്കുവേണ്ടി പ്രാർത്ഥിക്കുകയും പരിഹാരപ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ദൈവനീതി സന്തുലിതാവസ്ഥയിൽ എത്തുകയും

www.malankaralibrary.com

ചെയ്യുന്നു. അതോടെ അവർ അന്തരീക്ഷത്തിൽ നിന്നോ, 'ശുദ്ധീകരണ സ്ഥലത്തു' നിന്നോ, വിടുതൽ നേടി ദൈവവുമായി ഒന്നുചേരുന്നു.

പരേതർ സ്വയമായിത്തന്നെയും, ആത്മവേദനയുടെ അഗ്നിയിൽ ശുദ്ധീകരിക്കപ്പെടുന്നുണ്ട്. കാരണം, മരിച്ചു കഴിഞ്ഞാൽ ദൈവത്തെ കാണാതിരിക്കുക ദുസ്സഹമായ ഒരു തരം നരക വേദനയാണ്. അജ്ഞതയുടെയും ലോക ബന്ധത്തിന്റെയും മൂടൽമഞ്ഞ് ആത്മാവിന്റെ കൺമുമ്പിൽനിന്നു മാറിപ്പോകുകയും, സത്യ സൂര്യന്റെ പ്രകാശധവളിമ പരത്തുന്ന ദിവ്യോദയം ദൃഷ്ടവ്യമാവുകയും ചെയ്യുമ്പോഴാ ഈ നരകവേദന അധികരിക്കുന്നു. ഉത്ഭവസ്ഥാനത്തേക്കു തിരിച്ചു പോകുക' എന്നതാണ് ആത്മാവിന്റെ സ്വാഭാവികഗതി. ഈ സത്യം തറപ്പിച്ചുപറയുന്നുണ്ട്, വി. ലിഖിതം (സഭാ പ്ര: 12:8). ഇപ്പറഞ്ഞു വന്ന ന്യായങ്ങളുടെ അടിസ്ഥാനത്തിൽ, പരേതർക്കു വേണ്ടി പ്രാർത്ഥിക്കുക; പരിഹാരപ്രവൃത്തികളും ചെയ്യുക; വി. കുർബാന സമർപ്പിക്കുക; അങ്ങനെ അവരുടെ ദൈവാഭിഗമനം ക്ഷിപ്രസാദ്ധ്യമാക്കുക എന്നിവ ജീവിച്ചിരിക്കുന്നവരുടെ കർത്തവ്യമാണ്. വി. കുർബാന ഈ അർത്ഥത്തിൽ പരേതർക്കു വേണ്ടിയുള്ള പാപപരിഹാരബലിയുംകൂടിയാകുന്നു.

മലങ്കര കുർബാനയിൽ ഖണ്ഡിപ്പിന്റെ ശ്രൂശ്രൂഷ എന്നൊരു ഭാഗമുണ്ട്. പെസഹാക്കുഞ്ഞാടിനെ അനുസ്മരിപ്പിക്കുമാറ്, ക്രിസ്തുവിന്റെ കുരിശുമരണത്തെ അനുസ്മരിപ്പിക്കുമാറ്, കുർബാന അപ്പം മുറിച്ച് തല, ഉടൽ എന്നിങ്ങനെ പിലാസായിൽ അടുക്കിവയ്ക്കുന്നു. ഒരുകഷണം 'അപ്പം' കാസായിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ശരീരരക്ത സമന്വയം അങ്ങനെ അക്ഷരാർത്ഥത്തിൽ

www.malankaralibrary.com

നടക്കുന്നു. കാസായിൽ നിക്ഷേപിക്കുന്ന തിരുശരീര ഖണ്ഡത്തെപ്പറ്റി ഈ ലേഖകനു് സ്വന്തമായി ഇങ്ങനെ ഒരു വിചാരധാര ഉണ്ടാകാറുണ്ടു്. യേശയ്യായുടെ പ്രവചനത്തിന്റെ അന്തസത്തയുടെ പ്രചോദനസഹായത്തിലാണിതു്: 'വിശക്കുന്ന പരേതരേ, ദാഹിക്കുന്ന പരേതരേ, ഇതു നിങ്ങൾക്കുവേണ്ടി ഞാൻ മാറ്റിവയ്ക്കുന്നു; നിങ്ങൾ വന്നു് ഈ സ്വർഗ്ഗീയഭോജനവും ജീവജലവും ഉൾക്കൊണ്ടു് നിങ്ങളുടെ ആത്മാവിന്റെ വിശപ്പും ദാഹവും ശമിപ്പിക്കുവിൻ'. (യേശയ്യാ. 55:1-3.)

ഹിന്ദുക്കളുടെ ഇടയിലുള്ള ചില ആചാരങ്ങൾ സത്യത്തിന്റെ പ്രതീകസൂചന നൽകുന്നതല്ലേ എന്ന സംശയം ഉണ്ടാകാറുണ്ടു്. ആഹാരംകഴിക്കുമ്പോൾ ചിലർ ഒരംശം ഇലയുടെ മൂലയിൽ മാറ്റിവയ്ക്കുന്നു. അതുപോലെ പിതൃക്കൾക്കു് അവർ പിണ്ഡംവയ്ക്കുന്നു; ബലിക്കാക്കകൾ അതു വന്നു തിന്നുന്നു. ബലിക്കാക്കകൾ പിതൃക്കളുടെ പ്രതിരൂപങ്ങളാണെന്നത്രേ അവരുടെ സങ്കല്പം. വേറൊന്നു്: പരേതരെ സംസ്കരിക്കുമ്പോൾ ചില ഗിരിവർഗ്ഗക്കാർ സല്പം ആഹാരസാധനങ്ങൾ ഒരു പാത്രത്തിൽവയ്ക്കാറുണ്ടു്. ആത്മാക്കളുടെ ക്ഷുത്തൃഡാദികളുടെ ഉപശമനത്തിനു് എന്ന വിശ്വാസമാണു് ഇക്കാര്യത്തിൽ അവരെ ഭരിക്കുന്നതു്. അയാഥാർത്ഥസങ്കല്പങ്ങളെങ്കിലും ഇവ സത്യത്തിന്റെ പ്രതീകസൂചനകളല്ലെന്നു പറഞ്ഞുകൂടാ. എന്നാൽ ലൗകിക ഭക്ഷണംകൊണ്ടു് ആത്മാക്കളുടെ ക്ഷുത്തു് പിപാസകൾ അറുപോകയോ, അവർക്കു ജീവൻകിട്ടുകയോ ചെയ്യുന്നില്ല എന്ന സത്യം ഇക്കൂട്ടർക്കു് അറിഞ്ഞുകൂടാത്തതു് അവരുടെ കുറ്റമല്ലല്ലൊ. കുർബാന എന്ന സ്വർഗ്ഗീയ ഭോജനത്തിന്റെ ആവശ്യകതയും പ്രസക്തിയും പുരുഷാന്തരങ്ങളായി ഇങ്ങനെ പ്രതീകാത്മകമായിട്ടെങ്കിലും അഭി

www.malankaralibrary.com

വ്യഞ്ജിപ്പിക്കുന്നുണ്ടല്ലൊ എന്നതാണു ചിന്തനീയമായിരിക്കുന്നതു്.

8. പുണ്യവാന്മാരുടെ മദ്ധ്യസ്ഥത

പരേതരിൽ പുണ്യവാന്മാർ ഒരു പ്രത്യേക ഗണമാണു്. അവർ ദൈവത്തിന്റെ അടുക്കൽ എത്തിച്ചേർന്നു എന്നു സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുന്നു എന്നതിലടങ്ങിയിരിക്കുന്നു ഈ പ്രത്യേകത. ഇവരെ പരസ്യമായി വണങ്ങുകയും ഇവരുടെ മദ്ധ്യസ്ഥത യാചിക്കുകയുംചെയ്യാം. പണ്ടു ജനങ്ങളായിരുന്നു പുണ്യവാന്മാരെ തിരിച്ചറിഞ്ഞിരുന്നതു്. ഇങ്ങനെ ഒരാൾ പുണ്യവാനാണെന്നു് ഇന്നു് ആർക്കെങ്കിലും ബോദ്ധ്യമുള്ള പക്ഷം, പ്രൈവറ്റായി അവരോടു പ്രാർത്ഥിക്കുകയും മദ്ധ്യസ്ഥത സ്വീകരിക്കുകയുംചെയ്യാം. എന്തായാലും ശരി, പുണ്യവാന്മാർ ക്രിസ്തുവിന്റെ കൂട്ടായ്മയിൽ ഉൾപ്പെട്ടവരാണു്. അവരെ അനുസ്മരിക്കുക, അവരുടെ വീരസാഹസികമായ ജീവിതത്തെയും, ദൈവശ്രദ്ധയും ലോകാദരവും പിടിച്ചുപറ്റുന്നതിനു കാരണമായ നന്മകളെയും വാഴ്ത്തുക എന്നിവ ദൈവത്തിനു പ്രീതികരമായ കൃത്യങ്ങളാണു്. ഇത്തരം ജീവൻമുക്തരെ ദൈവം മാനിച്ചതായി പഴയനിയമത്തിലും കാണുന്നുണ്ടു്. അവരുടെ ജീവിതരീതി മാതൃകയാക്കി ദൈവിക ചൈതന്യത്തിൽ വളരുന്നതിനു് ഇങ്ങനെയുള്ള അനുസ്മരണ സഹായകരമാണു്.

ഇതിലുപരി, അവരുടെ മദ്ധ്യസ്ഥത വിശ്വാസികൾക്കു് ആവശ്യമാണു്. കാനായിലെ കല്യാണത്തിൽ ആതിഥേയരുടെ ഇല്ലായ്മ നികത്താൻ മറിയം മദ്ധ്യസ്ഥതവഹിച്ചതു പറഞ്ഞുവന്നതിനു് ഒരു ദൃഷ്ടാന്തമാ

www.malankaralibrary.com

യെടുക്കാം, മരിച്ചുകഴിഞ്ഞാൽ ഇത്തരം വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതാശക്തി നഷ്ടമാകുന്നുവെന്നോ, അതിന്റെ പ്രസക്തി ഇല്ലാതാകുന്നുവെന്നോ കരുതുന്നതു് വേദലിഖിത വിരുദ്ധമാണു്. മരിച്ചുപോയിരുന്നെങ്കിലും, പുണ്യവാനും രാജർഷിയുമായിരുന്ന 'ദാവീദിനെ ഓർത്തുകൊണ്ടു്', ദാവീദിന്റെ ജീവിതനന്മ ഓർത്തുകൊണ്ടു് എന്നുപറഞ്ഞാണു്, ദൈവം ശലോമോന്റെയും ഹിസ്ക്കിയായുടെയും അപരാധങ്ങളം പൊറുത്തു് അവരെ ശിക്ഷിക്കാതെ വിട്ടതു്. ദാവീദിന്റെ പിൻതുടർച്ചക്കാരായിരുന്നല്ലോ, ഈ രണ്ടു രാജാക്കന്മാർ.

9. ദൈവമാതാവിന്റെ മദ്ധ്യസ്ഥത

മദ്ധ്യസ്ഥതാ ശക്തിപ്രഭാവത്തിൽ ഏറ്റവും ഉയർന്നു നിൽക്കുന്നതും, മുമ്പന്തിയിൽ നിൽക്കുന്നതും ദൈവമാതാവായ കന്യകാമറിയാമാകുന്നു. മറ്റെല്ലാ മനുഷ്യരെക്കാളുപരിയായി മറിയം ദൈവപുത്രനുമായി ബന്ധപ്പെട്ടു നിൽക്കുന്നു. പൂക്കിംക്കൊടിവഴിയുള്ള രക്തബന്ധമാണു ഇതു്. ഒരമ്മയുടെ വികാരവിചാരങ്ങളും ആത്മഭാവങ്ങളും ഗർഭസ്ഥശിശുവിൽ സന്നിവേശിതമാവുകയും, ഒരളവുവരെ സ്വാധീനം ചെലുത്തുകയും ചെയ്യാനിടയാകുന്നുണ്ടു്. ഇന്നത്തെ ശാസ്ത്രവും ഈ വസ്തുത അംഗീകരിക്കാതിരിക്കുന്നില്ല. പുരാണത്തിൽ പ്രഹ്ലാദൻ, അഭിമന്യു എന്നിവർ തന്നെ ഇതിനുദാഹരണം. പ്രഹ്ലാദനെ നാരായണഭക്തിയിലും, അഭിമന്യുവിനെ ശസ്ത്രജ്ഞാനത്തിലും, അവർ ഗർഭസ്ഥരായിരിക്കെത്തന്നെ അമ്മമാർ പ്രബോധിതരാക്കിയതായി പുരാണം പറയുന്നു. അതിന്റെ സൽഫലങ്ങളം അവരുടെ പിറവിക്കുശേഷം കാണായിവന്നു. കന്യകാമറിയത്തിന്റെ കാര്യത്തിൽ ലോകസാധാരണമായ ഈ പ്രചോദനക്രമം മറിച്ചാണെന്നുമാത്രം. മാതാവിന്റെ

www.malankaralibrary.com

ആന്തരാത്മഭാവങ്ങളും ദൈവപുത്രനെ എന്നതിനുപകരം, ദൈവപുത്രന്റെ അന്തരാത്മഭാവങ്ങളും മാതാവിനെയാണു സ്വാധീനിച്ചതു്; അതും ദൈവികമായരീതിയിൽ, അത്യന്തശക്തമായിത്തന്നെ.

മനുഷ്യനെന്നനിലയിലുള്ള ദൈവപുത്രന്റെ അമ്മ എന്ന സ്ഥാനമേ മറിയത്തിനു കൊടുക്കാൻ പറ്റൂ എന്നാണു നവീകരണപ്രസ്ഥാനക്കാരുടെ പക്ഷം. 'ദൈവമാതാവു്' എന്ന പ്രയോഗം അസ്വീകാര്യമാണെന്നു് അവർ ശഠിക്കുന്നു! പട്ടാങ്ങയായ വിവരക്കേടു് എന്നേ ഇതേപ്പറ്റി പറയാനുള്ളു. മാതാവിന്റെ സന്ദർശനവേളയിൽ, (വിവരക്കേടുനിറഞ്ഞതല്ല) പരിശുദ്ധാത്മാവു നിറഞ്ഞാണു പുണ്യവതിയായ എലിസബത്തു് ഇങ്ങനെ ഉദ്ഘോഷണംചെയ്തതു്. 'എന്റെ കർത്താവിന്റെ അമ്മ എന്റെ ഭവനത്തിൽ വരാൻ ഞാൻ ആരു്' (ലൂക്കോ: 1:43). 'കർത്താവിന്റെ അമ്മ' എന്നു പറഞ്ഞാൽ ദൈവത്തിന്റെ അമ്മ എന്നാണു അർത്ഥം. കർത്താവു് എന്ന പദം ദൈവത്തിനുപകരമായാണു് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നതു്. അപ്പോഴും കർത്താവിന്റെ അമ്മ, ദൈവമാതാവു് എന്നല്ലാതെ മറെറാന്നുമല്ല.

ദുർവാദികളെ അംഗീകരിച്ചാൽ മറെറാരു വലിയ അപകടം തലകാട്ടും. അതിങ്ങനെ: അരൂപിയായദൈവത്തിനു രക്തം ഇല്ലല്ലൊ. എന്നിരിക്കെ, മനുഷ്യസ്ത്രീയായ മറിയത്തിന്റെ രക്തമാണു ക്രിസ്തുവിൽ വന്നുചേർന്നിരിക്കുന്നതു്; അതു ദൈവപുത്രനു മനുഷ്യനാകുന്നതിനു മുമ്പില്ലാത്ത ഒന്നാണു്. അതിനെ ദൈവപുത്രന്റെ രക്തം എന്നു വ്യവഹരിക്കാൻ പറ്റില്ല. ദൈവപുത്രന്റെ രക്തമല്ലെങ്കിൽ, അതെങ്ങനെ പാപപരിഹാരക്ഷമമാകും? ഇങ്ങനെ നോക്കിയാൽ ദൈവപുത്രൻ, തന്റെ ശരീരമല്ല

www.malankaralibrary.com

മാതാവിന്റെ ശരീരമാണു്, കുറഞ്ഞപക്ഷം ശരീരഭാഗമാണു കൊണ്ടുനടന്നിരുന്നതു് എന്നു പറയേണ്ടിവരും! അവിടുത്തേക്കു തന്റെ ശരീരത്തെ തൊട്ടുകൊണ്ടു് ഒരിക്കലും 'ഇതു് എന്റെ ശരീരമാകുന്നു' എന്നുപറയാൻ സാധിക്കയില്ല!

ഒരു പ്രവൃത്തിചെയ്യുന്ന ആളിനെ കർത്താവു് എന്നു വിളിക്കുന്നു. ഇതാണു് വ്യാകരണം. മനുഷ്യനായി കാണപ്പെട്ട ദൈവപുത്രന്റെ എല്ലാ പ്രവൃത്തികളുടെയും കർത്താവു് അവിടുന്നുതന്നെ. തന്റെ തുപ്പൽകൊണ്ടു് ചേറുണ്ടാക്കി തന്റെ കൈകൊണ്ടു ക്രിസ്തു കുരുടന്റെ കണ്ണിൽ പുരട്ടുന്നു; അവനു കാഴ്ചകൊടുക്കുന്നു. അതുപോലെ തന്റെ രക്തംകൊണ്ടു് ക്രിസ്തു മനുഷ്യരുടെ പാപക്കറകളും കഴുകിക്കളഞ്ഞു് അവനെ ശുദ്ധീകരിക്കുന്നു. ക്രിസ്തുവിന്റെ രക്തം ദൈവത്തിന്റെ രക്തമാണു്. അതുപോലെ അവിടുത്തെ അമ്മ ദൈവത്തിന്റെ അമ്മയും.

ദൈവപുത്രൻ മനുഷ്യനായി ജനിച്ചപ്പോഴും അവിടുത്തെ ശരീരമായ സഭയുടെ ജനനത്തിലും മറിയാം ബന്ധപ്പെട്ടിരുന്നു. ഈ രണ്ടു മഹൽക്കർമ്മവും പരിശുദ്ധാത്മാവിനാലാണു നടക്കപ്പെട്ടതു് എന്നുമുമ്പു പറഞ്ഞല്ലൊ. മനുഷ്യ രക്ഷാകർമ്മത്തിലും മറിയാം ബന്ധപ്പെട്ടിരിക്കുന്നു. കാൽവരിയിലും മാതാവിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഗർഭസ്ഥനായിരിക്കെ, ദൈവപുത്രൻ മനുഷ്യരക്ഷയുടെ എല്ലാ മർമ്മങ്ങളും രഹസ്യങ്ങളും വ്യാപരരീതികളും മറിയാമിനു വെളിപ്പെടുത്തികൊടുത്തിട്ടുണ്ടു്. അതറിയാവുന്ന അവൾ, അതെല്ലാം 'ഉള്ളിൽ സംഗ്രഹിച്ചിരുന്നു' എന്നാണു ബൈബിൾ പറയുന്നതു്. അതെപ്പറ്റി അന്നു വല്ലവരോടും പറഞ്ഞാൽ

www.malankaralibrary.com

കിഫലം? ആക്കെങ്കിലും മനസ്സിലാവുമോ; ആരെങ്കിലും വിശ്വസിക്കുമോ? മറിയത്തിനു ഭ്രാന്താണെന്നല്ലേ പറയൂ? അതിനാൽ എല്ലാം ഉള്ളിൽ സംഗ്രഹിച്ചുകൊണ്ടു് മകന്റെ മനുഷ്യരക്ഷാവ്യാപാരത്തിൽ അവൾ നിശ്ശബ്ദയായി പങ്കുകൊണ്ടു. വാചാലമായ മൗനം എന്നേ ഇതെപ്പറ്റി പറയാനുള്ളൂ! സാക്ഷാൽ മൂകാംബിക?

ചുരുക്കത്തിൽ, ദൈവമാതാവെന്ന നിലയിൽ കന്യകാ*മറിയത്തിനുള്ള സ്ഥാനം നിസ്തുലമാണു്. അവളുടെ ശക്തി, ദൈവത്തിന്റേതു കഴിഞ്ഞാൽ അദ്വതീയവും അനുപമവുമാണു് എന്നേ പറയേണ്ടൂ. അതിനാൽ കാനായിലെ കല്യാണത്തിലെന്നപോലെ യേശുവിൽ വിശ്വസിക്കുന്നവർ കന്യകാമറിയത്തെ ദൈവത്തിന്റെ അമ്മയെന്നും, സഭയുടെ അമ്മയെന്നു് പോരാ, തങ്ങളുടെതന്നെ സ്വർഗ്ഗീയമാതാവെന്നും*കരുതി, തങ്ങളുടെ ഇല്ലായ്മയിലും വല്ലായ്മയിലും അവളുടെ മദ്ധ്യസ്ഥത യാചിക്കുന്നു.

ഇത്രയും ഇവിടെ ചർച്ചാവിഷയമാക്കിയതു്, വി. കുർബാനയിലും കന്യകാമറിയത്തിന്റെ സാന്നിദ്ധ്യം അവശ്യം വന്നേ മതിയാവൂ എന്നു സ്ഥാപിക്കാനാണു്.

---

* യേശുവിന്റെ അമ്മയാണെങ്കിലും മറിയം നിത്യകന്യകയായിരുന്നു എന്ന സത്യം ചില ക്രിസ്ത്യാനികൾക്കു മനസ്സിലാകയില്ല; ഹിന്ദുക്കൾക്കു മനസ്സിലാകും! വ്യാസന്റെ അമ്മയായിത്തീർന്നെങ്കിലും, പരാശരമുനിയുടെ വരത്താൽ സത്യവതിയുടെ കന്യകാത്വം അന്യൂനമായി നിന്നു. ഓരോ പ്രസവത്തിനു ശേഷവും പ്രത്യേക വരസിദ്ധിയാൽ കുന്തിയുടെ കന്യകാത്വവും നഷ്ടപ്പെടാതെനിന്നു. മറിയത്തിന്റെ കന്യകാത്വം ഇമ്മട്ടിലുള്ളതേയുള്ളൂ.

* സ്ലീയുടെ അവശേഷിച്ച 'സന്തതികൾ' എന്ന പ്രയോഗം കാണുക. (വെളി:12:17)

www.malankaralibrary.com

മാതാവിനെ സ്തുതിക്കുന്നതും, അവളുടെ മദ്ധ്യസ്ഥത യാചിക്കുന്നതുമായ പ്രാർത്ഥനകളും വി. കുർബാനയിൽ സംവിധാനം ചെയ്തിട്ടുണ്ട്. മലങ്കര കുർബാനയിൽ കുക്കിലിയോൻ എന്ന ഗീതവിഭാഗത്തിന്റെ തുടക്കം ഇതു വിളിച്ചറിയിക്കുന്നു. 45-ാം സങ്കീർത്തനത്തിൽ ഈ ഗാന ത്തിന്റെ ആശയം ദാവീദ് ഉദ്ഘോഷിച്ചിരിക്കുന്നു. ക്രിസ്തു എന്ന രാജാവിന്റെ ശാശ്വതമായ സിംഹാസന ത്തെപ്പറ്റി വ്യംഗ്യമായി പറഞ്ഞതിനുശേഷമാണ് അവി ടുത്തെ മാതാവിയെപ്പറ്റിയുള്ള പ്രവചനം. അതിങ്ങനെ: 'നിന്റെ വലങ്കൈയ്യരികെ.....രാജ്ഞി നിൽക്കുന്നു. മകളേ, കേൾക്കൂ, ഗൗനിക്കൂ, ചെവിചായ്ക്കൂ, നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും വിസ്മരിക്കൂ. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യം കാമിക്കും. അയാൾ നിന്റെ നാഥനായതുകൊണ്ട് അയാളെ നമിക്കൂ. സമ്മാ നങ്ങൾനൽകി ടൈറിലെ ജനം നിന്നെ പ്രസാദിപ്പിക്കാൻ നോക്കും. ജനത്തിലെ ഏറ്റവും സമ്പന്നർ സർവ്വവിധ സമ്പത്തും കാഴ്ചവയ്ക്കും.....നിന്റെ പിതാക്കന്മാർക്കു പകരമായിരിക്കും നിന്റെ പുത്രന്മാർ. ഭൂമിയിലെങ്ങും നീ അവരെ പ്രഭുക്കന്മാരാക്കും സർവ്വതലമുറകളിലും, നിന്റെ നാമം പ്രകീർത്തിക്കപ്പെടാൻ ഞാൻ ഇടയാക്കും. അതിനാൽ ജനപദങ്ങൾ നിന്നെ എന്നെന്നും സ്തുതിക്കും' (9-17).

10. കുർബാനഭക്ഷണം

*വി. കുർബാനയിൽ പങ്കുകൊള്ളുന്നവൻ നിവൃത്തി യുള്ളിടത്തോളം തിരുശരീരവും തിരുരക്തവും ഉൾക്കൊ

* മലങ്കര കുർബാനയിൽ വി. കുർബാനയോട് ചേർന്നാണ് വാഴ്വ്. അതോടുകൂടിയാണ് കുർബാനഭക്ഷണം വിശ്വാസി കൾക്ക് നൽകുന്നത്.

www.malankaralibrary.com

ള്ളണം. എന്നാൽ എല്ലാ ദിവസവും വി. കുർബാന അനുഭവിച്ചിില്ലെങ്കിലും തെറ്റുണ്ടെന്നുപറയാൻ പറ്റില്ല കാരണം, ഒരിക്കൽ അനുഭവിച്ചാൽ അതിന്റെ ഫലം 24 മണിക്കൂർ നേരത്തേക്കുമാത്രമല്ല വിശ്വാസികളിൽ നിലനിൽക്കുന്നതു്. ബലിവസ്തുക്കളം യാഗപരിസമാപ്തി യിൽ പുരോഹിതന്മാർ ഭക്ഷിച്ചിരുന്ന ഒരുഭാഗം, ജനങ്ങ ളംകൂടം ഭക്ഷിക്കാൻ കൊടുത്തിരുന്നു. പുരോഹിതന്മാർക്കു മാത്രം ഭക്ഷിക്കാൻ വച്ചിരുന്ന കാഴ്ചയപ്പം വദാവീദ് എടുത്തു ഭക്ഷിച്ചതായി ക്രിസ്തു പ്രസ്താവിക്കുന്നുണ്ടു്. വി. കുർബാന സ്ഥാപനത്തിനുശേഷം, അന്നത്തെ ഈ വേർതിരിവു് എന്നേക്കുമായി അവസാനിച്ചു. വി. കുർബാന എല്ലാവർക്കും വേണ്ടിയുള്ള ആത്മ ഭക്ഷണമാണു്. 'രുചിച്ചുനോക്കുക, കർത്താവു് എത്ര മധുരമുള്ളവനാകുന്നു' എന്നു ദാവീദ് പറഞ്ഞിട്ടുള്ളതു് കുർബാനാനുഭവത്താൽ സാക്ഷാത്കരിക്കപ്പെടുന്നു.

ആണ്ടിലൊരിക്കൽ, പെസഹാകാലത്തെങ്കിലും വി. കുർബാന അനുഭവിച്ചിരിക്കണമെന്നേയുള്ള കല്പന. ഒരിക്കൽ അനുഭവിച്ചാൽ ഒരാണ്ടുവട്ടത്തേക്കു് അതിന്റെ ഫലംനിൽക്കുന്നു എന്ന സത്യത്തിനു സാധൂകരണം കിട്ടുന്നുവെങ്കിലും, ഇതിൽ ജീവിതം ഉറപ്പിക്കുന്നതു നന്നല്ല. വി. കുർബാന 'തീക്കട്ട'യാണെന്നകാര്യം ഓർത്തിട്ടു ഭയന്നു് അകന്നുനിൽക്കുന്നതിലും കാര്യമില്ല. ഈ തീക്കട്ട മനുഷ്യനു ഭക്ഷണമായി ക്രിസ്തു തന്നിരിക്കുന്നതു് ആത്മ ശുദ്ധീകരണത്തിനും ആത്മബലത്തിനുമാണെന്നോർക്കുക. അതേസമയം, ഒരു ചടങ്ങു് എന്ന രീതിയിലും, കേവലമായ ഒരു ഭക്ത്യഭ്യാസം എന്ന രീതിയിലും അനുദിനമുള്ള കുർബാനാനുഭവം ചിലരെ സംബന്ധിച്ചിടത്തോളം അഭികാമ്യമല്ല. അതിപരിചയം അനാദരവുണ്ടാക്കും എന്ന പഴഞ്ചൊല്ലുവച്ചുകൊണ്ടാണു് ഇങ്ങനെപറയുന്നതു്.

www.malankaralibrary.com

11. ഉപകാരസ്മരണ

ദൈവം തന്നിട്ടുള്ള എല്ലാനന്മകൾക്കും മനുഷ്യൻ നന്ദി പറയേണ്ടതാണു്; വി. കുർബാന എന്ന ആത്മഭോജനത്തിനു പ്രത്യേകിച്ചും. കർത്താവു് ഉള്ളിലിരിക്കെ, ഇതിനു കൂടുതൽ സാംഗത്യവും അർത്ഥവും ഉണ്ടു്. ഇതിനുവേണ്ടുന്ന പ്രാർത്ഥനകളും വി. കുർബാനയിലുണ്ടു്.

വി. കുർബാനസ്സിലുള്ള ഒരുക്കം

ലൗകിക കാര്യങ്ങളുടെ നിർവഹണത്തിനു മനുഷ്യ ജീവിതത്തിൽ ഒരു തയ്യാറെടുപ്പു്, അഥവാ ഒരുക്കം ഉണ്ടു്. ഒരു നല്ല പ്രസംഗം ചെയ്യുന്നതിനുതന്നെയും ആവശ്യമാണു്, പ്രത്യേകമായ ഒരുക്കം. നിർവഹണ സന്ധിയിൽ ഒരു കാര്യം അവതാളത്തിലാകുന്നതിന്റെ കാരണം, ഒരുക്കമില്ലായ്മയാണു്. വി. കുർബാനയെന്ന ആദ്ധ്യാത്മിക കാര്യത്തിലും ഈ തത്ത്വം മറക്കാൻ പാടില്ല. വി. കുർബാനയുടെ ഫലസിദ്ധിക്കു് ഒരുക്കം വേണമെന്നു ചുരുക്കം. പുരോഹിതനും, വിശ്വാസിക്കും ഇതു ബാധകമാണു്. വി. കുർബാന അർപ്പിക്കുകയാണു്; 'ചൊല്ലുക'യോ 'കാണുക'യോ അല്ല. അതിനാൽ ഓടിപ്പിടിച്ചു കുർബാന 'ചൊല്ലുക', കുർബാന 'കാണുക' എന്നിവ അവഹേളനപരമായ പ്രവൃത്തികളാണു്. വേണ്ടത്ര ഗൗരവം ഇക്കാര്യത്തിലുണ്ടായിരിക്കണം. കുർബാനസ്സു മുമ്പു ധ്യാനം, പ്രാർത്ഥന എന്നിത്യാദി ഉണ്ടായിരുന്നാൽ കാര്യം ഗൗരവമായിട്ടെടുക്കുന്നു എന്നു കരുതാം. അതുപോലെ കുർബാന തീരുന്നതു നോക്കി, ഓടിച്ചാടിപ്പോകുന്നതും ശരിയല്ല. അങ്ങനെ ചെയ്യുന്നതു നിയമപരമായി ശരിയാണെങ്കിലും പൗലോസ് പറയുന്നതു നിസ്സാരമായി കാണരുതു്: 'നിയമം മരിപ്പിക്കുന്നു; 'ആത്മാവാകട്ടെ ജീവിപ്പിക്കുന്നു'.

www.malankaralibrary.com

സ്വീകാര്യബലികൾ

ഓരോ ബലിയർപ്പണത്തിനും മുമ്പുള്ള ഒരുക്കത്തെപ്പറ്റിയാണു മുകളിൽ പറഞ്ഞതു്. ഇതിനേക്കാൾ അടിസ്ഥാനപരവും പ്രധാനപ്പെട്ടതും ആയുഷ്ക്കാലപര്യന്തമുള്ള ഒരുക്കമാണു്. ഇതു ധാർമ്മികമായ ജീവിതംവഴി അർപ്പകനുണ്ടായിരിക്കേണ്ട പാപവ്യതിരിണവും പരിശുദ്ധവുമായ ആത്മസ്വഭാവമാണു്. ആദ്ധ്യാത്മികമായ ഇത്തരം ശീലം ഇല്ലാത്തവരുടെ ബലികളും യഹോവയ്ക്കു് സ്വീകാര്യയിരിക്കയില്ല. അപ്പോൾ അസ്വീകാര്യ ബലികളും ഉണ്ടോ എന്നു ചോദിച്ചേക്കാം. അങ്ങനെയുണ്ടെന്നു ബൈബിളും സാക്ഷിക്കുന്നു. വി. കുർബാന എന്ന ക്രിസ്തുബലികളും ദൈവത്തിനു് എന്നും സ്വീകാര്യമാണു്. ക്രിസ്തു എന്ന യാഗവസ്തു ന്യൂനതയില്ലാത്തതാണു കാരണം. ന്യൂനത സംഭവിക്കാനിടയുള്ളതു മനുഷ്യനെ സംബന്ധിച്ചു മാത്രമാണു്. ഈ ന്യൂനതയ്ക്കു് അധർമ്മം, അതിക്രമം, പാപം എന്നൊക്കെ പറയും. അധർമ്മിയോ, പാപിയോ, തങ്ങളുടെ തെറ്റിൽ അനുതപിക്കാതെ, അതിനു പ്രായശ്ചിത്തം ചെയ്യാതെ വി. കുർബാന അർപ്പിച്ചാൽ അതു ദൈവത്തിനു സ്വീകാര്യമായിരിക്കയില്ല. അവയിൽ യഹോവയ്ക്കു് അറപ്പും വെറുപ്പുമേ തോന്നുകയുള്ളൂ.

അധർമ്മികളുടെ ബലികളിലും, വഴിപാടുകളിലും യഹോവ പ്രകടിപ്പിക്കുന്ന അസഹിഷ്ണുതയും അരോചകത്വവും എങ്ങനെ എന്നു ബൈബിൾ പറയുന്നുണ്ടു്:

1. യഹോവ അരുളിച്ചെയ്യുന്നു: 'അവർ എന്റെ വചനങ്ങളും ശ്രദ്ധിച്ചില്ല. എന്റെ നിയമമാകട്ടെ, അവർ നിരസിക്കുകയുംചെയ്തു. ശ്രേബയിൽനിന്നു കുന്തുരുക്കവും

www.malankaralibrary.com

വിദൂരദേശത്തുനിന്നു സുഗന്ധവയമ്പും എനിക്കു കൊണ്ടു വരുന്നതെന്തിനു? നിങ്ങളുടെ ഹോമബലികളും എനിക്കു സ്വീകാര്യമല്ല. നിങ്ങളുടെ യാഗങ്ങളും എനിക്കു പ്രീതികരമല്ല...അതുകൊണ്ടു.....പിതാക്കന്മാരും പുത്രന്മാരും, സ്നേഹിതനും ഒരുപോലെ നശിക്കും' (യെര: 6:20,21).

2. 'വിനീതനും അനുതപിക്കുന്ന ഹൃദയമുള്ളവനും എന്റെ വചനംകേട്ടു ഭയപ്പെടുന്നവനുമായ മനുഷ്യനെയാണു ഞാൻ കടാക്ഷിക്കുന്നതു. കാളയെ കശാപ്പുചെയ്യുന്നവൻ* മനുഷ്യനെ കൊതികഴിക്കുന്നവനെപ്പോലെയാണു. കുഞ്ഞാടിനെ* യാഗം കഴിക്കുന്നവൻ, പട്ടിയുടെ കഴുത്തു ഞെരിക്കുന്നവനെപ്പോലെയാണു. ധാന്യബലി അർപ്പിക്കുന്നവൻ പന്നിയുടെ രക്തം അർപ്പിക്കുന്നവനെപ്പോലെയാണു. സുഗന്ധദ്രവ്യങ്ങളെക്കൊണ്ടു അനുസ്മരണ നടത്തുന്നവൻ വിഗ്രഹത്തെ വാഴ്ത്തുന്നവനെപ്പോലെയാണു. അവർ തങ്ങളുടെ വഴി തിരഞ്ഞെടുത്തിരിക്കുന്നു. അവരുടെ മ്ലേച്ഛതയിൽ അവരുടെ ഹൃദയങ്ങളും ആനന്ദിക്കുന്നു' (യേശ: 66:2-4).

3. 'ഞാൻ പ്രവാചകരെക്കൊണ്ടു അവരെ ചെത്തിയൊരുക്കിയിരിക്കുന്ന എന്റെ വായിൽനിന്നുള്ള വചനങ്ങളംകൊണ്ടു അവരെ വധിച്ചിരിക്കുന്നു. എന്റെ ന്യായവിധി വെളിച്ചംപോലെ പുറപ്പെടുന്നു. ഞാൻ ആഗ്രഹിക്കുന്നതു യാഗമല്ല, അചഞ്ചലമായ സ്നേഹ

---

* ബലിക്കുവേണ്ടി എന്ന അർത്ഥത്തിൽ.

* സമാന്തരാശയം: 'സത്യവാൻ, വിശ്വസ്തൻ: ദൈവവചനം എന്ന പേരിലാണു അവൻ വിളിക്കപ്പെട്ടിരുന്നതു (വെളി: 19,1,13.) അതുതന്നെ കുഞ്ഞാടു'' (19:7,8).

www.malankaralibrary.com

മാണു്. ഹോമബലിയെക്കാൾ ദൈവജ്ഞാനമാണു് എനിക്കിഷ്ടം' (ഹോശ:6:5,6).

4. യഹോവ അരുളിച്ചെയ്യുന്നു: 'നിങ്ങളുടെ തിരുനാളുകൾ ഞാൻ വെറുക്കുന്നു; ഞാൻ തള്ളിക്കളയുന്നു. നിങ്ങളുടെ പാവന സമ്മേളനങ്ങളിൽ ഞാൻ ആമോദിക്കുന്നില്ല. നിങ്ങൾ എനിക്കു ഹോമബലികളും ധാന്യബലികളും അർപ്പിച്ചാലും ഞാൻ അവ സ്വീകരിക്കില്ല. കൊഴുത്ത മൃഗങ്ങളെക്കൊണ്ടുള്ള സമാധാന ബലികളിലേക്കും ഞാൻ ദൃഷ്ടിതിരിക്കില്ല.....ന്യായം വെള്ളം പോലെ ഒഴുകട്ടെ. നീതി, വറ്റാത്ത അരുവിപോലെയും' (ആമോ: 5:21-25).

5. ദൃഷ്ടാന്തം

'ഞാൻ കർത്താവിന്റെ സന്നിധിയിൽ എന്താണു കാഴ്ചയായി കൊണ്ടുവരേണ്ടതു്? അത്യുന്നതനായ ദൈവത്തിന്റെ മുമ്പാകെ ഞാൻ കുമ്പിടേണ്ടതു് എങ്ങനെയാണു്? ഹോമബലികളുമായിട്ടാണോ; അതോ, ഒരു വയസ്സുള്ള കാളക്കുട്ടികളുമായിട്ടാണോ, ഞാൻ അവന്റെ സന്നിധിയിൽവരേണ്ടതു്? ആയിരക്കണക്കിനു് ആണാടുകളെക്കൊണ്ടോ, പതിനായിരക്കണക്കിനു് എണ്ണപ്പുഴകളും കൊണ്ടോ കർത്താവു് പ്രസാദിക്കുമോ? എന്റെ അതിക്രമത്തിനു പരിഹാരമായി എന്റെ ആദ്യജാതനെയോ, എന്റെ മഹാപാപത്തിനു പരിഹാരമായി എന്റെ മക്കളെയോ ഞാൻ നൽകണമോ?.'

യഹോവയുടെ പ്രതികരണം: 'ഹേ മനുഷ്യാ, നന്മയായതു് എന്തെന്നു് അവൻ നിനക്കു കാണിച്ചുതന്നിട്ടുണ്ടു്: നീതി പ്രവർത്തിക്കുക അചഞ്ചലസ്നേഹം കാണിക്കുക;

www.malankaralibrary.com

നീൻെറ ദൈവത്തിൻെറ മുമ്പിൽ വിനീതനായി* വ്യാപരിക്കുക എന്നിവയല്ലാതെ മറെറന്താണു കർത്താവു് നിന്നിൽനിന്നു് ആവശ്യപ്പെടുന്നതു'? (മീഖാ: 6:6-8),

ദുഷ്ടൻ അധർമ്മത്തെ ഗർഭം ധരിച്ചു് അപരാധത്തെ പ്രസവിച്ചുകൊണ്ടും (യേശ. 59:4), അധർമ്മ നിക്ഷേപങ്ങൾ ഉണ്ടാക്കിക്കൊണ്ടും (മീഖാ. 6:9-16) നടത്തുന്ന ബലികൾ യഹോവയ്ക്കു സ്വീകാര്യമല്ല. ഇത്തരം ബലികളിൽ അസഹിഷ്ണുവായതുകൊണ്ടാണു യഹോവ, ഇങ്ങനെ അരുളിച്ചെയ്യുന്നതു്:

'നിങ്ങളുടെ യാഗങ്ങളുടെകൂടെ നിങ്ങളുടെ ഹോമബലികളും ചേർത്തു് ആ മാംസം തിന്നോളു. കാരണം, ഞാൻ നിങ്ങളുടെ പിതാക്കന്മാരെ ഈജിപ്റ്റു ദേശത്തുനിന്നു് ആനയിച്ച നാളിൽ അവരോടു് ഹോമബലികളെക്കുറിച്ചും യാഗങ്ങളെക്കുറിച്ചും സംസാരിക്കുകയോ കല്പനകൾകൊടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഞാൻ അവർക്കു് ഈ കല്പനകൊടുത്തു; 'എൻെറ സ്വരംകേട്ടു് അനുസരിക്കുക; അപ്പോൾ ഞാൻ നിങ്ങളുടെ ദൈവവും, നിങ്ങൾ എൻെറ ജനവും ആയിരിക്കും. ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴികളിലെല്ലാം വ്യാപരിക്കുക; അപ്പോൾ നിങ്ങൾക്കു നന്മ ലഭിക്കും' (യെര. 7:21-24). വേറൊരിടത്തു് യഹോവ പറയുന്നതും ഇതേ കാര്യംതന്നെ: 'ഞാൻ ബലികൾ നിങ്ങളുടെ ചുമലിൽ കെട്ടിവച്ചില്ല' (യേശ. 43:24).

മുകളിൽ ഉദ്ധരിച്ച ബൈബിൾ ലിഖിതങ്ങളിലൂടെ പ്രസ്ഫുരിക്കുന്ന ആശയങ്ങളാണു മനസ്സിലാക്കേണ്ടതു്.

---

* അനുതാപമുള്ളവനായി എന്നു ഭാവാർത്ഥം.

www.malankaralibrary.com

യഹോവ ബലിക്കെതിരല്ല; ഇന്നു് വി. കുർബാന എന്ന ബലിക്കും. എന്നാൽ അതു് അധർമ്മ നിക്ഷേപങ്ങളും കൊണ്ടും, കൊള്ളമുതൽകൊണ്ടും നടത്തുന്നതിലാണു്; അധർമ്മികളും നടത്തുന്നതിലാണു് അവിടത്തേക്കു പ്രതിഷേധം. ശവുലിനെപ്പോലെ കൊള്ളമുതൽകൊണ്ടു യാഗം നടത്താനുള്ള സംരംഭങ്ങളും യഹോവയുടെ കോപശാപങ്ങളും വിളിച്ചുവരുത്തും. അതിനാൽ കരിഞ്ചന്ത, കവച്ചു, കള്ളനോട്ടടി, കള്ളക്കടത്തു്, വെട്ടുമേനി, വെട്ടിപ്പു് തട്ടിപ്പു് എന്നിവവഴി സമ്പാദിച്ച മുതൽകൊണ്ടു മാസക്കുർബാനകളും വത്സരക്കുർബാനകളും ഉൾപ്പെടെയുള്ള ഏതുതരം 'കള്ളക്കുർബാന'യും ദൈവത്തിനു പ്രീതികരമോ, സ്വീകാര്യമോ ആയിരിക്കയില്ല. പാവങ്ങളുടെ പേരിൽ വിദേശത്തുനിന്നവരുത്തുന്ന സഹായസാധനങ്ങളും വിറ്റുണ്ടാക്കുന്നകാശും, സമ്പന്നരാഷ്ട്രങ്ങളിൽച്ചെന്നു പാവങ്ങളുടെ പേരിൽ തെണ്ടിയുണ്ടാക്കുന്ന പണവും ധൂർത്തിനുംസുഖജീവിതത്തിനും ഉപയോഗിച്ചു ജീവിക്കുന്നവരുടെ ബലികളും ദൈവത്തിനു് / അറപ്പും വെറുപ്പും ഉണ്ടാക്കുകയേ ഉള്ളൂ. 'എനിക്കു ബലികളേക്കാളും കരുണയാണു് ഇഷ്ടം' എന്നാണു യേശു പറഞ്ഞിരിക്കുന്നതു്. 'ക്ലേട്ടായ്മയുടെ വലതുകരം' പൗലോസിനും ബർന്നബാസിനും നീട്ടിക്കൊടുത്ത പത്രോസ് അവർക്കു കൊടുത്ത ഉപദേശം 'ദരിദ്രരെ ഓർമ്മിക്കണം എന്നമാത്രം'മാണു്. 'ആക്കാര്യത്തിൽ എനിക്കു ശ്രേഷ്കാന്തിയുണ്ടായിരുന്നു' എന്നു പൗലോസ് ഇതേപ്പറ്റിപ്പറയുന്നു (ഗലാ. 2:9,10). ദരിദ്രരെ ഓർമ്മിക്കാതെ, ഒരുപക്ഷേ, അവരെ ദരിദ്രരാക്കിയതും ഓർമ്മിക്കാതെ, സാധാരണയിൽക്കവിഞ്ഞു പണംമുടക്കി വി. കുർബാന നടത്തിക്കുന്നതിൽ അർത്ഥമില്ല. അത്തരം ബലികളും ദൈവം സ്വീകരിക്കാൻ പോകുന്നില്ല.

www.malankaralibrary.com

ചുരുക്കത്തിൽ, കൊള്ള മുതൽ ഉപയോഗിച്ചുകൊണ്ടു നടത്തുന്ന ബലികർമ്മം ജീവിച്ചിരിക്കുന്നവർക്കാകട്ടെ, മരിച്ചവർക്കാട്ടെ, പ്രയോജനപ്രദമാവില്ല. ഇങ്ങനെയുള്ള അധർമ്മികളുടെ പള്ളിപണി, കുരിശടിപ്പണി എന്നിവ യൊന്നും വഴിപാടായി ദൈവം സ്വീകരിക്കുകയുമില്ല. അവർ ആദ്യം ചെയ്യേണ്ടതു് അപഹൃതസമ്പത്തു്, സക്കായി പറഞ്ഞതുപോലെ ഒന്നിനു നാലുവീതം തിരിച്ചു കൊടുക്കുക എന്നതാണു്. ബലി അർപ്പിക്കുന്നതിനുമുമ്പു് ഒന്നാമതായിച്ചെന്നു് സഹോദരനുമായി അനുരഞ്ജനമുണ്ടാക്കുക എന്ന കർത്താവു് അനുശാസിക്കുന്നതിന്റെ അർത്ഥം വഴക്കുതീർക്കുക എന്നല്ല, നീതി നടത്തുക എന്നാണു്. നീതിയുടെ പരിണതഫലമാണല്ലൊ സമാധാനം.

ഉപസംഹാരം

വി. കുർബാന ദൈവാരാധനയുടെയും ഭക്തിയുടെയും അനുഗ്രഹദാനത്തിന്റെയും കേന്ദ്രമാണു്. വിശ്വാസമില്ലാത്തവർക്കു് അതു് മനസ്സിലാകയില്ല. അപ്പോസ്തോലികമല്ലാത്ത ചില സഭകളിലും കുർബാന നടത്തുന്നുണ്ടു്. 'വിശ്വാസികൾ' അവിടെയും കുർബാന സ്വീകരിക്കുന്നതായി കാണാം. എന്നാൽ ദൈവപുത്രനായ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം, അവർ കൊണ്ടാടുന്ന കുർബാനയിലുണ്ടു് എന്ന വിശ്വാസം പൊതുവെ അവിടെ 'വിശ്വാസികൾ'ക്കില്ല. പ്രസ്തുത സാന്നിദ്ധ്യം ഒരു യാഥാർത്ഥ്യമാണു് എന്നു് ഈ നവീകരണ സഭാവിഭാഗക്കാർ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുമില്ല; പഠിപ്പിക്കുന്നുമില്ല. കുർബാനയിലെ അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ ഒരു പ്രതീകം (Symbol) മാത്രമാണെന്നത്രേ അവരുടെ സിദ്ധാന്തപക്ഷം. അപ്പവീഞ്ഞുകൾ കർത്താ

www.malankaralibrary.com

വീന്റെ തിരുശരീരരക്തങ്ങളാകണം; ആ ഉദ്ദേശ്യം കുർബാനാഘോഷത്തിലുണ്ട് എന്ന ചിന്തയും അവർക്കില്ല. മെൽക്കിസദേക്കിന്റെ ക്രമപ്രകാരമാണ് കുർബാന എന്ന വസ്തുതയേ അവശേഷിക്കുന്നുള്ളൂ! മെൽക്കീസദേക്കു് അപ്പവും വീഞ്ഞുംകൊണ്ടു സ്തോത്രയാഗം അർപ്പിച്ചപ്പോഴും ഇവ കർത്താവിന്റെ തിരുശരീരരക്തങ്ങളാകുന്നു എന്നു പറഞ്ഞില്ല. അങ്ങനെ ഒരു ഉദ്ദേശ്യം അദ്ദേഹത്തിനില്ലായിരുന്നു; അക്കാര്യത്തിൽ നിന്നു് അദ്ദേഹം ബഹുദൂരം അകലെയായിരുന്നു. അതു് കേവലം ഒരു വഴിപാടു് എന്നതിനപ്പുറം ഒന്നുമായിരുന്നില്ല. അദ്ദേഹം പഴയ നിയമകാലത്തെ ഒരു പുരോഹിതൻ എന്നതിലപ്പുറം ഒട്ടും വളർന്നിട്ടില്ല. ക്രിസ്തുവിന്റെ നിഴലായിരുന്നു, പ്രതിരൂപമായിരുന്നു എന്നു പറയാമെന്നല്ലാതെ അദ്ദേഹം സത്യത്തിൽ ക്രിസ്തുവിൽനിന്നും വളരെ അകന്നുനിൽക്കുന്നു. ഇതുപോലെയല്ല ക്രിസ്തുസാന്നിദ്ധ്യവിരുദ്ധരുടെയും അവസ്ഥ എന്നു പറയാൻ പററില്ല. ചുരുക്കത്തിൽ മുൻ പറഞ്ഞ വിഭാഗീയ ക്രൈസ്തവ സഭകളും വി. കുർബാനയെ സംബന്ധിച്ചിടത്തോളം പഴയ നിയമവ്യവസ്ഥിതിയിൽ തന്നെ നിലനിൽക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന അക്രൈസ്തവർ ധാരാളമുണ്ട്. എന്നാൽ അവർ വി. കുർബാനയിലെ ക്രിസ്തുസാന്നിദ്ധ്യത്തിൽ വിശ്വസിക്കുന്നില്ല; ഇത്തരക്കാരുടെ വിശ്വാസം സമഗ്രമല്ല. മാഗോമേദീസാ മുങ്ങാത്തതുകൊണ്ടു് അക്രൈസ്തവരുടെ ക്രിസ്തുവിശ്വാസത്തിനു് അത്മമില്ല എന്നു പറയാനുള്ള യുക്ത്യനുസൃതമായ അവകാശം വി. കുർബാനയിലെ ക്രിസ്തുസാന്നിദ്ധ്യവിരുദ്ധവർക്കു് എന്തായാലും ഇല്ല.

വി. കുർബാനയിലെ ക്രിസ്തു സാന്നിദ്ധ്യത്തിനു താങ്ങായി വിശ്വാസം മാത്രമേയുള്ള. യുക്തിക്കതിൽ

www.malankaralibrary.com

കാര്യമില്ല. എങ്കിലും വിപക്ഷീയരുടെ അഭിപ്രായം യുക്തിസഹമല്ല എന്നെങ്കിലും സ്ഥാപിക്കാൻ പറ്റും. ഇതിനു സഹായകമാണു പ്രതിഭാശാലിയും ചിന്തകനുമായ ജി. കെ. ചെസ്റ്റർട്ടന്റെ ആലോചനാജന്യമായ ഒരു പ്രസ്താവം. അതിങ്ങനെ: 'ദൈവത്തിനു മനുഷ്യനാകാൻ കഴിയും എന്നു സമ്മതിച്ചു കൊടുക്കുന്നവർക്കു', ആ ദൈവത്തിനു അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ സന്നിഹിതനാകാനും കഴിയും എന്നു വിശ്വസിക്കാൻ പ്രയാസം വരില്ല'. *

ഏറ്റവും ഗംഭീരമായ പ്രശ്നം ദൈവത്തിനു മനുഷ്യനാകാൻ കഴിയുമോ എന്നതാണു. കാരണം, ദൈവം അരൂപിയാണു; ആദിമുതൽ എന്നേക്കും തന്നെ. അശരീരിയായ ദൈവം ശരീരിയാവുക, ഒരു വഴിക്കുട്ടിനോക്കിയാൽ, അസാദ്ധ്യമാണു. ദൈവത്തിനു മനുഷ്യനാകുക എന്ന ബലഹീനത വരിക്കാൻ പറ്റാത്തതുതന്നെ എന്നു പറയാം. ദൈവത്തിനുപാപം ചെയ്യാൻ പറ്റാത്തതുപോലെ എന്നു താരതമ്യപ്പെടുത്താൻ പാടില്ലെങ്കിൽ തന്നെയും ദൈവത്തിന്റെ സ്വഭാവം (സ്വ+ഭാവം) അനുസരിച്ചു മനുഷ്യനാവുക എന്നതു് അസംഭാവ്യമായ സംഗതിയാണു. അസംഭാവ്യമായതു്, അചിന്ത്യമായതു് എന്നു വ്യവഹരിക്കപ്പെടേണ്ടതാണെങ്കിലും, ദൈവം മനുഷ്യവതാരം ചെയ്തു. ഇതിൽ പാപമില്ല എന്ന ഒരു കാര്യമേ യുക്തിസഹമായുള്ളു. മറ്റുള്ളതെല്ലാം വിശ്വാസത്തെ സംബന്ധിച്ചുള്ളതാണു. ഈ വിശ്വാസകാര്യം ഒരു ദിവ്യരഹസ്യമാണു. അതു് മനുഷ്യർക്കു വിശദീകരിച്ചുകൊടുക്കാൻ പറ്റില്ല; അവർക്കു പൂർണ്ണമായും മനസ്സിലാക്കാനും സാധിക്കയില്ല.

---

* G. K. Chesterton : The Thing

www.malankaralibrary.com

മനുഷ്യവതാരം ഒരു പ്രതീക സങ്കല്പമല്ലെങ്കിൽ, അതു് ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഒരു വിശ്വാസസത്യമാണെന്നു് അംഗീകരിക്കാമെങ്കിൽ, വി. കുർബാനയിലുള്ള ക്രിസ്തുസാന്നിദ്ധ്യവും വിശ്വാസവും ഒരു കീറാമുട്ടിയാകുന്നില്ല. എന്നുവച്ചാൽ, അതു് വിശ്വസിക്കുക താരതമ്യേന എളുപ്പമാണു്. പിന്നെ, അപ്പോസ്തോലിക പാരമ്പര്യം അഭംഗം വച്ചുപുലർത്തുന്ന കത്തോലിക്കാസഭയിൽനിന്നു വേർപെടുമ്പോഴും ആ വേർപാടിനു ചില മുരട്ടന്യായങ്ങളും വേണമല്ലൊ! കത്തോലിക്കാസഭ തെറ്റുപഠിപ്പിച്ചിരുന്നു എന്നു വരുത്തണമല്ലോ! അതിനാൽ ക്രിസ്തുസാന്നിദ്ധ്യക്കാര്യം ഒരു പ്രതീകമാണെന്നു് ഇക്കൂട്ടർ പറയുന്നു! എന്നിരിക്കെ, പ്രസക്തമായ ചോദ്യം ഇതാണു്: 1600 വത്സരം പരിശുദ്ധാത്മാവു് സഭയെ തെറ്റിൽ നടത്തിയിരുന്നോ? അതോ, നവീകരണക്കാരുടെ കാലം വരുന്നതുവരെ പരിശുദ്ധാത്മാവു് നിഷ്ക്രിയനും നിസ്സാന്നിദ്ധ്യമായിരുന്നോ? നവീകരണക്കാർ വന്നതിനുശേഷമാണോ, ക്രിസ്തുമതം ഉയിരെടുത്തതു്? പരിശുദ്ധാത്മാവു് സഭയുടെ ജീവനല്ലേ? പെന്തക്കോസ്തു മുതൽ ലൂഥറും മറ്റും രംഗത്തുവരുന്നതുവരെ നിലനിന്ന ക്രിസ്തുമതത്തിനു പിന്നെ എന്തു പേരിടണം?

നവീകരണപ്രസ്ഥാനത്തോടുകൂടി തുടങ്ങിയ ഈ 'പുതിയ ക്രിസ്തുമതം' ഇന്നു് എവിടെ നിൽക്കുന്നു എന്നകാര്യം ചിന്തനീയമാണു്. അവ നൂറ്റൊന്നായി പിരിഞ്ഞുപോയി; പാലു പിരിയുന്നതുപോലെ! പാലു പിരിഞ്ഞാൽ ദുഷിക്കും; അഥവാ, ദുഷിച്ചാൽ പിരിയും; മനുഷ്യനു് അതു് സ്വീകാര്യമല്ലാതാകും എന്ന സത്യം അവശേഷിക്കുന്നു! മാത്രമല്ല, പ്രതീകമെന്ന നിലയിൽ

www.malankaralibrary.com

പ്പോലും അംഗീകരിക്കാത്ത സഭാവിശ്വാസത്തെപ്പററി ആദ്യത്തെ നവീകരണവിരുതന്മാർ എന്തുപറയും ? വചന പ്രഘോഷണംകൊണ്ടുമാത്രം തൃപ്തിപ്പെടാമോ ? എന്നാൽ മഹാകഷ്ടം ഇതാണു്. ബൈബിളിലെ ഒരുപിടി വചനംകൊണ്ടുമാത്രമാണു് ഇക്കൂട്ടർ നടക്കുന്നതു്!

അധ:പതനം എത്ര ഭയങ്കരമായിരുന്നെന്നോർക്കുക! വി. കുർബാനയിൽ വിശ്വാസമില്ലാതിരുന്നവരിൽ ചിലർക്കു്, അവസാനം ക്രിസ്തുവിലും വിശ്വാസമി ല്ലാതെവന്നു; ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വാ മില്ലാതെവന്നു! പരിശുദ്ധാത്മത്വം എന്ന സത്യവും ചിലർ നിഷേധിച്ചു. യഹോവ മാത്രമേ ദൈവമായുള്ള എന്നു പ്രഘോഷിച്ചു. പതനം കുറേക്കൂടി താഴോട്ടായ പ്പോഴാ ദൈവമേ ഇല്ല എന്ന ചിന്താഗതിക്കാരായി ഒരുകൂട്ടർ. വേറൊരു കൂട്ടരാകട്ടെ നിഷേയെപ്പോലെ ദൈവം മരിച്ചുപോയി എന്നു വിളിച്ചുകൂവി! ഇതായിരുന്നു നവീകരണക്കാരുടെ സ്വാഭാവികമായ അധോഗതി.

എന്നാൽ നിത്യനായ ഗലീലയൻ ഇന്നും സജീവ മായി വാഴുന്നു; അതോ, താൻ പഠിപ്പിച്ച കാര്യങ്ങളാ സർവാത്മനാ വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽ; സംഘത്തിൽ! ക്രിസ്തു എന്ന 'വിഗ്രഹത്തെ', ബററ് റാണ്ടു് റസ്സൽ, ഹെയിൻ എന്നിവരെപ്പോലെയുള്ള ചിലർ തല്ലിയുടച്ചു എന്നു വീമ്പിളക്കി. എന്നാൽ അതിന്റെ സ്ഥാനത്തു വെറൊന്നു പ്രതിഷ്ഠിക്കാൻ ഇപ്പറഞ്ഞ നിരീ ശ്വരവാദികളാർക്കും കഴിഞ്ഞില്ല. അവരും അവരെ പിൻചെന്നവരും ഒരു ലക്ഷ്യസ്ഥാനവും കാണാതെ ജീവിതത്തിന്റെ അന്ധതാമിസ്രമായ അമാവാസിയിൽ തപ്പിത്തടഞ്ഞു നടന്നു കാലയവനികയ്ക്കുള്ളിൽ മറയേണ്ടി വന്നു! കാരണം, യുക്തിയുടെ യന്ത്രം വലിച്ചുകൊണ്ടു

www.malankaralibrary.com

പോകുന്ന ഒരു ശകടമല്ല മനുഷ്യജീവിതം. യുക്തിക്കു മനസ്സിലാകാത്ത ഒരു യുക്തി ഹൃദയത്തിനുണ്ട്. ഏന്നു മഹാനായ പാസ്കൽ പറയുന്നതു, ഈ സത്യം മനസ്സിൽ വച്ചുകൊണ്ടാണു്. 'മനുഷ്യൻ വിശ്വസിക്കുന്നതു് ഹൃദയം കൊണ്ടാണു്' (റോമാ. 10:10) എന്നു പൗലോസ് പറയുന്നതും ഇതിനടിസ്ഥാനത്തിലാണെന്നു. മുഴുവൻ അറിയുക, ഒട്ടും വിശ്വസിക്കാതിരിക്കുക എന്നതാണു യുക്തിവാദികളുടെ രീതി, നേരെമറിച്ചു് കുറച്ചറിയുക അധികം വിശ്വസിക്കുക എന്നതാണു വിശ്വാസികളുടെ രീതി. എല്ലാം അറിഞ്ഞാൽ, ജീവിതം ദുസ്സഹമാകും; തകർന്നുവീഴും. ഉദാഹരണമായി, പരഹൃദയജ്ഞാനം, ഭാവിജ്ഞാനം എന്നിവ വളരെ അപകടകരമാണു്. 45-ാമത്തെ വയസ്സിൽ വണ്ടിയിടിച്ചു മരിക്കുമെന്നോ, കാലുകൾ നഷ്ടപ്പെട്ടു് ഇരുന്നുനിരങ്ങുമെന്നോ, ഭ്രാന്തുപിടിച്ചു് ഓടിനടക്കുമെന്നോ 25-ാംമത്തെ വയസ്സിൽ അറിഞ്ഞാൽ ഒരുവൻ അതറിയുന്ന നിമിഷംമുതൽ ഭ്രാന്തനായിപ്പോകും; അല്ലെങ്കിൽ ആധി പിടിച്ചുമരിക്കും. ഇത്തരം അറിവു മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരഭിശാപമാണു്! കണ്ണുതുറക്കപ്പെട്ട ദൈവത്തെപ്പോലെയാകും; ത്രികാലജ്ഞാനസിദ്ധി കൈവരും എന്ന പിശാചു് ഹവ്വായ്ക്കുകൊടുത്ത വിവരം ഒരു മാരകശാപമാണു്. വാസ്തവത്തിൽ ഏതു യുക്തിവാദിയും ജീവിച്ചുപോരുന്നതു് ഏതെങ്കിലും ഒരുതരം വിശ്വാസത്താലാണു്. ഇതാണു് കലർപ്പില്ലാത്ത അന്ധവിശ്വാസം. രാവിലെ വീട്ടിൽനിന്നിറങ്ങുമ്പോൾ തനിക്കു വഴിക്കുവച്ചു് യാതൊരപകടവും സംഭവിക്കുകയില്ല എന്നു പറയുന്നതിൽ എന്താണുറപ്പു്; എന്താണു യുക്തി? വെറും വിശ്വാസം! കാരണം, എത്രയോപേർ വഴിയിൽവച്ചു് അപകടത്തിൽപ്പെടുന്നു! അങ്ങനെ, ഒരപകടം ഉണ്ടാകുമെന്നു നേരത്തെ 'അറിഞ്ഞിരു'ന്നെങ്കിൽ, അവർ വീട്ടിൽനിന്നു പുറത്തിറ

www.malankaralibrary.com

ങ്ങുകയില്ലായിരുന്നു. ഇതു ലൗകികവിശ്വാസം. അജ്ഞേയവും അവ്യാഖ്യേയവുമായ ജീവിതത്തെ കുറെയെങ്കിലും മനസ്സിലാക്കിത്തരുന്നതാണു സത്യവിശ്വാസം; മതവിശ്വാസം.

മുൻപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ ജീവിതത്തിന്റെ ഓരോ തട്ടിലും തലത്തിലും വിശ്വാസം പച്ചക്കൊടിപിടിച്ചു വഴികാട്ടിയായി നിൽക്കുന്നു; അറിവിനും യുക്തിക്കും മീതെ എന്നുകൂടി പറയണം. വിശ്വാസം എന്ന ഈ അറിവു് മതവിശ്വാസികൾക്കു ജീവിതസംബന്ധമായ സുസ്ഥിരതയും സ്വാസ്ഥ്യവും നൽകുന്നു. ജീവിതം അർത്ഥവത്താക്കുന്നു; പ്രതിക്ഷാനിർഭരവും സമാധാന മധുരവുമാക്കുന്നു. പ്രത്യാശിക്കുന്നവയെക്കുറിച്ചുള്ള ഉറപ്പും, കാണാത്തവയെക്കുറിച്ചുള്ള ബോദ്ധ്യവുമാണല്ലോ വിശ്വാസം'.* (എബ്രാ. 11:1)

---

* ''കാണുന്നതെല്ലാം ശരിയല്ല; കൺമുമ്പിൽ കാണാത്തതെല്ലാം കളവുമല്ല''. (ചങ്ങമ്പുഴ)

www.malankaralibrary.com

അനുബന്ധം

മുമ്പു പ്രസിദ്ധീകരിച്ച 'ത്രിത്വദർശനം കുർബാന യിലൂടെ' എന്ന ഗ്രന്ഥവും, ഈ ഗ്രന്ഥവും ഈ ലേഖിതാ വിനു വി. കുർബാനയിലുള്ള വിശ്വാസം പ്രഖ്യാപി ക്കുന്നവയാണു് എന്നു വിശേഷിച്ചു പറയേണ്ടല്ലൊ. പള്ളിയിൽ, സക്രാരിയിൽ അടച്ചുപൂട്ടിസൂക്ഷിക്കുന്ന വി. കുർബാനയുടെ മുമ്പിൽച്ചെന്നു കർത്താവിനെ ഞാൻ ആരാ ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടു്. ചുരുക്ക ത്തിൽ വി. കുർബാനയിൽ എനിക്കുള്ള വിശ്വാസം അനന്യവും അചഞ്ചലവുമാണെന്നു് എടുത്തു പറഞ്ഞു കൊള്ളട്ടെ. എങ്കിലും സക്രാരിയിൽ ആരാധനസ്ഥായി സൂക്ഷിക്കുന്ന കുർബാനയെപ്പറ്റി ഒരു പുനർ വിചിന്തനം ആവശ്യമായിരിക്കുന്നു എന്നു തോന്നുന്നു. ഈ ആരാധനാ സമ്പ്രദായത്തിന്റെ പ്രസക്തിയെപ്പറ്റിയുള്ളതാണു് ഈ അനുബന്ധം.

സക്രാരിയിലെ വി. കുർബാന മുമ്പാകെ ചൊല്ലാറുള്ള ഒരു പ്രാർത്ഥനയുണ്ടു്; കർത്താവിനെ ഈ സക്രാരിയിൽ പൂട്ടിയിട്ടിരിക്കയാണല്ലൊ; കർത്താവു് ഏകാന്തതയിൽ (!) കഴിയുകയാണല്ലൊ; എന്നിങ്ങനെ..... അപ്പോഴാ സ്വാഭാവികമായി എന്നിൽ ഒരു ചോദ്യം ഉണ്ടാകാറുണ്ടു്: ആരു പൂട്ടിയിട്ടു; എന്തിനു പൂട്ടിയിട്ടു; പൂട്ടു തുറന്നു് കർത്താ വിനെ അങ്ങു് ഇറക്കിവിടരുതോ — കഷ്ടപ്പെടുത്താതെ എന്നമട്ടിൽ. പൂട്ടിയിരിക്കുന്നതു നമ്മളാണു്. പൂട്ടിയി ട്ടിട്ടു്, 'നീ കാരാഗൃഹത്തിലാണല്ലൊ' എന്നു പരിതപി ക്കുകയും സഹതപിക്കുകയും ചെയ്യുന്നതു് ഒരു കപടനാട്യ

www.malankaralibrary.com

മല്ലേ എന്നാണ് എന്നിലുണ്ടാകുന്ന സംശയം. അങ്ങനെ പൂട്ടിയിടണം; അത് മനുഷ്യന്റെ ആവശ്യമാണ് എന്നായിരിക്കും ഇതിനു സമാധാനം. മനുഷ്യന്റെ എന്താവശ്യം? ആരാധനയ്ക്ക് എന്നായിരിക്കും ഉത്തരം. ഈ ആരാധനാസമ്പ്രദായം ശരിയാണോ, ആവശ്യമുണ്ടോ എന്നു ഉപരിവിചിന്തനം ആവശ്യമായിരിക്കുന്നു.

ഈ വിചിന്തനത്തിനു് ആധാരമായിരിക്കുന്ന ഒന്നാമത്തെ കാര്യം ഇതാണു്: വി. കുർബാന എന്ന സ്തോത്രയാഗത്തിൽത്തന്നെ, ആരാധന ഒരു പ്രധാന ഘടകമാണു് എന്നതത്രേ, വി. കുർബാനാർപ്പണത്തിൽ ദൈവാരാധന പൂർണ്ണമാണു്. അതിനപ്പുറം, ആരാധനയ്ക്കായി വി. കുർബാന സക്രാരിയിൽ സൂക്ഷിച്ചുവയ്ക്കേണ്ട കാര്യമില്ല. (രോഗികൾക്കുവേണ്ടി എന്നു പറഞ്ഞേക്കാം. അതു വേറൊരു കാര്യം). വി. കുർബാനവഴി അല്ലാതെതന്നെയും ദൈവത്തെ ആരാധിക്കാം. പഴയ നിയമകാലത്തു് അങ്ങനെയാണു നടന്നുവന്നിരുന്നതു്. ഇപ്പോഴും വി. കുർബാന ഇല്ലാത്ത അവസരത്തിലും ദൈവത്തെ ആരാധിക്കാം. അഥവാ, വി. കുർബാന വഴിയായി മാത്രമേ ദൈവത്തെ ആരാധിക്കാൻ പറ്റൂ എങ്കിൽ, വീണ്ടും ഒരു വി. കുർബാന അർപ്പിച്ചു് അങ്ങനെയാകാം; അർപ്പിക്കുന്നിടത്തു ചെന്നു് അങ്ങനെയാകാം,

വി. കുർബാനാർപ്പണത്തിനും, അതു വഴിയുള്ള ദൈവാരാധനയ്ക്കും പുറമേ, വി. കുർബാന ഇങ്ങനെ സക്രാരിയിൽ അടച്ചു പൂട്ടിവച്ചു് ആരാധിക്കുന്ന സമ്പ്രദായം തിയോളജിക്കലായും ലിറർജിക്കലായും ശരിയാണെന്നു തോന്നുന്നില്ല. അതിനു കാരണങ്ങൾ പലതാണു്.

1. വി. കുർബാന യേശുക്രിസ്തു സ്ഥാപിച്ചതു് മനുഷ്യന്റെ ആത്മീയ ഭക്ഷണത്തിനാണു്. അതു മനുഷ്യാ

www.malankaralibrary.com

ത്മാവിന്റെ ഭക്ഷണമാണു്; ആത്മാവിനു നിത്യജീവൻ കൊടുക്കുന്ന ദിവ്യഭോജ്യം. ഈ സത്യം കർത്താവിന്റെ വാക്കുകളിൽനിന്നു വ്യക്തമാണു്. ഭക്ഷണത്തിന്നെന്നല്ലാതെ വി. കുർബാനവച്ചു് ആരാധിക്കാൻ വേണ്ടിയാണു എന്നു ക്രിസ്തു ഒരിക്കലും, ഒരിടത്തും പറഞ്ഞിട്ടില്ല. ക്രിസ്തു വി കുർബാനയിൽ എഴുന്നെള്ളിവരുമ്പോഴം, ആ സന്ദർഭത്തിൽ നമുക്കു് അവിടത്തെ ആരാധിക്കാം. മനുഷ്യാത്മാവു് എന്ന സക്രാരിയിൽ (ഭക്ഷണമായി) എഴുന്നെള്ളി വരുമ്പോഴും നമുക്കു് അവിടത്തെ ആരാധിക്കാം. വി. കുർബാനയിലെ ആരാധനാകാര്യം അതോടെ തീർന്നു. രോഗികളെക്കൂടെവേണ്ടി കരുതിവയ്ക്കുന്നു എന്നു വച്ചാൽത്തന്നെയും, അവർക്കു് ആരാധിക്കാൻ വേണ്ടിയല്ല, പ്രധാനമായും ആത്മഭക്ഷണമായിട്ടാണു്; അവരുടെ സ്വർഗ്ഗയാത്രയിലെ പാഥേയമായിട്ടാണു്. പാഥേയമായി വരുമ്പോഴും കർത്താവിനെ ഉള്ളിൽവച്ചു്, രോഗിക്കു്, മരണാസന്നനു് ആരാധിക്കാം. അതിനപ്പുറം കാര്യമില്ല.

2. ക്രിസ്തുവിന്റെ ലോകജീവിതാന്ത്യത്തിലാണു് വി. കുർബാന സ്ഥാപിച്ചതു്. 'ഇതു വാങ്ങി ഭക്ഷിക്കുവിൻ' എന്നല്ലാതെ, ഇതു വാങ്ങി എവിടെയെങ്കിലും കൊണ്ടുവെച്ചു് ആരാധിക്കുവിൻ എന്നു ക്രിസ്തു പറഞ്ഞില്ല കാരണം, കുർബാനസ്ഥാപനത്തിന്റെ ഉദ്ദേശ്യം മനുഷ്യാത്മഭക്ഷണം എന്നല്ലാതെ മറെറാന്നുമല്ല എന്നതത്രേ.

പരസ്യ ജീവിതാരംഭത്തിൽത്തന്നെ, യോഹന്നാന്റെ സുവിശേഷത്തിൽ കാണിച്ചിരിക്കുന്നതുപോലെ (6-ാം അദ്ധ്യായം) ആത്മഭക്ഷണത്തിലുപരി ആരാധനാകാര്യം ക്രിസ്തു പറയുന്നില്ല. അല്ലായിരുന്നെങ്കിൽ അവസാന

www.malankaralibrary.com

ഘട്ടംവരെ കാത്തിരിക്കാതെ, ആദ്യംതന്നെ ക്രിസ്തു വി. കുർബാന സ്ഥാപിച്ചേനെ; ശിഷ്യന്മാരെക്കൊണ്ടു് ആരാധിപ്പിച്ചേനെ. ആദ്യം അവർക്കു വചനഭക്ഷണം ക്രിസ്തു നൽകി. അവസാനം അവിടുന്നു തന്റെ ശരീരം എന്ന ജീവഭോജ്യം അപ്പത്തിന്റെ രൂപത്തിൽ അവർക്കു നൽകി. ഇതാണു് നടപടിക്രമം.

3. അപ്പത്തിന്റെ രൂപത്തിലാണല്ലൊ ക്രിസ്തു സ്വയം മനുഷ്യാത്മഭക്ഷണമായിത്തീരുന്നതു്. അപ്പത്തെപ്പറ്റിയുള്ള ഏതൊരു സങ്കല്പവും ഭക്ഷണപരമായേ നിൽക്കുന്നുള്ളു. അപ്പത്തിന്റെ ഭവനം എന്ന അർത്ഥമുള്ള ബേതലഹേമിൽ പിറന്ന ക്രിസ്തു, അതിനപ്പുറം ഒന്നു ഉദ്ദേശിച്ചതായി കാണുന്നില്ല. വി. കുർബാനയുടെ പ്രാക്പ്രതീകമായ പഴയ നിയമകാലമന്നയും അപ്പം തന്നെ; മനുഷ്യ ഭക്ഷണംതന്നെ.

4. കാൽവരിയോടുകൂടി ക്രിസ്തുവിന്റെ പീഡാനുഭവം തീർന്നു. വി. കുർബാനാർപ്പണത്തിൽ അതു് ആവർത്തിക്കുന്നുവെങ്കിൽ അവിടുത്തെ ശരീരമായ സഭയിലെ അംഗങ്ങളായ വിശ്വാസികളോടുകൂടിച്ചേർന്നാണു്; ശരീരത്തിലെ ഏതൊരംഗത്തിനും പീഡയുണ്ടാകുമ്പോഴും ശിരസ്സിനും വേദനിക്കും എന്ന അർത്ഥത്തിൽ. സഭാശരീരത്തിന്റെ ശിരസ്സു് ക്രിസ്തുവാണല്ലൊ. അപ്പോഴും വിശ്വാസികളുടെ പീഡാനുഭവത്തിനാണു് ഇവിടെക്കൂടുതൽ പ്രസക്തി ക്രിസ്തുവിനോടുകൂടി പീഡയനുഭവിച്ചവർക്കേ ഉയർപ്പുള്ളു എന്നു പൗലോസു് പറയുന്നുണ്ടല്ലൊ. ഈ അർത്ഥത്തിലാണു ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ കുറവുള്ളതു താൻ പൂർത്തിയാക്കുന്നു എന്നു അദ്ദേഹം പറയുന്നതു്. എന്നിരിക്കെ രണ്ടുപേരുടെ ധാർമ്മികമായ ക്രൈസ്തവജീവിതംവഴി ക്രിസ്തുവിനോടുകൂടിച്ചേർന്നു

www.malankaralibrary.com

പീഡയനുഭവിക്കുന്നതിനും അത്തരത്തിലുള്ള ഒരു ജീവിതം പിതാവായ ദൈവത്തിനു കാഴ്ചയർപ്പിക്കുന്നതിനും വേണ്ട സൗകര്യം കുർബാനാർപ്പണം മുഖേന ക്രിസ്തു വിശ്വാസികൾക്കു നൽകുകയാണു്. കുർബാനാനുഭവത്തോടുകൂടി ക്രിസ്തുവുമായുള്ള താദാത്മ്യം അതിന്റെ പൂർണ്ണിമയിലെത്തുന്നു. അതിനുശേഷം കുറെ കുർബാന (അപ്പം) സൂക്ഷിച്ചുവെച്ചു് ആരാധിക്കുന്നതിനു പ്രസക്തിയില്ല. ഒന്നുകൂടി പറയുന്നു: അങ്ങനെ ആരാധിക്കുന്നതിൽ തെറ്റുണ്ടെന്നല്ല, പ്രസക്തിയില്ല.

5. ദൈവം മനുഷ്യനായിത്തീരുക എന്നതുതന്നെ ഒരു വലിയ പീഡാനുഭവമാണു്. അതിനുപുറമേ, അവിടുന്നു കാൽവരിയിൽ ശരീരപ്രകാരം പീഡ അനുഭവിക്കുകയും ചെയ്തു. ഈ രണ്ടു ഘട്ടത്തിലും, തനിക്കു വിശക്കുന്നു; തനിക്കു വേദനിക്കുന്നു; തന്നെ ദൈവം കൈവിട്ടിരിക്കുന്നു; തന്റെ കാസാ കൈപ്പുള്ളതാണു്, തനിക്കു ദാഹിക്കുന്നു എന്നൊക്കെ നൊമ്പരത്തോടെ ആവലാതിപ്പെടാനും നിലവിളിക്കാനും അദ്ദേഹത്തിനു കഴിയുമായിരുന്നു. അങ്ങനെ ഇത്തരം നൊമ്പരത്തിലും ഞെരുക്കത്തിലും ആവലാതിയിലുംകൂടെ അവിടുത്തേക്കു സ്വല്പം ആശ്വാസം കണ്ടെത്താമായിരുന്നു. എന്നുവച്ചാൽ, ഈ സന്ദർഭങ്ങളിൽ അദ്ദേഹം കേവലം ഒരു മൂകജീവിയല്ലായിരുന്നു. എന്നാൽ ആരാധനയ്ക്കുവേണ്ടി സക്രാരിയിൽ തടവിലാക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിനു് ഒന്നു ഞരങ്ങാൻപോലും സാദ്ധ്യമല്ലാതായിരിക്കുന്നു! അവിടുത്തെ പീഡിപ്പിക്കുവാൻ മുമ്പത്തേക്കാൾ കൂടുതൽ സൗകര്യം മനുഷ്യനുകിട്ടുന്നു! ഇങ്ങനെ ക്രിസ്തുവിനെ സക്രാരിയിലാക്കിവച്ചിരിക്കുന്ന പള്ളികളെ പലരും തിരിഞ്ഞുനോക്കാറില്ല എന്നതാണു് ഏറ്റവും വലിയ

www.malankaralibrary.com

പീഡ! ചിലേടത്തു് സക്രാരിയിലിരിക്കുന്ന കുർബ്ബാന (അപ്പം) ജീർണ്ണിച്ചുപോകാനും ഇടയാകുന്നു!

പണ്ഡിതനും ഭക്തനുമായ ഒരു ഹിന്ദു എന്നോടു് പറഞ്ഞ ഒരു കാര്യം ഇവിടെ ചിന്തനീയമായിരിക്കുന്നു: 'നിങ്ങളുടെ ദൈവമാണു കുർബാനയിലിരിക്കുന്നതെങ്കിൽ നിങ്ങളുടെ പെരുമാറ്റം ഇങ്ങനെയൊന്നും പോരാ. അപ്പത്രുപത്തിലാണെങ്കിലും നിങ്ങളുടെ ദൈവത്തിന്റെ തിരുസന്നിധിയിൽനിന്നു് ഒരു നിമിഷംപോലും മാറിനിൽക്കാൻ പാടില്ല.'

ബോധപൂർവ്വമാണു് ഇവിടെപ്പറഞ്ഞ പീഡകളും അവഹേളനങ്ങളും മനുഷ്യർ ദൈവമായ ക്രിസ്തുവിനു നൽകുന്നതു്. സക്രാരിയിൽ വച്ചു പൂട്ടിയിടുക എന്നു ആവശ്യപ്പെട്ടിട്ടില്ലെങ്കിലും, ഒന്നും പറയാനോ ചെയ്യാനോ നിവൃത്തിയില്ലാത്ത ക്രിസ്തുവിനെ പീഡിപ്പിക്കാൻ മനുഷ്യനു സൗകര്യം കിട്ടിയിരിക്കുന്നു എന്നുപറയുകതിക്തമെങ്കിലും സത്യം മാത്രമാണു്. അവിടത്തെ പീഡാനുഭവത്തെ ഓർത്തു കരയാനാണെന്നു പറഞ്ഞേക്കാം. ഓർത്തോ, കരഞ്ഞോ! എന്നാലും അതിനിങ്ങനെ വേണോ? പീഡിപ്പിക്കുന്നവർ കരയുന്നെന്നോ? എന്നാൽ കരയുന്നതു് എന്തിനായിരിക്കണം? ക്രിസ്തുപറയുന്നതു്, തന്നെഓർത്തല്ല, അവനവനെ ഓർത്താണു കരയേണ്ടതു് എന്നാണു്. മനുഷ്യൻ തന്റെ പാപങ്ങളെ ഓർത്തു പശ്ചാത്തപിക്കുന്നതിനു ക്രിസ്തുവിനെ സക്രാരിയിൽ പൂട്ടിയിട്ടുകൊണ്ടുവേണോ?

'ഒരുമണിക്കൂർ തന്നോടുകൂടി ഉണർന്നിരുന്നു പ്രാർത്ഥിച്ചുകൂടേ'. എന്നു ഗതസമേൻ തോട്ടത്തിൽവച്ചു ക്രിസ്തു ശിഷ്യരോടു ചോദിക്കുന്നു, അതിനാൽ തിരുമണിക്കൂർ

www.malankaralibrary.com

ആരാധനയുടെ സാംഗത്യം എന്നുണ്ടൊരു ഭാഷ്യം. അങ്ങനെ പ്രാർത്ഥിച്ചാൽത്തന്നെയും ശിഷ്യന്മാരുടെ തൊട്ടുമുമ്പിലായിരുന്നില്ല ക്രിസ്തു. തനിയെ വേറിട്ടൊരിടത്തായിരുന്ന അവിടുന്ന്. ശിഷ്യന്മാരെ ഒരിടത്താക്കിയിട്ട അവിടുന്ന ഒറയ്ക്കിരുന്ന രക്തവിയർപ്പിലൂടെ പീഡയനുഭവിക്കുകയായിരുന്ന: ശിഷ്യന്മാർ പ്രത്യക്ഷമായി കാണാത്ത ഒരിടത്ത്. ഇവിടെ ഒരുമണിക്കൂറോ, നാല്പതു മണിക്കൂറോ, സക്രാരിയിലാക്കിവയ്ക്കാതെതന്നെ, ക്രിസ്തുവിനെ, മനുഷ്യർക്ക മാറിയിരുന്ന ആരാധിക്കാം. എന്നതന്നെയല്ല, ദിവസത്തിലെ എല്ലാ മണിക്കൂറിലും കത്തോലിക്കാസഭയിൽ ക്രിസ്തു കുർബാനയെന്ന യാഗാർപ്പണത്തിലൂടെ, ലോകത്തു സന്നിഹിതനാകുന്നുണ്ട്, ലോകാവസാനംവരെ എന്നു കരുതാം. അതിലൂടെ, സ്വല്പം മാറിയിരുന്നാണെങ്കിലും ക്രിസ്തുവിനെ ആരാധിക്കാം; ഒരു മണിക്കൂറല്ല; ഇരുപത്തിനാലു മണിക്കൂറും!

6. മറെറാരു പോരായ്മകൂടിയുണ്ട്. സക്രാരിയിലിരിക്കുന്ന ക്രിസ്തുവിനെ അവിടുത്തെ ഈ ലോകജീവിതകാലത്തെന്നപോലെ, നമ്മൾ കാണുകയോ കേൾക്കുകയോ, കേൾപ്പിക്കുകയോ ചെയ്യുന്നില്ല. വചനം കേൾക്കാനുള്ള സൗകര്യമില്ലെന്നുള്ളതു പ്രധാന കാര്യം നമ്മൾ ആരാധിക്കുന്നുണ്ട് എന്നുപറയും. എന്നാൽ, ഏതുതരം ആരാധനയും അർത്ഥവത്താകണമെങ്കിൽ ക്രിസ്തുവിന്റെ വചനപ്രകാരം നമ്മൾ ജീവിക്കണം. 'കർത്താവേ കർത്താവേ' എന്നുവിളിച്ചാരാധിച്ചതുകൊണ്ടുമാത്രം ആരും സ്വർഗ്ഗത്തിൽ പോകയില്ല. 'ക്രിസ്തുവേ, നിനക്കെന്തു വേണം; ഒരുമണിക്കൂർ ആരാധനയോ നാല്പതുമണിക്കൂർ ആരാധനയോ? അതിനുവേണ്ട സംവിധാനമെല്ലാം ഉണ്ടാക്കാം. ഞങ്ങളും വന്ന് ആരാധന നടത്താം. നിന്റെ

www.malankaralibrary.com

വചനം പ്രസംഗിച്ച ഞങ്ങൾക്ക മനസ്സാക്ഷിയുടെ കുത്തും കടിയും ഉണ്ടാക്കാതിരുന്നാൽ മതി. നീ അവിടെ യെങ്ങാനും ആരാധന സ്വീകരിച്ചുകൊണ്ട് ഇരുന്നോള്ള. ഞങ്ങൾ ഞങ്ങളുടെ ഇഷ്ടമനുസരിച്ച ജീവിച്ചുകൊള്ളാം.' ഇങ്ങനെ കപടഭക്തിയുടെയും നിരർത്ഥകമായ മതാത്മക ജീവിതത്തിന്റെയും ആയ ഒരു ദുഷിച്ച സംസ്ക്കാരം തന്നെ ക്രിസ്തുവിനെ സക്രാരിയിൽ പൂട്ടിയിട്ടുകൊണ്ട നടത്തുന്ന ഭക്തിപ്രകടനത്തിൽ ഉരുത്തിരിഞ്ഞു വരുന്നില്ലേ എന്നു സംശയിക്കണം.

7. സക്രാരിയൽ ക്രിസ്തുവിനെ അടച്ചു പൂട്ടിയിട്ട കൊണ്ടുള്ള ഈ ആരാധനാ സമ്പ്രദായം ലത്തീൻ റീത്തിൽ പ്പോലും ആദ്യകാലത്തുണ്ടായിരുന്നില്ല. വി. കർബാ നയിലെ ക്രിസ്തുസാന്നിദ്ധ്യം ബറംഗാരിയൂസ് എന്നോ മറേറാ പറയുന്ന ഒരാൾ നിഷേധിച്ചതിന്റെ പ്രതികരണ മായി ഇടക്കാലത്തുണ്ടായ ഒരേർപ്പാടാണിത്. കിഴക്കൻ റീത്തിൽപ്പെട്ട അകത്തോലിക്ക അപ്പോസ്തോലിക സഭാ വിഭാഗങ്ങളിൽ ഈ ഏർപ്പാട് അന്നും ഇല്ല; ഇന്നും ഇല്ല. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട പൗരസ്ത്യ റീത്തുകാർ ലത്തീൻകാരെ അനുകരിച്ച് ഈ ഏർപ്പാട് തുടങ്ങിയിട്ടുണ്ട്. ഇതു പൗരസ്ത്യ പാരമ്പര്യവും അഭിരു ചിയുമനുസരിച്ചുള്ള ഒരു ആരാധനാസമ്പ്രദായമല്ല. എത്ര നല്ലതാണെന്നുപറഞ്ഞാലും അകത്തോലിക്ക അപ്പോ സ്തോലിക സഭകൾ, ഈ മതാഭ്യാസം സ്വീകരിക്കാനും പോകുന്നില്ല. അതിന്റെ അനുപേക്ഷണീയതയും പ്രസ ക്തിയും അവർക്ക മനസ്സിലാകുമെന്നും തോന്നുന്നില്ല. അതു് അവർ അവിശ്വസികളോ അനഭിജ്ഞരോ ആയതു കൊണ്ടാണെന്നു നമ്മാം കരുതുന്നതിൽ അർത്ഥമില്ലതാനും.

www.malankaralibrary.com

സെമിറ്റിക് വർഗ്ഗക്കാരായ പൗരസ്ത്യർക്ക് എന്തെങ്കിലും ഒരു രൂപമോ, വിഗ്രഹമോ ദൈവത്തിന്റെ പേരിൽവച്ചുകൊണ്ടു ആരാധിക്കുക അരോചകമാണ്. ഉത്ഭവ കാരണം എന്തുതന്നെ ആയിരുന്നാലും, മഹമദു മതത്തിന്റെ പ്രചാരണത്തിന് ഇപ്പറഞ്ഞ മനോഭാവവും ഒരു കാരണമായിരുന്നില്ലേ. എന്നു സംശയിക്കണം. വി. കുർബാനയും അപ്പം എന്ന ഒരു രൂപമാണ്; 'ഒരു വിഗ്രഹ'മാണ്. അതു് ആത്മഭക്ഷണം എന്ന രീതിയിൽ ആരാധനാപൂർവ്വകമായി സെമിറ്റിക് വർഗ്ഗക്കാരും ആ സംസ്ക്കാരവുമായി ബന്ധപ്പെട്ട പൗരസ്ത്യക്രിസ്ത്യാനികളും സ്വീകരിക്കും. അതിനപ്പുറം കൺമുമ്പിൽവച്ച് ആരാധിക്കാൻ സൂക്ഷിച്ചുവയ്ക്കുന്നതു് അവർക്ക് സ്വീകാര്യമായിരിക്കുന്നില്ല. ചുരുക്കത്തിൽ സക്രാരിയിൽവച്ചുപൂട്ടി ക്രിസ്തുവിനെ ആരാധിക്കുന്നരീതി പൗരസ്ത്യമല്ല എന്നുപറഞ്ഞു് ഈ വിചിന്തനം അവസാനിപ്പിക്കട്ടെ; വി. കുർബാനയെപ്പറ്റിയുള്ള ഒരു ഗാനത്തോടുകൂടി:

മെൽക്കീസദേക്കിൻ ക്രമപ്രകാരം
സ്വർഗ്ഗേശ പുത്രന്റെ ദിവ്യയാഗം.
അന്ത്യാര മുമ്പിൽ ആചാര്യവര്യൻ
(or ആചാര്യനല്ലോ)
ആത്മാപ്പണഭാവമോടെ നിൽപ്പൂ.

1. ജീവവൃക്ഷത്തിൽ പൊൻകനിപോലെ
ജീവജലത്തിന്നുറവപോലെ
അപ്പവും വീഞ്ഞും മാറിവരുന്നു:
അത്ഭുതം, മഹാത്ഭുതം
യേശുവിൻ തനുവായ്, നിണമായ്!
(മെൽക്കീ)

www.malankaralibrary.com

2. എന്റെ ശരീരം സാക്ഷാൽഭോജ്യം;
എന്റെ രുധിരം ജീവപാനീയം:
എന്നരുഢംചെയ്തോരേശുവെ നമ്മുഢം
ഉഢംക്കൊഢംകവേണം, ഉഢംക്കൊഢംകവേണം;
ഇങ്ങനെയുഢംക്കൊണ്ടു ജീവിക്കണം.

(മെൽക്കീ)

---

www.malankaralibrary.com



MALANKARA
LIBRARY

www.malankaralibrary.com

വി. കുർബാനയെപ്പററി

'പണ്ഡിതനും കവിയും വാഗ്മേയകാരനും വാഗ്മിയുമായ' പ്രൊഫ: ഒ. അയ്യനേത്തിന്റെ പതിനാറാമത്തെ കൃതിയാണ് "വി. കുർബാനയെപ്പററി". വി. കുർബാനയെ സംബന്ധിച്ച ബൈബിളം അടിസ്ഥാനമാക്കി വിരചിതമായ ഒരു ഗ്രന്ഥമാണിതു്, വി. കുർബാനാബലി (യാഗം) ആകുന്നു എന്നും അതിലുള്ള ക്രിസ്തുസാന്നിദ്ധ്യം ഒരു യാഥാർത്ഥ്യമാണ്—പ്രതീകമല്ല—എന്നും ഗവേഷണ രീത്യാ ഗ്രന്ഥകർത്താവു് സ്ഥാപിക്കുന്നു. ആത്മ ഭക്ഷണമെന്ന നിലയിൽ, "സ്വർഗ്ഗീയ ശരീരങ്ങം" കൂടവേണ്ട സ്വർഗ്ഗീയ ഭക്ഷണമെന്ന നിലയിൽ വി. കുർബാനയ്ക്കുള്ള സ്ഥാനം അനുപേക്ഷണീയമെന്ന കാര്യവും ഇതിൽ സമർത്ഥിച്ചിരിക്കുന്നു. എല്ലാത്തരം ശ്വാസമുള്ളവർക്കും—വിശ്വാസികൾക്കും അവിശ്വാസികൾക്കും—ഈ ഗ്രന്ഥം വേണ്ടത്ര ജീവശക്തി പകർന്നുകൊടുക്കുന്നു.

www.malankaralibrary.com